മഹാകവി
പുനംനമ്പൂതിരി

T59
K90

പി. കൃഷ്ണൻനമ്പൂതിരി,
എം. ആർ. എ. എസ്സ്.

മഹാകവി
പുനംനമ്പൂതിരി

വിദ്വാൻ വി. കൃഷ്ണൻനമ്പൂതിരി
എം. ആർ. എ. എസ്.
തിരുവല്ലാ.

T59
K90

First Edition 1,000 Copies

Publishers
Sri Vilas Press & Book Depot,
Central Station Road,
Trivandrum.

DHARMARAM COLLEGE LIBRARY
23320
BANGALORE.

1120
1945

NATIONAL BOOK STALL
BPCS LTD.
KOTTAYAM.

[All right reserved]

വില Rs. 1-4-0

സമർപ്പണം

ബ്രഹ്മശ്രീ കെ. എൻ. കേശവൻ
നമ്പൂതിരിപ്പാട് എം. എ. ബി. എൽ.
അവർകളുടെ മഹനീയ സമക്ഷത്തിൽ
വിനീതസുഹൃത്തായ ഗ്രന്ഥകാരൻ
സമർപ്പിക്കുന്ന ഉപഹാരം.

തിരുവല്ലാ,
15—7—1121.

അവതാരിക

ഒരു കവിത വായിച്ചു രസിക്കുന്നതിന് അതിന്റെ കവിയുടെ ഊരും, പേരും, നാളും, നേരവും, ജാതിയും, മതവും അറിഞ്ഞിട്ടു വേണമെന്നില്ല. വായിച്ചു രസിച്ചുകഴിഞ്ഞാൽ ആ കവിയുടെ മറ്റാരോ അപദാനങ്ങളെപ്പറ്റി അറിയുന്നതു രസകരമായിരിക്കയില്ലെന്നുമില്ല. കവിയുടെ ലൗകിക നടപടികളും കവിതാവിഷയത്തിലുള്ള കല്പനാശക്തികളും തമ്മിൽ പലപ്പോഴും പൊരുത്തം പോരാതെ വന്നേക്കാവുന്നതുമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും പ്രാചീനന്മാരായ കവികളുടെ കാലദേശാവസ്ഥകളെപ്പറ്റിയുള്ള ഗവേഷണം അതതു സാഹിത്യസമുച്ചയത്തിന്റെ ചരിത്രഗതിയെപ്പറ്റിയും അക്കാലത്തെ സാമൂഹ്യികവും രാഷ്ട്രീയവുമായ സ്ഥിതിവിശേഷത്തെപ്പറ്റിയും ഏറക്കുറേ അറിയുന്നതിനും ആ വഴിക്കു അപ്പയ്യൂ പിന്നീടുണ്ടായ മാറ്റങ്ങളുടെ സന്ദർഭമറിവാൻ മാർഗ്ഗദർശകമാകുന്നതിനും ഉപയോഗപ്പെടുന്നതാണ്. കാലദേശാവസ്ഥകൾക്ക് അതീതമായി എന്നും മാറ്റമില്ലാത്ത മനുഷ്യസാമാന്യമനഃസ്ഥിതിയുടെ സൂക്ഷ്മങ്ങളായ ഗതിവിഗതികളെ മാത്രം പ്രധാനമായി അവലംബിച്ചിട്ടുള്ള ലോകോത്തരകവിതകൾ നിമ്മിച്ച സർവ്വകാലത്തിലും സർവ്വ സഹൃദയന്മാരേയും ഒരുപോലെ രസിപ്പിക്കാൻ ശക്തന്മാരായ ലോകമഹാകവികളെപ്പറ്റിയേടത്തോളം മേൽ പറഞ്ഞ സംഗതികൾ അത്ര സംഗതങ്ങളല്ലായിരിക്കാം. എന്നാലും അനന്തമായ

കാലപ്രവാഹത്തിൽ അങ്ങിനെയുള്ള മഹാകവികൾ വിരലുകൊണ്ടെണ്ണത്തക്കവിധം അത്ര പരിമിതന്മാരാണല്ലൊ. അതുകൊണ്ടു പല തരത്തിലും വിശിഷ്ടങ്ങളായ കവിതകൾ നിമ്മിച്ചു ഓരോ ഭാഷയിലും പ്രത്യേകം പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള പ്രാചീന കവികളെപ്പറ്റി നടത്തുന്ന ഗവേഷണം ഏത്രത്തോളം നിഷ്പ്രയാസമായി നടത്തുവാൻ സാധിക്കുന്നുവോ അത്രത്തോളം ഭാഷാസാഹിത്യത്തിന് ഉപകാരപ്രദമായ്ത്തീരുന്നതാണല്ലൊ.

പ്രസിദ്ധനായ പുനരൂന്നമൂതിരി, യെപ്പറ്റിയുള്ള ഗവേഷണഫലമായി വിദ്വാൻ, ശ്രീ. വി. കൃഷ്ണൻനമ്പൂതിരി എം. ആർ. ഏ. എസ്സ്. അവർകൾ നിമ്മിച്ച ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളുടെ ഒരു സംഗ്രഹമോ ക്രമമോ കാണിച്ചു മറുവിലക്ക് ഈ പുസ്തകം വായിക്കാതെ നിരൂപണങ്ങൾ എഴുതുവാനോ മടിയന്മാർക്ക് മതിൽക്കെട്ടു കടക്കാതെ പുറത്തു നിന്നുതന്നെ സംഗതികൾ ഏതാണ്ടു മനോരാജ്യമുണ്ടു മനസ്സിലാക്കിയെന്ന ഭ്രമം നടിച്ചു മിടുക്കു നടിച്ചു നടക്കുവാനോ തഞ്ചവും തരവും കൊടുക്കുവാൻ ഞാനൊരുങ്ങുന്നില്ല. പുനം നമ്പൂതിരിയെപ്പറ്റി ഇതിനുമുമ്പു ഗവേഷണം നടത്തീട്ടുള്ള മിക്ക പണ്ഡിതന്മാരുടേയും അഭിപ്രായങ്ങളും യുക്തികളും പ്രസ്തുത ഗ്രന്ഥകാരൻ ഇതിൽ സംഗ്രഹിച്ചു നിപുണമായി നിരൂപണം ചെയ്യുകയും സപ്രമാണം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നുമാത്രം ഗ്രന്ഥത്തിൽ പറഞ്ഞുകൊള്ളുന്നു. അതുകൊണ്ട് ഈ വക വിഷയങ്ങളിൽ ഇനിയും ചിലർക്ക് അഭിപ്രായഭേദങ്ങൾ ഉണ്ടാവാൻ വഴിയില്ലെന്നു ഞാൻ ഖണ്ഡിച്ചു പറയുന്നതുമില്ല. എന്തുകൊ

ണ്ടെന്നാൽ തെളിവുകൾ കഴിയുന്നിടത്തോളം ശേഖരിച്ചു അതിന്നനുസരിച്ചു പരസ്പരവിരോധം വരാത്തയുക്തികൾ വഴിക്കു ഫലം കണ്ടുപിടിച്ചു സിദ്ധാന്തം സ്ഥാപിക്കുക എന്ന മട്ടിലല്ലോ ഇക്കാലത്തെ ഗവേഷണരീതികളധികവും കണ്ടുവരുന്നതു്. മനോരാജ്യംകൊണ്ടു ഒരു സിദ്ധാന്തം നിർമ്മിച്ചു യുക്ത്യാഭാസങ്ങളെക്കൊണ്ടു തെളിവുകളെ ആ സിദ്ധാന്തത്തിന്നനുസരിപ്പിക്കാൻ ശ്രമിക്കുന്നതാണല്ലോ പല ഗവേഷകന്മാരുടേയും നവീനപ്രസ്ഥാനം. നോക്കുക—ചന്ദ്രോത്സവത്തിലെ 'മഭയതിപുനമിന്നം ഭ്രരിഭ്രമകുവാളം' എന്നതിലെ "ഉം" എന്ന സമുച്ചയവാചകം "ഇതിന്നെതയോമുമും" എന്ന സംഗതിയെയല്ലാ സമുച്ചയിച്ചിരിക്കുന്നതെന്നു തീർച്ച പറവാൻ ആർക്കു സാധിക്കും? അപ്പോൾ ചന്ദ്രോത്സവകാരനേക്കാൾ വളരെ പുരാതനനാണു പൂനമെന്നല്ലേ കിട്ടുന്നതു്? ഇങ്ങനെ തുടങ്ങിയാൽ മതി; ഏതെല്ലാം തെളിവുകളുണ്ടോ അതിന്നൊക്കെയും തന്റെ മനോരാജ്യസിദ്ധാന്തത്തിന്നു യോജിക്കുന്നവിധം "ശൃംഗത്രയ" ന്യായമനുസരിച്ചുള്ള യുക്തികൾ നിർമ്മിക്കാൻ പ്രയാസമില്ല. അതുകൊണ്ടു് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ വിഷയത്തെപ്പറ്റിയും ഒന്നിലും പെടാതെ മദ്ധ്യസ്ഥനിലയിൽ നിന്നുകൊണ്ടു ചരിശോധിക്കണമെന്നും അങ്ങനെയുള്ള പരിശോധനയുടെ ഫലമായിട്ടുവേണം പ്രസ്തുതഗ്രന്ഥത്തിന്റെ ഗുണദോഷവിവേചനം ചെയ്യുവാനെന്നുമാണു വായനക്കാരോടു ഞാനപേക്ഷിക്കുന്നതു്.

ശ്രീതിലകം,
തൃശ്ശിവപേരൂർ,
2-3-1120

ആറന്മുള കൃഷ്ണപ്പിഷാരടി,
Ex-Tutor to H. H. The Maharaja
of
Travancore.

മുഖവുര

കാവ്യാസ്വാദനത്തിനു കവിയെപ്പറ്റി വല്ല
തരമൊന്നും അറിയണമെന്നു നിർബ്ബന്ധമില്ലെന്നു അതി



Vidwan, V. Krishnan Namboodiri, M.R.A.S.

പ്രായപ്പെട്ടന്ന നിരൂപകന്മാരുണ്ട്. പോരെങ്കിൽ "നവം നവം പ്രീതിരഹോ കരോതി" എന്നും ഉണ്ടല്ലൊ? ആ സ്ഥിതിക്കും, സാഹിത്യക്ഷേത്രത്തിൽ പുരാതനകാലം മുതൽ ലബ്ധപ്രതിഷ്ഠനും, അനേകം നിരൂപണങ്ങൾക്കു വിധേയനും, ആയ പുനം നമ്പൂതിരിയെപ്പറ്റി ഇനി എന്താണ് പറയുവാനുള്ളത്? അപ്രകാരമുള്ള നിരൂപണോപന്യാസങ്ങളും, മലയാള സാഹിത്യചരിത്രങ്ങളിലെ വിവരണ ഭാഗങ്ങളും പോരേ പുനത്തിന്റെ ചരിത്രം മറിയുവാൻ? എന്നിങ്ങനെ പല പ്രശ്നങ്ങളും സാമാന്യലോകരീത്യാ ആവിർഭവിക്കാവുന്നതാണ്. ഉപന്യാസം, നിരൂപണം മുതലായ പ്രസ്ഥാനങ്ങളിലുള്ള ഗ്രന്ഥങ്ങളേക്കാൾ ഇന്നത്തെ സാഹിത്യപ്രണയികളിൽ പലരും കൂടുതൽ ഇഷ്ടപ്പെടുന്നത് വല്ല പുതിയ കവിതകളും നോവലുകളുമാണെന്ന് അഭിപ്രായപ്പെടുന്നവരും സാമ്പ്രദായലോകത്തിൽ ധാരാളമുണ്ട്. വിശിഷ്യ, ഇപ്പോൾ പുരോഗമനസാഹിത്യവാദം മുകുളിതമാകുന്ന അവസരവുമാണ്. ഗ്രന്ഥങ്ങളെഴുതുകയും അച്ചടിപ്പിക്കുകയും ചെയ്യുന്നതിനേക്കാൾ വിററഴിക്കുന്നതിനു; സാഹിത്യലോകത്തിൽ ചിരശ്രുതിദൃഢീകൃതന്മാരല്ലാത്തവർക്ക് ക്ലേശം വളരെ കൂടുതലുമാകുന്നു. പ്രശ്നങ്ങളും അഭിപ്രായങ്ങളും ഇങ്ങനെ പല വിധത്തിൽ വിഷമിപ്പിക്കുമ്പോൾ, കടലാസ്സിനു ദുർലഭിക്ഷവും നിയന്ത്രണവും മഷി മുതലായവയുടെ വിലക്കൂടുതലും കൂടിയുള്ളപ്പോൾ, ഗ്രന്ഥകാരൻ എന്തിനാണ് പ്രസിദ്ധീകരണസംരംഭത്തിലേർപ്പെട്ടത്? ഇതിനെല്ലാം സമാധാനം പറയുകയെന്നുള്ളതു ക്ഷണസാദ്ധ്യമല്ല. സാഹിത്യചരിത്രത്തിൽ അനിഷേധ്യമായ സ്ഥാനമഹി

മയുള്ളവരും പുരാതനരും ആയ മഹത്തുക്കളുടെ ചരിത്രം കഴിയുന്നത്ര പഠിക്കുകയും അപ്രകാരമുള്ള ചരിത്രങ്ങൾ അങ്ങിങ്ങായി പ്രകാശിതമായിട്ടുള്ളവയെ സമാഹരിച്ചു ചുരുക്കിയും ഒരു ചരടിലിണക്കിക്കോർക്കുകയും ഈ മാർഗ്ഗങ്ങളിൽക്കൂടി കൈരളീമാതാവിനെ ആരാധിക്കുകയും സഹൃദയലോകസമ്മതം സമ്പാദിക്കുകയും ചെയ്തതെന്നുള്ളത്രേ ഈ കരമായ ഒരു ജീവിതവൃത്തിയായി പരിഗണിക്കാവുന്നതാണെല്ലോ. വിശിഷ്യകാവ്യങ്ങൾ ആസ്വദിക്കുമ്പോൾ തൽക്കവിയെപ്പറ്റി അറിയുവാനുള്ള ഒരു അഭിരുചിയുണ്ടാവുക സാധാരണലോകസ്വഭാവവുമാണ്. കേരളസാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠരായ എല്ലാ മഹത്തുക്കളെപ്പറ്റിയും പ്രത്യേകഗ്രന്ഥങ്ങൾ ഉണ്ടായിരിക്കേണ്ടതാണെങ്കിലും അതിനുള്ള ശ്രമം പ്രായേണ അപ്രായോഗികമായിത്തീർന്നിട്ടുള്ളതുകൊണ്ടല്ലോ. തുഞ്ചത്തു ഈഴവാർ, കുഞ്ചൻനമ്പ്യാർ, വിദ്വാൻ കോയിത്തമ്പുരാൻ തുടങ്ങിയ ചുരുക്കം ചിലരെപ്പറ്റിയുള്ള പ്രത്യേകഗ്രന്ഥങ്ങൾ ഉണ്ടായിട്ടുമുണ്ട്. കണ്ണശ്ശന്മാരെപ്പറ്റി 'നിരണം കവികൾ,' എന്ന പേരിൽ ഒരു ഗ്രന്ഥം ഞാൻ രചിക്കയും പ്രസിദ്ധീകരിക്കയും ചെയ്തിട്ടുള്ളതുമാകുന്നു. എന്നാൽ മണിപ്രവാളക്ഷേത്രത്തിലെ സജീവപ്രതിഷ്ഠനായ പുനംനമ്പൂതിരിയെ പരാമർശിച്ച് ഒരു പ്രത്യേകഗ്രന്ഥം ഇതുവരെ ഉണ്ടായിട്ടില്ലല്ലോ. എന്നിരുന്നാലും തക്കവണ്ണം രേഖകൾ നിരവധനകൾക്കുള്ളതായിട്ടുള്ള പുരാതനചരിത്രവസ്തുതകളിൽ കൈവയ്ക്കുന്നതും തീരുമാനം ചെയ്യുന്നതും തുലോം പ്രയാസമായിട്ടുള്ള കാര്യമാകുന്നു. അപ്രകാരമുള്ള സന്ദർഭങ്ങൾ വിരളവുമല്ല. ഗ്രന്ഥങ്ങൾ പ്രചാരത്തിലിരിക്കു

കയും അവ പാരായണവിധേയമായിരിക്കുകയും ചെയ്യുന്ന അവസരങ്ങളിൽ കവിയുടെ ആത്മീയജ്യോതിസ്സ് അതോടൊത്ത് അപ്രത്യക്ഷമായി വിളങ്ങുമെന്നുള്ള തത്വമനുസരിച്ച്, ഭാഷാരാമായണാദിചമ്പുക്കൾ ആസ്വദിക്കുമ്പോൾ പുനംനമ്പൂതിരിയുടെ ആത്മീയജ്യോതിസ്സും സഹൃദയഹൃദയവേദിയിൽ പ്രകാശിക്കുമെങ്കിൽ;—

"മഹാജനങ്ങളംഗീകരിക്കുമെങ്കിലീ—
മമ ശ്രമം നിഷ്ഫലമല്ല കേവലം"

എന്നു വിനീതമായി പറയുവാനുള്ളൂ.

ഇന്നത്തെപ്പോലെ അച്ചടിഏർപ്പാടുകളോ കവികളേപ്പറ്റിയുള്ള വിവരങ്ങൾ എഴുതി സൂക്ഷിക്കുന്ന സമ്പ്രദായങ്ങളോ പുരാതനകാലങ്ങളിൽ നടപ്പില്ലായിരുന്നു. കവികർക്കാകട്ടെ തങ്ങളെ സംബന്ധിക്കുന്ന യാതൊരു വിവരങ്ങളും സ്വകൃതികളിൽ കാണുകയും അത്ര പതിവില്ല. ജീവചരിത്രങ്ങളെ പരാമർശിച്ച്, കേട്ടുകേട്ട് പഴകിയും, വക്താക്കളുടെ മനോധർമ്മമനുസരിച്ച് രൂപാന്തരം പ്രാപിച്ചുമാണ്, ഇതര ഗ്രന്ഥകർത്താക്കന്മാരുടെ മാത്രമാണ് പൗരസ്ത്യദേശങ്ങളിൽ പുരാതനകാലംമുതൽക്കേ പ്രചാരത്തിലുള്ളത്. ഈ സ്ഥിതിക്ക് സൂക്ഷ്മവിവരണം പലപ്പോഴും അശക്യമായിത്തീരുകയെന്നുള്ളൂ കേവലം സ്വാഭാവികം മാത്രമാണ്. ഓരോരുത്തരുടേയും ഓരോ വിധത്തിലുള്ള അറിവിൽപെട്ട കാര്യങ്ങളും ചിന്തലിന്റെ മറവും ആഹാരമായതിനുശേഷം അങ്ങിങ്ങായി കണ്ടുകിട്ടുന്ന ദുഃഖകളും യുക്തിപൂർവ്വമായ വിചിന്തനങ്ങളുമാണ് അവ്വാചീനക്കാർ ഏതാദ്ദേശവിഷയങ്ങളിൽ ശരണീകരണീയ

മായിട്ടുള്ളതു്. എന്നിരുന്നാലും ഈ ഗ്രന്ഥരചനയ്ക്കു കിട്ടാവുന്നിടത്തോളം സാമഗ്രികളെല്ലാം പരിശോധിച്ചിട്ടുണ്ടെന്നാണു് എന്റെ വിനീതമായ വിശ്വാസം. അവയിൽനിന്നും എടുത്തു ചേർക്കാവുന്ന വിവരങ്ങളിൽ ചിലതു വിസ്തരഭയത്താൽ സംഗ്രഹിക്കേണ്ടിവന്നിട്ടുണ്ടു്. ഈ സംഗ്രഹണംകൊണ്ടു് അസ്പഷ്ടത വരാതിരിക്കാൻ ആവും വിധം ശ്രദ്ധിച്ചിട്ടുമുണ്ടു്. ഏതു വിധേനയും പ്രസ്തുത ചരിത്രം സംബന്ധിച്ചു മുൻഗാമികൾ ചെയ്തിട്ടുള്ള ശ്രമങ്ങളും രചിച്ചിട്ടുള്ള രേഖകളും എനിക്കു സർവ്വപ്രകാരേണയും മാർഗ്ഗദർശകങ്ങളും ആലംബനങ്ങളും ആയിത്തീർന്നിട്ടുണ്ടെന്നുള്ള കൃതജ്ഞതാപൂർവ്വം പ്രസ്താവിക്കയും ഈ സന്ദർഭത്തിൽ ഗ്രന്ഥത്തിൽനിന്നും വെളിവാകുന്നതാണെന്നുള്ള സഹൃദയലോകത്തെ ധരിപ്പിക്കയും ചെയ്തുകൊള്ളട്ടെ.

എന്റെ അപേക്ഷപ്രകാരം ഈ ഗ്രന്ഥത്തിന്റെ കയ്യെഴുത്തുപ്രതി സദയം പരിശോധിക്കുകയും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചു തരികയും കാര്യസമ്പൂർണ്ണമായ ഒരു അവതാരിക എഴുതിത്തന്നു് എന്നെ ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കയും ചെയ്ത മഹാപണ്ഡിതനും അഭിവന്ദ്യനിരൂപകനും ആയ ശ്രീ, ആറൂർ കൃഷ്ണപ്പിഷാരടി അവർകളോടു് എനിക്കുള്ള നിഷ്കളങ്കമായ കൃതജ്ഞത സബഹുമാനം ഇവിടെ പ്രകടിപ്പിച്ചുകൊള്ളുന്നു.

ആധുനിക സാഹിത്യകാരന്മാരിൽ മാന്യമാന്യമായ ഒരു സ്ഥാനത്തിനർഹനും ഉത്തമസഹൃദയനും ആയ ഡിസ്ട്രിക്റ്റ് മുൻസീഫ് കുമാരമംഗലസ്സുമനയ്ക്കൽ

ബ്രഹ്മശ്രീ: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്ട് എം. എ. ബി. എൽ. അവർകൾക്ക് ഈ ഗ്രന്ഥം സമർപ്പിക്കുന്നതിനു് സദയം അനുമതി നൽകിയതിൽ എനിക്ക് അപരിമിതമായ ചാരിതാർത്ഥ്യമുണ്ട്.

ഈ ഗ്രന്ഥരചനയും പ്രസിദ്ധീകരണവും സംബന്ധിച്ച് എനിക്കാവശ്യമായ സഹായസഹകരണങ്ങളും ചെയ്തുതന്നിട്ടുള്ള എല്ലാ മഹത്തുക്കളോടും എനിക്കുള്ള അകൈതവമായ കൃതജ്ഞത പ്രദർശിപ്പിച്ചുകൊള്ളുന്നു.

തിരുവല്ലാ.
15-8-121.

V. Krishnan Nambooodiri,
Author.

അനുക്രമണിക

ഒന്നാംപ്രകരണം

1. ആമുഖം. 2. ജീവിതകാലവും പേരും. 3. അരക്കവി സ്ഥാനം. 4. നമ്പൂതിരിയോ നമ്പൂരിയോ ?

രണ്ടാംപ്രകരണം

1. മോഷാചമ്പുപ്രബന്ധങ്ങൾ. 2. പുനംകൃതികൾ. 3. പുന ത്തിന്റെ പ്രത്യേകത.

മൂന്നാംപ്രകരണം

1. സമാധിസേവനം. 2. ഉപസംഹാരം.

മഹാകവി
പുനംനമ്പൂതിരി

ഒന്നാംപ്രകരണം

I

ആമുഖം

"അഡിംകരേ മധുഗിരഃ കവയഃ
കവയന്തു വയന്തു നതാൻ വിനമ.
പുളകോദ്ഗമകാരിവചഃ പ്രസരം
പുനമേവ പുനഃ പുനരാസ്മമഹെ"

വിദ്വത്കലമൂർദ്ധന്യനും പാദേശീയനും ആയ ഉള്ളണ്ഡശാസ്ത്രികരം പുനത്തിനെ നൽകിയിട്ടുള്ള പ്രശംസാപത്രം ഇങ്ങനെയാണു്.

"പുനംചമയ്ക്കുന്ന ചിലോകമെല്ലാ—
മനത്തുചെല്ലിട്ടു ഹ കേരപനോട്ടുഞാൻ.
മനം തിരണ്ടിടെഴുമിക്ഷുഖണ്ഡാത്—
കിനിഞ്ഞ പുന്തേനൊഴുകുന്ന പോലെ."

ഇതു മറെറാരു കവിനൽകിയ സാക്ഷ്യപത്രം. മണിപ്രവാളഭാഷയും സാഹിത്യവും പ്രചാരത്തിൽ വന്നതുടങ്ങിയ പുരാതനകാലത്തു് കൈരളീസവനം നിർവ്വഹിച്ചു

വിജയപതാക പാറിച്ച കവിവരേണ്യനാണ് പുനംനമ്പൂതിരി. അതേ; മണിപ്രവാള ഭാഷയേയും സാഹിത്യത്തേയും സുവർണ്ണശ്രേയിലെത്തിച്ച മഹാനത്രേ അദ്ദേഹം. കൊല്ലവർഷം ഏഴാം ശതകത്തിൽ പ്രോജ്വലമായിരുന്ന കോഴിക്കോട്ട പതിനെട്ടരക്കവിസഭസ്സ്, ഉദ്ദണ്ഡപ്രഭൃതികളുടെ സാഹിത്യ പരാക്രമം, ഇവയെല്ലാം കേരളചരിത്രത്തിൽ പ്രധാനസ്ഥാനം വഹിക്കുന്നവയാണ്. ഭാഷാചമ്പുക്കളുടെ അരുണോദയവേളയും അന്നുതന്നെ. ആ കാവ്യശാഖയുടെ ചരിത്രത്തിൽ പുനംനമ്പൂതിരിക്കും അദ്ദേഹത്തിന്റെ സേവനഫലങ്ങളായ ചമ്പുക്കൾക്കും ഗണനാർഹമായ സ്ഥാനം നിശ്ചയകാലമാകും നൽകിക്കഴിഞ്ഞിട്ടുണ്ട്.

പുനം നമ്പൂതിരിയുടെ ഇല്ലം വടക്കേമലബാർജില്ലയിൽ 'കൃത്തുപറമ്പ്' എന്നസ്ഥലത്താണ്. ആ ഇല്ലം ഇപ്പോഴുമുണ്ട്. നമ്മുടെ കവി ആ തറവാട്ടിലെ ഒരംഗമായിരുന്നു. ബാല്യം, വിദ്യാഭ്യാസം ഇവയെപ്പറ്റി പറയത്തക്ക അറിവുതരുന്ന യാതൊരു രേഖയും കണ്ടുകിട്ടിയിട്ടില്ല. എങ്കിലും പുരാതന കാലത്തെ നമ്പൂതിരിമാരുടെ പതിവനുസരിച്ച് സുഷുപുരുഷനും സംസ്കൃതത്തിലും മലയാളത്തിലും നല്ല പാണ്ഡിത്യം യഥാകാലം സമ്പാദിച്ചു എന്ന് അനുമിക്കാം. കവിതയെഴുത്തിലും അദ്ദേഹം ചെറുപ്പം മുതൽക്കേ താല്പര്യം പ്രകടിപ്പിച്ചിരുന്നിരിക്കണം.

---

2. ജീവിതകാലവും പേരും.

പുനത്തിന്റെ ജീവിതകാലവും പേരും നിരൂപകലോകത്തിൽ വലിയ കോലാഹലങ്ങൾക്കിടയാക്കിയിട്ടുള്ള വിഷയങ്ങളാണ്. പുരാതന കാലത്തെ കവികളെപ്പറ്റി പ്രസ്താവിക്കുമ്പോൾ നിരൂപകലോകത്തിന്റെ ശ്രദ്ധയിൽപ്പെട്ടക പതിവുള്ള ഒരു ഗ്രന്ഥമാണ് 'ചന്ദ്രോത്സവ'മെന്ന പ്രാചീനമണിപ്രവാളകാവ്യം. ആ കാവ്യത്തിന്റെ പ്രാരംഭത്തിൽ സംസ്കൃതകവികൾക്കു പുറമെ ചില ഭാഷാകവികളേയും തൽക്കർത്താവ് സ്തുതിച്ചിട്ടുണ്ട്. അതിൽ സ്തുത്യരായ കവികൾ ആ ഗ്രന്ഥനിർമ്മാണകാലത്തോ അതിനു മുമ്പോ ജീവിച്ചിരുന്നവരായിരിക്കണമെന്നുള്ളതിനു തർക്കമില്ല. നമ്മുടെ ഭാഷയുടേയും കവികളുടേയും പുരാതന ചരിത്രം അറിയുന്നതിനും പറയത്തക്ക പ്രാമാണ്യം അർഹിക്കുന്ന രേഖകൾകണ്ടു കിട്ടാതെ ഗവേഷകർ വിഷമിക്കുമ്പോൾ ഇങ്ങനെയെങ്കിലും ചിലതു ലഭിക്കുന്നതു ഗണനാർഹമാണെന്നും പറയാതെ നിവൃത്തി ഇല്ല. അപ്രകാശമുള്ള ഒരു രേഖയുടെ സ്ഥാനം ചന്ദ്രോത്സവത്തിനും ഉണ്ട്. പ്രസ്തുതകാവ്യത്തിൽ രണ്ടു പദ്യങ്ങളിലായി പുനത്തെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്.

"മദനസമരസമ്മർദ്ദാന്തരോൽഭ്രതകാന്ത-
മണിതമധുരമധുരൈകവംശപ്രസൂതേഃ
മധുമഥമണമോലും ഗദ്യപദ്യൈരനേകൈ-
മ്മഥയതിപുനമിന്നും ഭ്രാഭ്രചക്രവാളം
മധുമൊഴിപുനമെന്നാനൽക്കവീന്ദ്രേണ-
സാരസപതപരിമളമോലും പദ്യദ്വയൈരനേകൈഃ

പകലിരവു വളർത്തിസ്തുയമാനപടാനനം—
മധുകവിഭിരനെന്യനെപിതാരാഹ്വവാദ്യൈഃ"

ഇവയാണ് ആ പദ്യങ്ങൾ. ചന്ദ്രോത്സവകർത്താവ് മേൽപത്തൂർ നാരായണഭട്ടതിരിയായിരിക്കണമെന്നും, "മദയതിപുനമിന്നം" എന്ന പ്രയോഗംകൊണ്ട് ചന്ദ്രോത്സവനിർമ്മാണകാലത്തു് പുനം ജീവിച്ചിരിപ്പുണ്ടായിരുന്നവെന്നു കരുതണമെന്നും, സാഹിത്യപഞ്ചാനനൻ രാജശ്രീ പി. കെ. നാരായണപിള്ള കൃഷ്ണഗാഥാനിരൂപണത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈതനുസരിച്ചു കൊല്ലവർഷം 735 മുതൽ 841 വരെ ജീവിച്ചിരുന്ന മേൽപത്തൂർ ഭട്ടതിരിയുടെ സമകാലികൻ എന്ന നിലയിൽ പുനത്തിന്റെ ജീവിതകാലം കൊല്ലവർഷം എട്ടാം ശതകമാണെന്നുമാണു് അദ്ദേഹത്തിന്റെ മതം. ചന്ദ്രോത്സവത്തിൽ കാണുന്ന "വിരസമതചികിത്സ്യം വമ്പെഴുംനമ്പിയാലും" എന്ന പ്രയോഗം ആസ്പദമാക്കിയാണു് സാഹിത്യപഞ്ചാനനൻ ആ കാവ്യത്തിന്റെ കർത്തൃത്വം മേൽപത്തൂർ ഭട്ടതിരിക്കു നൽകിയിരിക്കുന്നതു്. എന്നാൽ ആ ഒരു പ്രയോഗംമാത്രം ആധാരമാക്കി കർത്തൃത്വം നിർണ്ണയിക്കുന്നതു സംഗതമാണെന്നു തോന്നുന്നില്ല. മേൽപത്തൂർ ഭട്ടതിരി കേരളീയനായ ഒരു സംസ്കൃതകവിയായിരുന്നല്ലോ. പരമഭക്തനായ പൂന്താനം നമ്പൂതിരിയുടെ കവിതകളും 'ഭാഷാകവിത'യെന്നു പറഞ്ഞു അദ്ദേഹം ഗണിക്കാതിരുന്നവെന്നും മറ്റും പ്രസിദ്ധമായ ഐതിഹ്യവുമുണ്ടു്. ചന്ദ്രോത്സവത്തിലെ 'പച്ച ശൃംഗാര'വും മേൽപത്തൂർ ഭട്ടതിരിയെ തൽക്കർത്തൃത്വത്തിൽനിന്നും അകറ്റിനിറുത്തുന്നതിനു കാരണമായിരിക്കുന്നുവെന്നും

പറയാം. മേല്പുത്തൂർക്കുപ്പെട്ട ചന്ദ്രോത്സവവാക്യംകൊണ്ടു കവിയുടെ വാതരോഗക്കാര്യമാണു സൂചിതമാകുന്നതെന്ന് എങ്ങനെ പറഞ്ഞാൻ കഴിയും? വിശിഷ്യ, ഭട്ടതിരി അന്യസ്ഥാനീയനായതോട്ടുകൂടിയുമന്നെ അദ്ദേഹത്തിനു വാതരോഗം പിടിപെടുകയും രോഗാരംഭവേളയിൽത്തന്നെ തൽശമനാർത്ഥം ഗുരുവായൂർക്ഷേത്രത്തിൽ ഭജനമിരുന്ന് സംഗ്രഹരോഗവതമായി 'ശ്രീമന്നാരായണീയം' രചിച്ചു് 'ആയുരാരോഗ്യസൗഖ്യം' നേടുകയും ചെയ്തുവെന്നാണു മറെറാരു ഐതിഹ്യം. അപ്രകാരം പൂർണ്ണാരോഗ്യവാനായിത്തിന്ന് അദ്ദേഹത്തെ ചന്ദ്രോത്സവകർത്തൃത്വസ്ഥാനത്തിനുവേണ്ടി വീണ്ടും വാതരോഗിയാക്കേണ്ടതായ ആവശ്യമുണ്ടോ? ഇനി ചന്ദ്രോത്സവത്തിലെ സ്തുതികർത്താക്കയാണെങ്കിൽ മേൽപത്തൂരിന്റെ ഇഷ്ടദേവതയായ ശ്രീഗുരുവായൂർ പുരേശനേയാകട്ടെ, ഗുരുവായ അച്യുതപ്പിഷാരടിയേയാകട്ടെ സ്തുതിച്ചുകാണുന്നില്ല. 'ഹരികന്യാ' പുരവാസിനിയായ ദേവിയേയും ദോഷാകവിയായ പുനത്തിനേയും സ്തുതിക്കാമെന്നും, 'രാസവിലാസവിലോല'നായ 'മുരാരി'യെ വിട്ടുകളയാമെന്നും കേതാഗ്രേസരനായ ഈ കവിമൂർദ്ധന്യൻ തീച്ചുപ്പെടുത്തുമെന്ന് സഹൃദയർക്കു വിചാരിക്കാൻ പ്രയാസമാണ്. അതിനാൽ ചന്ദ്രോത്സവകർത്തൃത്വം വേറേ ആർക്കു നൽകണം? ചില നിരൂപകന്മാർ ഇതിന്റെ കർത്തൃത്വം ചേലപ്പുറത്തു നമ്പൂതിരിക്കും മറെറചിലർ പയ്യൂർ ഭട്ടതിരിമാരിൽ ഏതോ ഒരാൾക്കും ഇതിന്റെ കർത്തൃത്വം നൽകിയിരിക്കുന്നു. ഏതായാലും 'അരിയന്നൂർ' ദേശീയനായ ഒരു കവിയായിരിക്കണം ഇതിന്റെ കർത്താവെന്നമാത്രമേ അനുമിക്കാൻ തല്ക്കാലം

മാത്രംകാണുന്നുള്ളൂ. എന്നാൽ നിമ്മാണകാലം ഏതാണ്? "തന്ത്രസമുച്ചയത്തിന്റേയും ശങ്കരകവിയുടേയും കാലത്തെ അനുലോചിക്കുമ്പോൾ ചേന്ദ്രോത്സവം ഉദ്ദേശം കൊല്ലവർഷം 600-ാമാണ്ടിടയ്ക്ക് എഴുതിയ കവിതയായി സ്വീകരിക്കുന്നതാണ്. ന്യായമായി തോന്നുന്നു" എന്നും, തുടർന്ന്, "തെളിവുകളുടെ ബലാബലം നോക്കുമ്പോൾ ചന്ദ്രോത്സവത്തെ ആറാം ശതകത്തിന്റെ അവസാനത്തിലോ ഏഴാം ശതകത്തിന്റെ ആദിയിലോ രചിച്ച ഒരു കാവ്യമായിട്ടാണ് സ്വീകരിക്കേണ്ടതു്" എന്നും ഡാക്ടർ, സി. കുഞ്ഞൻരാജാ അവർകൾ അഭിപ്രായപ്പെട്ടുന്നു. ചന്ദ്രോത്സവത്തിലെ "മദയതിപുനമിന്നം" എന്ന ശ്ലോകത്തിലുള്ള "ഇന്നം" എന്നതിനു് ചന്ദ്രോത്സവനിമ്മാണകാലത്തും പുനം ജീവിച്ചിരിപ്പുണ്ടു് എന്നു് അർത്ഥം കല്പിക്കുന്നതാണു് സംഗതമെന്നും പ്രസ്താവിക്കേണ്ടതായിരിക്കുന്നു. ആ സ്ഥിതിക്കു പുനത്തിനു് ചന്ദ്രോത്സവനിമ്മാണകാലത്തു് വാർദ്ധക്യമായിരുന്നെന്നും കരുതാം. എന്നാൽ 'ഇന്നം' എന്നതിനു് ചന്ദ്രോത്സവകാലത്തു പുനം ജീവിച്ചിരിപ്പുണ്ടായിരുന്നു എന്നർത്ഥം നൽകേണ്ടതില്ലെന്നും, അതിനു വളരെക്കാലംമുമ്പു ജീവിച്ചിരുന്നയാളാണു് പുനമെങ്കിലും ചന്ദ്രോത്സവരചനാകാലത്തും സ്വകവിതകൊണ്ടു ഭ്രമക്രുവാളത്തെ മദിപ്പിക്കുന്നുവെന്നു ബഹുമാനസൂചകമായി ചന്ദ്രോത്സവകാരൻ പറഞ്ഞിരിക്കയാണെന്നും ചില നിരൂപകന്മാർ അഭിപ്രായപ്പെട്ടുന്നുണ്ടു്. ഉത്തമകവികളുടെ കവിതകളും തദ്വാരാ അവരുടെ അന്തരാത്മാവും എക്കാലത്തും ഭ്രമക്രുവാളത്തെ മദിപ്പിക്കുന്നുവെന്നു പറയുന്നതിൽ തെറ്റില്ല. ആയു

പോലെ ചന്ദ്രോത്സവകാരൻ പുനത്തിനെ പ്രശംസിച്ചി രിക്കയല്ലേ? ഈ മതം സ്വീകരിക്കുമ്പോൾ ചന്ദ്രോത്സവ ത്തിന്റെ ഉൽപത്തികാലം നിർണ്ണയിക്കുക കൂടുതൽ വിഷമമാകും. അതിന് ഒരു പ്രാചീനരേഖയെന്നുള്ള സ്ഥാനത്തിനു ബലം കുറയുകയും ചെയ്യും. എന്നതന്നെ യല്ല ചമ്പുവിന്റെ സ്വാഭാവികമായ ഗതി നോക്കുന്നതാ യാലും 'ഇന്നും' എന്നതുകൊണ്ട് പുനം അക്കാലത്തും ഗദ്യപദ്യങ്ങളെഴുതി രസിപ്പിക്കുന്നു എന്ന അർത്ഥമാണ് തോന്നുന്നത്. അതിനാൽ രണ്ടാമത്തെ അഭിപ്രായ ത്തോട് ഇവിടെ വിയോജിക്കുവാനേ നിവൃത്തി കാണുന്നുള്ളൂ.

പുരാതനഭാഷാചമ്പുകാരന്മാരുടെ ക്ലൃപ്തിൽ 'നീല കണ്ഠൻ' എന്ന ഒരു കവിയുണ്ടായിരുന്നു. അദ്ദേഹവും പുനവും ഒരാളാണെന്നു ശ്രീ വടക്കുംകൂർ രാജരാജവർമ്മ രാജ അവർകളും 'മെല്പുർ നാരായണീയം' ചമ്പുവിന്റെ അവതാരികയിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. പുനത്തിന്റെ ജീവിതകാലവും പേരും നിർണ്ണയിക്കുന്ന വിഷയത്തിൽ പ്രസ്തുത അഭിപ്രായത്തിന്റെ സാംഗത്യംകൂടി ഒന്നു പരി ശോധിക്കേണ്ടിയിരിക്കുന്നു. "പുനവും നീലകണ്ഠനും ഭിന്ന കാലങ്ങളിൽ ജീവിച്ചിരുന്ന രണ്ടു കവികളാണെന്നു സ്ഥാപിക്കുന്ന ഏതുതെളിവിനെക്കാളും പ്രാബല്യം അവ രുടെ ഐക്യത്തെ തെളിവാക്കുന്നതിനു ചമ്പുക്കളുടെ അന്യോന്യബന്ധസ്വഭാവത്തിനുണ്ട്." മെല്പുർ നാരായ ണീയത്തിലും രാമായണം, ഭാരതം ഈ ചമ്പുക്കളിലും ഒരേ പദ്യങ്ങൾ തന്നെയും മുക്കാൽ പങ്കിലധികമല്ലാത്ത ഭേദത്തോടുകൂടിയും കാണുന്നുണ്ടെന്നു സ്പഷ്ടമാണ്. ഇപ്ര

കാരമുള്ള ഈ ഐകകണ്ഠ്യം "നീലകണ്ഠ കവിയുടെ തെന്ന സമ്മതിക്കപ്പെട്ടിരിക്കുന്നേ പ്രബന്ധത്രയത്തിനു (തൈക്കെല നാഥോദയം—വെള്ളൂർ നാഥോദയം—നാരായണീയം) മറ്റു ചില ചമ്പുക്കളോടും വിശേഷണ അവയിൽ നാരായണ ഭാരതങ്ങളോടും ബന്ധംസിദ്ധിച്ചിരിക്കുന്നു എന്നതാകുന്നു. ഈ ബന്ധം അവിചാരിതമായി സംഭവിച്ചതെന്നോ ഒരു കവിയുടെ "സർവ്വനിബന്ധന ഹർത്തൃത്വം" കൊണ്ടുവന്ന ചേർന്തതെന്നോ അല്ലെങ്കിൽ അന്യന്യായ ഒരാൾ ഒരു കൃതിയിൽ നിന്നു് ഏതാനും ഭാഗങ്ങൾ മറെറാന്നിലേയ്ക്കു പകർത്തിയെഴുതിയതുകൊണ്ടു സിദ്ധിച്ചതാണെന്നോ വിശ്വസിക്കുന്നതിനു യാതൊരു നിവൃത്തിയുമില്ല. അതുകൊണ്ടു് ഇവയെല്ലാം ഏകകർത്തൃകങ്ങളായ കൃതികളാകുന്നു എന്നുതന്നെ വിചാരിക്കണം" കോഴിക്കോട്ടുണ്ടായിരുന്ന പതിനെട്ടരക്കവി സദസ്സു പുനരുദ്ഭണ്ഡൻ മുതലായവരുടെ കാലത്തുതന്നെ പിരിഞ്ഞു. ഇതിനുകാരണമായതു് അന്നു വാണിരുന്ന മാനവിക്രമ ഭൂപന്റെ ദിവംഗതി പ്രാപിയാണു്. അതോടുകൂടി പുനം നമ്പൂതിരി, കോലത്തുനാട്ടു രാജാവിനേയും പിന്നീടു കൊച്ചി രാജാവിനേയും ആശ്രയിച്ചു കഴിഞ്ഞിരിക്കണമെന്നും; രാജാക്കന്മാർ തമ്മിലുള്ള ശത്രുത—അക്കാലത്തു കൊച്ചിയും കോഴിക്കോടും തമ്മിൽ കലഹിച്ചുകൊണ്ടിരുന്നുവെന്ന ചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ടെങ്കിലും—കവികളുടെ സേവനത്തിനു ബാധകമായില്ലെന്നുള്ളതിനു് കഞ്ചൻ നമ്പ്യാരുടെ ജീവചരിത്രം തെളിവാണെന്നും, അതായതു് നമ്പ്യാർ ആദ്യം ചെമ്പകശ്ശേരി രാജാവിനേയും പിന്നു രാജ്യം തിരുവിതാംകൂറിനോടു ചേർത്തതു മുതൽ തിരുവിതാംകൂർ മഹാരാജാവിനേയും ആശ്രയിച്ചു

പാഞ്ഞുവെന്നുള്ളതും മറവും തെളിവാണെന്നും; നമ്പൂതിരിക്കവികൾ ഇല്ലപ്പേരുകൊണ്ടും പേരുകൊണ്ടും രണ്ടു പ്രകാരത്തിലും പ്രസിദ്ധന്മാരായിത്തീർന്നിട്ടുണ്ടെന്ന് കേരളസാഹിത്യചരിത്രത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണെന്നും, ആകയാൽ പുനം എന്നതു് ഇല്ലപ്പേരും നീലകണ്ഠൻ എന്നുള്ളതു് പേരും ആയി പരിഗണിക്കപ്പെടണമെന്നും മറവും ശ്രീ. രാജരാജവർമ്മരാജ അവർകൾ സമതം സ്ഥാപിക്കുന്നതിനായി വിവരിച്ചിരിക്കുന്ന തെക്കെകിലനാഥോദയാദി ചമ്പുക്കളുടെ കർത്താവു് ഒ നീലകണ്ഠകവിയാണെന്നുള്ളതിനു തർക്കമില്ല.

"വിദ്യാവല്ലഭ, നീലകണ്ഠ, സുകവേ,—
ചെല്ലൂർനാഥോദയം.
ചിത്രം പണ്ടു കൃതം പുനശ്ചരചിതം—
രാമായണീയംതപയാ
അതൈവാരഭതാം ഗിരാമമഭവാൻ—
തെക്കെകിലനാഥോദയം—
പ്രത്യഗ്ര്യകലന്ന ബന്ധുര ഗുണം—
ബന്ധും പ്രബന്ധോത്തമം"

എന്ന തെക്കെകിലനാഥോദയം ചമ്പുവിന്റെ ഉപോദ്ഘാതത്തിൽ കാണിച്ചിട്ടുള്ള പദ്യമാണു് ഈ അഭിപ്രായത്തിനാധാരം. മേൽ പ്രസ്താവിച്ച വിധം രാമായണഭാരതാദി ചമ്പുക്കളിൽ നിന്നും ചെല്ലൂർനാഥോദയത്തിൽ ചേർത്തിരിക്കുന്ന ഭാഗങ്ങൾ നീക്കിയാൽ ആ കാവ്യം തുലോം ശുഷ്കമായിത്തീരുകയും ചെയ്യും. അവ ഉൾപ്പെടുത്തിയാൽ നീലകണ്ഠകവി മിക്കവാറും ഒരു പകർപ്പെ

ഴത്തു കാരണമാകും. ഇങ്ങനെയാണ് ആ കാവ്യത്തിന്റെ അവസ്ഥയെങ്കിലും നീലകണ്ഠനും പുനവും ഒരാളാണെന്നു തീർച്ചപ്പെടുത്തുക പ്രയാസവുമാണ്. ഇക്കാര്യത്തിൽ മറ്റു ചില നിരൂപകന്മാരുടെ അഭിപ്രായങ്ങൾക്കുകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു.

കോഴിക്കോട്ടു പതിനെട്ടരക്കവി സദസ്സ് എത്ര കാലം നീണ്ടുനിന്നുവെന്നും അതു പിരിയുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്നും സദസ്സു പിരിഞ്ഞശേഷം ആ കവികളുടെ ഗതി എന്തായിരുന്നുവെന്നും ശരിയായി വെളിവാക്കുന്ന രേഖകളൊന്നും ഇതേവരെ കണ്ടുകിട്ടാതെയാണിരിക്കുന്നത്. പുനംനമ്പൂതിരിയുടെ ജീവചരിത്രം സംബന്ധിച്ചും ഈ അവസ്ഥയാണുള്ളത്. മേൽക്കാണിച്ചപ്രകാരം പുനവും നീലകണ്ഠനും ഒരാളാണെന്നുള്ള അനുമാനം ശരിയാണെങ്കിൽ രാമായണമാലി മനോഹര ചമ്പുക്കളുടെ പേരുകൂടി ഉപോദ്ഘാത പദ്യത്തിൽ സൂചിപ്പിക്കാതിരുന്നതെന്തുകൊണ്ടാണ്? രാമായണ ചമ്പുവും മറന്നുപിന്നീടു രചിച്ചതാണെന്നോ അഥവാ അതിന്റെ കർത്തൃത്വം പുനമല്ലെന്നോ കരുതാനും നിവൃത്തിയില്ല. നീലകണ്ഠകവിയിലെന്നപോലെ പകർപ്പെഴുത്തുസമ്പ്രദായം പുനം നമ്പൂതിരിയിലും ഏറെക്കുറെ അനുമോദിക്കാവുന്നതാണെങ്കിലും ഭാഷാശ്ലോകങ്ങൾ പകർത്തിച്ചേർക്കുന്നരീതി അതു സ്വീകരിച്ചിട്ടുണ്ടോയെന്നു സംശയമാണ്. 'നീലകണ്ഠന്റെ കൊച്ചീരാജ പരമ്പര" എന്ന പേരിൽ ശ്രീരാമപ്പിഷാരടി അവർകൾ എം. എ. എഴുതിയിട്ടുള്ള ഒരു ലേഖനവും അതിനു മഹാകവി; ഉള്ളൂർ അവർകൾ എഴുതിയിട്ടുള്ള ഒരു മറുപടിയും ഈ അവസരത്തിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

തെക്കെകേരളനാഥോദയം, ചെല്ലൂർനാഥോദയം, രാജരത്നാവലീയം ഈ ചമ്പൂക്കളും രാമവർമ്മവിലാസം നാടകവും മറ്റും ആസ്പദമാക്കിയാണു് ശ്രീ. പിഷാരടി അവർകൾ അദ്ദേഹത്തിന്റെ ഉപന്യാസം രചിച്ചിരിക്കുന്നതു്. രാമവർമ്മവിലാസം നാടകത്തിലേയും രാജരത്നാവലീയം ചമ്പുവിലേയും നായകൻ ഒരാൾ—രാമവർമ്മ—തന്നെയാണു്. ഈ രാമവർമ്മമഹാരാജാവിന്റെ സദസ്സിലുണ്ടായിരുന്ന 'ബാലകവി'യാണു് രാമവർമ്മവിലാസം എന്ന ഒരു നാടകം രചിച്ചതു്. അതുപോലെ രാജരത്നാവലീയകാരനും ആ സദസ്സിലെ ഒരംഗമായിരുന്നിരിക്കണം. തെക്കെകേരളനാഥോദയത്തിലെ ഉപോദ്ഘാതത്തിൽ കാണിച്ചിരിക്കുന്ന രാജവംശപരമ്പരയിൽ പെട്ട വീരകേരളവർമ്മചിരകാലം രാജ്യം ഭരിച്ചമഹാരാജാവാണു്. ഈ ഗ്രന്ഥത്തിന്റെ തുടക്കത്തിലുള്ള ശ്ലോകമാണു് നീലകണ്ഠകവി തെക്കെകേരളനാഥോദയം എഴുതിയതു്. പ്രസ്തുത ഉപോദ്ഘാതഭാഗങ്ങൾ താഴെചേർക്കാം.—

"മനുകുലമണി ർദിപ്രഭ തത്രപുണ്യാമഭൂത്രയാം
മഹിതഗുണനിധാനഭ രാമവർമ്മാഭിധാനഭ
പ്രതിഭടമദകുംഭിപ്രഭഥനസംഹാരസിംഹഭ
സലിലനിധിഗഭീരഭ ദ്യഭ മഹീപാലവീരഭ"

ഇതിൽ രണ്ടു രാമവർമ്മമഹാരാജാക്കന്മാർ.

"തദനവിപുലവൈദുഷീനിധാനം—
മനുജവരോജനി തത്ര ഗോദവർമ്മാ

അഗണിതഗുണശേവധിശ്ചമദ്ധ്യേ
രവിസദൃശോ രവിവമ്മനാമധേയഃ"

തുടർന്നുള്ള ഈ പദ്യത്തിൽ ഗോദവമ്മ രവിവമ്മ എന്ന രണ്ടു മഹാരാജാക്കന്മാർ.

"ഋവിർബഭൂവ തദനന്തരമാവിഭൂഗ-
ഭൂവല്ലിവിഭ്രമവശംവദ വിശ്വലോകഃ
സംവിത്രവംശതിലകസ്സ്ഥിരശ്രേന്ദ്രധാമാ-
ശ്രീ വീരകേരള ഇതിക്ഷിതിപാലചന്ദ്രഃ"

ഇങ്ങനെ വീരകേരളവമ്മ മഹാരാജാവു്. ഇദ്ദേഹത്തെ വർണ്ണിക്കുന്ന ഒരു സംസ്കൃതഗദ്യം കഴിഞ്ഞു്,—

"തൽക്കാലേ ചതുരന്തഭ്രമിവലയ-
പ്രാകാശ്യഹേതോന്നൃണാ-
മുദ്ദിക്കൈതസ്സുകൃതൈസ്സുരോദ്ധഭവാ-
സങ്കല്പിതസ്സാദരം
പ്രൗഢശ്രീരുദിയായ പുണ്യുദിവസേ
കുശ്ചിത് കുമാരാത്മനാ
മാടക്ഷ്മാപതിവംശരത്നമുശിവരേ-
മാണിക്യദീപാങ്കുരഃ.

കാന്തിംകാഞ്ചനമൂർത്തിധാരിമദന-
പ്രഖ്യാം പ്രവീരശ്രിയം
പ്രേഷ്ഠാനാമപി ചിത്തവൃത്തിമതിഗം-
ധീരപ്രിയം ഭാവുകാം
ക്ഷാന്തിം നിസ്സൃഷ്ടവൈദുഷീഞ്ച നിതരാം-
ബിഭ്രന്നരേന്ദ്രാർഹകേ

സ്സാന്ദ്രാവിഷ്കൃതദിവ്യലക്ഷണപരീ-
താത്മാദ്ധ്യവാസീരസഃ
സാമ്രാജ്യാധികൃതോ വയസ്യഭിനവോ-
ശ്രീരാമവമ്മാഭിധോ
രാജേന്ദ്രസ്സഹഗോദവമ്മസഹജേ-
നാക്രമ്യവർഷ്മംഭിഷാം
കൃത്വാ ദാനവരം തുലാദ്യപുരുഷം-
വാരാണസീസന്നിധൗ
സമ്പ്രാപ്തശ്ശിവലോക മമ്പരഗജോ-
പ്യാഗമൂരാമേശ്വരാൻ"

ഇവിടെ രാമവമ്മ ഗോദവമ്മ എന്ന രണ്ടുമഹാരാജാക്കന്മാർ തുടർന്നു മൂന്നു പദ്യങ്ങൾ കഴിഞ്ഞു"-

"തദനന്തരമനന്തരായരമണയ നാനാഗുണ
പ്രഭാവജിത രാഘവോ വിഹിതലാഘവോ
വൈരിണാം
ശശാസ വിധി വന്മഹീം ഗുണമഹിയസിംപൂരയൻ
യശോ ജഗതി വീരകേരള ഇതിപ്രതീതോന്നപഃ"

ഇതിൽ ഒരു വീരകേരളവമ്മ മഹാരാജാവു്. ഇങ്ങനെ വംശാവലികഴിഞ്ഞു് കവി, തന്റെ കാര്യംപറയുന്നു. അതാണു് മുമ്പു് ഉല്ലേഖിക്കപ്പെട്ട "വിദ്യാവല്ലഭ," എന്ന പദ്യം. ഇതിൽ "സാമ്രാജ്യാധികൃതോ" എന്നപദ്യത്തിൽ കാണിക്കപ്പെട്ടിരിക്കുന്ന രാമവമ്മയാണു് രാജരത്നാവലീയം ചമ്പുവിലേയും രാമവമ്മവിലാസം നാടകത്തിലേയും നായകൻ. ഒടുവിൽ കാണിച്ചിരിക്കുന്ന വീരകേരളവമ്മയാണു് നീലകണ്ഠകവിയുടെ ശൃങ്ഗാരകൻ.

പൂർവ്വോക്തമായ വംശാവലി; കൊച്ചീരാജ്യ ചരിത്രം തുപ്പൂണിത്തുറക്ഷേത്ര ഗ്രന്ഥവരി, ഗോശ്രീനഗരവർണ്ണന പ്രബന്ധം, രാമവമ്മവിലാസം നാടകം, ചിദംബരം നടരാജക്ഷേത്രത്തിലെ ശിലാരേഖ. ആദിയായ അനവധിപ്രാചീനരേഖകളും പരിശോധിച്ച് വീരകേരള വമ്മമഹാരാജാവിന്റെ ജീവിതകാലം 14 വർഷത്തെ രാജ്യാരോഹത്തിനു ശേഷം കൊല്ലവർഷം 799 മീനത്തിൽ അവസാനിച്ചതായി മഹാകവി ഉള്ളൂർ അവർകളും അദ്ദേഹത്തിന്റെ സുദീർഘമായ വംശപരമ്പരകളിൽ വ്യക്തമായി സ്ഥാപിച്ചിട്ടുള്ളതാണ്. ആ സ്ഥിതിക്കും, പുനം നമ്പൂതിരി കേഴിക്കോട്ട് പതിനെട്ടരക്കവിസഭയിലെ ഒരു അംഗമായിരുന്നുവെന്നുള്ള അഭിപ്രായത്തിനു പക്ഷാന്തരമില്ലാത്ത സ്ഥിതിക്കും പുനവും നീലണ്ണനും ഭിന്നകാലങ്ങളിൽ ജീവിച്ചിരുന്ന രണ്ടു കവികളാണെന്നു പരിഗണിക്കുന്നതാണ് സംഗതമായിട്ടുള്ളത്. എന്നാൽ കോഴിക്കോട്ട കവിസഭയുടെ കാലമേതെന്നും ഗ്രന്ഥങ്ങളുടെ പരസ്പരസാദൃശ്യം ഏകകർത്തൃത്വസ്ഥാപനത്തിനു ആലംബമായിക്കരുതാവുന്നതാണോ എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. അതിനാൽ ആ കാര്യങ്ങൾകൂടി പരിശോധിക്കാം.

കോഴിക്കോട്ട പതിനെട്ടരക്കവിസഭയിലെ ഒരംഗമായിരുന്ന ചേന്നാസ്സുനമ്പൂതിരി സപക്ഷതമായ തന്റെ സമുച്ചയത്തിൽ;—

"കല്യബ്ദേഷ്വതിയൽ സുനന്ദനയനേ-
ഷഷ്ഠാബ്ദോധിസംഖ്യേഷ്വയഃ
സംഭ്രതോ ഭൂഗ്രവീതഹവ്യമുനിയുങ്-
മൂലേസവേളാനുജേ

പ്രാഹ്ലാദ്യസ്യജയന്തമംഗലപദേ–

ദ്ധംനാമനാരായണഃ

സോയംതന്ത്രമിദം വ്യധാത്ബഹുവിധൗ–

ദ്ധ്യുത്യുതന്ത്രാർണവാത്''

എന്നുകാണുന്നു. ഇതിൽനിന്നും ഒന്നാംപാദത്തിലുള്ള നന്ദ (9) നയനേ (2) ഷ്വം (5) ഭോധി (4)' എന്ന പ്രയോഗത്തിൽനിന്നും കലിവത്സരം 4529 എന്നു സിദ്ധിക്കുന്നു. അതിൽനിന്നും കൊല്ലവർഷം 604 എന്നും കണക്കാക്കാം. ചില നിരൂപകന്മാർ ഈ ഗ്രന്ഥനിർമ്മാണകാലമാണെന്നും മറ്റുചിലർ ഗ്രന്ഥകാരൻ ജനിച്ചകാലമാണെന്നും ഭിന്നമായി അഭിപ്രായപ്പെടുന്നു. മഹാകവി ഉള്ളൂർ അവർകളുടെ 'ഭാഷാ ചമ്പുക്കൾ' എന്ന ഗ്രന്ഥത്തിൽ കൊല്ലവർഷം 604 എന്നതു് തന്ത്രസമുച്ചയകാരൻ ജനിച്ചകാലമാണു് എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ ഡാക്ടർ കുഞ്ഞൻരാജാ അവർകൾ ഈ അഭിപ്രായത്തെ ശക്തിയായി എതിർത്തിട്ടുണ്ടു്. അദ്ദേഹത്തിന്റെ എതിർപ്പിലുള്ള സാരാംശം ഇപ്രകാരമാണു്. സാധാരണ ഗ്രന്ഥകാരന്മാർ ഗ്രന്ഥത്തിൽ കാലം കുറിക്കാറുള്ളതു ഗ്രന്ഥനിർമ്മാണം സംബന്ധിച്ചാണു്. പദ്യത്തിന്റെ ഘടനയനുസരിച്ചു് ഒന്നാം പാദത്തിൽ 4529 എന്ന കലിയെ (കൊല്ലവർഷം 604) കൊടുത്തിരിക്കുന്നു. പിന്നെ ഇപ്രകാരമുള്ള ഗോത്രത്തിൽ ആരാണു് ജാതനായതു്, ആരുടെ ഭവനമാണോ ജയന്തമംഗലം (ചേന്നാസ്സു്) എന്ന പ്രസിദ്ധമായിട്ടുള്ളതു്, എന്നിപ്രകാരം രണ്ടും മൂന്നും പാദങ്ങ

ളിൽ വാക്യങ്ങളുണ്ട്. അപ്രകാരമിരിക്കുന്ന നാരായണൻ മറ്റു തന്ത്രങ്ങളെല്ലാം പരിശോധിച്ചു് തന്ത്രസമുച്ചയം എഴുതിയിരിക്കുന്നു എന്നു് നാലാം പാദമായ ഒരു വാക്യവുമുണ്ടു്. അതായതു് കാലനിർദ്ദേശത്തെ—യാതൊരാളാണോ ജനിച്ചതു് എന്ന രണ്ടാം വാക്യത്തോടോ അപ്രകാരമുള്ള നാരായണൻ തന്ത്രസമുച്ചയത്തെ എഴുതിയിരിക്കുന്ന നാലാം വാക്യത്തോടോ ഘടിപ്പിക്കേണ്ടതെന്നാണു് ആലോചിക്കേണ്ടതു്. ഗ്രന്ഥത്തെ നിർദ്ദേശിച്ചതിനാൽ രണ്ടാം പാദത്തിലെഎല്ലാ ആകാംക്ഷയും പൂർത്തിവന്നിട്ടുണ്ടു്. അതിനാൽ വാക്യഘടനയ്ക്കുവേണ്ടി ഒന്നാം വാക്യത്തെ ഇവിടേയ്ക്കു യോജിപ്പിക്കേണ്ട. ഗ്രന്ഥപൂർത്തിയെപ്പറ്റി പറയുന്ന അവസരത്തിൽ കവിയുടെ ജന്മകാലത്തെപ്പറ്റി ജിജ്ഞാസയില്ല. ഗ്രന്ഥരചനയുടെ കാലത്തെപ്പറ്റി പ്രായേണയുണ്ടെന്നാകാം. അതിനാൽ കാലത്തെ 'എഴുനൂറ്റിൻ' എന്ന നാലാം വാക്യത്തിലാണു് യോജിപ്പിക്കേണ്ടതു്.' 'അതീതേഷു' എന്നോ 'അതിതവത്സു' എന്നോ പറയാതെ 'അതിത്സു; എന്നു പറഞ്ഞതിൽ നിന്നും '4529 കലിവർഷം ചെല്ലുന്ന ഇന്നു്" എന്നാണു് അർത്ഥം സ്ഫുരിക്കുന്നതു്. അതിനാൽ യാതൊരാളാണോ ജനിച്ചതു് എന്ന സ്ഥലത്തു് അതു യോജിക്കുന്നതുമില്ല. ഇങ്ങനെ രണ്ടാമത്തെ യുക്തി, ശ്രീ വടക്കുംകൂർ രാജരാജവർമ്മ രാജാ അവർകളും അദ്ദേഹത്തിന്റെ കേരളീയ സംസ്കൃത സാഹിത്യ ചരിത്രം എന്ന ഗ്രന്ഥത്തിലും ഈ കലി സംഖ്യ ഗ്രന്ഥ നിർമ്മാണ കാലമെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്." ഇങ്ങനെ നോക്കുമ്പോൾ കലി 4529 നു ശരിയായ കൊല്ലം 604 എന്നതു, ഗ്രന്ഥനിർമ്മാണ കാലമെന്നുള്ള അഭിപ്രായം സംഗതമാണെന്നു് ഇവിടേയും പ്രസ്താവിച്ചുകൊള്ളുന്നു. ചേന്നാസ്സു

നമ്പൂതിരിക്കും പുറമെ ഉദ്ദണ്ഡശാസ്ത്രികൾ, പയ്യൂർ ഭട്ടതിരിമാർ, തിരുവേഗപ്പുറ നമ്പൂതിരിമാർ, മാനവേദൻ രാജാ, കാക്കശ്ശേരി ഭട്ടതിരി, വാസുദേവൻ നംപൂതിരി, കരുണാകരപ്പിഷാരടി, ശങ്കരകവി ഇങ്ങനെ പലരും പുനത്തിന്റെ സമകാലികന്മാരായിരുന്നു. കവി സഭസ്സും പുനവുമായുള്ള ബന്ധമാണു് ഈ സമകാലിക തൽപ്പകല്പനയ്ക്കാലംബം. ഇവരിൽ ചിലരുടെ സമകാലീകത്വത്തെപ്പറ്റി ഇവിടെ ചിന്തിക്കേണ്ടിയിരിക്കുന്നു.

പലായധ്വം പലായധ്വം–രേരേ ദുഷ്ടവികുഞ്ജരാഃ
വേലാന്ത വനസഞ്ചാരി ഹ്യായാത്യുദ്ദണ്ഡ കേസരീ”

എന്നും—“ഭാഷാകവിനിവഹോയം
ദോഷാകരവദഭിരാതി ഭുവനതലേ
പ്രായേണവൃത്തഹീനഃ
സൂര്യാലോകേ നിരസ്തഗോപ്രസരഃ”

എന്നും വീരവാദം മുഴക്കിയാണു് ഉദ്ദണ്ഡശാസ്ത്രികൾ കേരളത്തിലേക്കുവന്നതു്. ഇവിടെ എത്തിക്കഴിഞ്ഞപ്പോൾ;—

“താരിൽത്തനപീഠടാക്ഷാഖിലമധുപകലാ
രാമ, രാമാജനാനാം
നീരിൽത്താർബാണവൈരാകരനികരതമോ–
മണ്ഡലീചണ്ഡഭാനോ
നേരെത്താതോരുനീയാം തൊട്ടുകറികളയാ–
യെന്നമേഷാകളിക്കും
നേരത്തിന്നിപ്പുറം വിക്രമനുവര, ധരാ
ഹന്ത! കല്പാന്തതോയേ!”

ഇങ്ങനെ ഒരു സുന്ദരശ്ലോകം ശ്രവിച്ച ആ മാത്രയിൽത്തന്നെ പുളകിതഗാത്രനായിത്തീർന്ന ആ പണ്ഡിതസിംഹം, "അന്തഛന്തയ്ക്കിന്തപ്പട്ട്" എന്നു ഗർജ്ജിച്ചുകൊണ്ട് തന്റെ ഉത്തരീയസടവലിച്ചുരിഞ്ഞു ആ കളകളരവം പുറപ്പെട്ട 'പുന'ത്തിലിട്ട കൃതാർത്ഥനായിത്തീർന്നു. സഹൃദയലോകത്തിൽ വളരെ പ്രസിദ്ധിയുള്ളതാണ് ഈ പുരാവൃത്തം. അനന്തരം അദ്ദേഹം പുനത്തിനെ പ്രശംസിച്ചു രചിച്ചതാണ് പ്രകരണത്തിന്റെ പ്രാരംഭത്തിൽ കാണിച്ചിരിക്കുന്ന പദ്യം അതിനും പുറമേ;—

"വീണാലസന്മണിഖലായ നമോസ്തു തസ്മൈ—
വീണാഖ്യനാജിനവതേ തൃണിനേ തൃണായ
അർദ്ധോയമീശ്വരനമസ്കൃതയേ കരംസ്യാൽ?"

എന്നു് തളിയിൽ ക്ഷേത്രത്തിൽ വച്ചു് ശാസ്ത്രികൾ മൂന്നുപാദം രചിച്ചുചൊല്ലിയപ്പോൾ നാലാംപാദം; "അസ്യോത്തരോക്തി മ വിഭിന്നപികീദൃശസ്യാത്" എന്നു പുനം പൂരിപ്പിച്ചു എന്നും ഒരു ഐതിഹ്യവുമുണ്ട്. ഇങ്ങനെ ശാസ്ത്രികൾ പുനത്തിന്റെ സമകാലികനാണെന്നു് ഐതിഹ്യങ്ങൾ പ്രബലമായി തെളിയിക്കുന്നു.

പുനത്തിന്റെ മറ്റൊരു സമകാലികനാണു് ശങ്കരകവിയെന്നു മേൽ സൂചിതമായിട്ടുണ്ടല്ലൊ. ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശത്തിൽ;—

"കോലാനേമാവന സുരഭിലാൻയാഹിയത്രപ്രഥന്തേ
വേലാതീതപ്രഥിതവചസഃശങ്കരാദ്യാഃകവീന്ദ്രാഃ"

എന്നുകാണുന്നതും; ചന്ദ്രോത്സവത്തിൽ—

"ഉചിതരസവിചാരേ ചാരുവാശ്ലേവതാശ്രീ
കരകിസലയസമ"മുഷ്ണശ്രമസേചജാലം
അഹമഹമികയാവന്നത്ഥശബ്ദപ്രവാഹം
ഭവതുവദനബിംബം പ്രീതയേ ശാങ്കരംമേ"

എന്നും;

"ശ്രീ ശങ്കരേണ വിദുഷാ കവിസാർവ്വഭൗമേ-
ണാനന്ദമന്ദഗതിനാ പുരതോ ഗതേന
ശ്രീമന്മുകുന്ദമുരളീമധുരസ്വരേണ
പദ്മൈ രവദ്യരഹിതൈ രനുവർണ്ണ്യമാനാ"

എന്നും കാണുന്നതും പ്രസ്തുതശങ്കരകവിയെ ഉദ്ദേശിച്ചുള്ള തായിരിക്കണം. പുനവും ശങ്കരകവിയും തമ്മിൽ പരിചയമായിരുന്നുവെന്നും പരസ്പരം ശ്ലോകങ്ങൾ പ്രയോഗിച്ചു വന്നിരുന്നുവെന്നും ചില നിരൂപകന്മാർ അഭിപ്രായപ്പെടുന്നുണ്ട്. താഴെക്കാണിക്കുന്ന ശ്ലോകങ്ങൾ പ്രസ്തുത മതത്തിനു വിധേയങ്ങളായിരിക്കുന്നു—

പുനംശങ്കരകവിക്കു";—

"മൽപ്രാണങ്ങളിനുണ്ടുനിന്നൊടരിയോ-
രന്യായമിപ്പോഴെടോ
പത്മാമണ്ഡലരണ്ടു ശങ്കരകവേ;—
നിന്നോമലന്യാദൃശീ

മൽപ്രാണേശപരിമാരലേഖമഹിളാ–
രത്നംതരിന്റീലെടോ
ചെപ്പേലുംമുലമൊട്ടെനിക്കുനളിന–
ത്താർബാണപീഡാനിധേഃ”

ശങ്കരകവി പുനത്തിനു് —

“ധന്യേ, സൽപാത്രദാനം പ്രതിതവ മടിയെ–
ന്തെന്തുമുന്നേകൊടാഞ്ഞു?
കുന്റേലുംകൊങ്കപങ്കേരുഹമുഖിപുനമാം–
നൽക്കവീന്ദ്രന്നതന്ദ്രം
അന്യായംചൊല്ലുമാറാക്കിനതമലഗുണേ–
യുക്തമോചിത്തമല്ലോ
ഖിന്നാ കാണേതടീയം, മദനശരശിഖാ–
ദാരുണം മാരലേഖേ!”

ഈ പദ്യങ്ങളിൽനിന്നും ജീവചരിത്രപരമായി ഒരു കാര്യം ശ്രദ്ധേയമാണു്. പുനം വിവാഹിതനായിരുന്നുവെന്നും ഭാര്യയുടെ പേരു് മാരലേഖയെന്നായിരുന്നുവെന്നും കാണുന്നു. ഈ സ്ത്രീനാമംകൊണ്ടു് പുനം വിജാതീയവിവാഹമായിരുന്നു നടത്തിയിരുന്നതെന്നും വിചാരിക്കാം. ഈ ബന്ധം സജാതീയ വിവാഹത്തിനും പുറമേയായിരുന്നോ അതോ ‘അഫാൻ’ എന്ന നിലയിലുള്ളതായിയിരുന്നോ എന്നു് അവ്യക്തമാണു്. പിന്നീടും ജീവിതകാല പരിശോധന ഇടരാം. പൂർവ്വോക്തനായ ശങ്കരികവി എന്നു ജീവിച്ചിരുന്നു? ഒരു ശങ്കരകവി ശ്രീകൃഷ്ണവിജയം എന്ന കാവ്യം എഴുതിയിട്ടുണ്ടു്. ആ കവിയായിരിക്കണം പുനത്തിന്റെ സമകാലികനെന്നു വിചാരിക്കാം.

ശ്രീകൃഷ്ണവിജയം കാവ്യത്തിന്റെ പ്രാരംഭത്തിലുള്ള ഏതാനും പദ്യങ്ങളിൽ നിന്നും തൽക്കർത്താവായ ശങ്കരകവി, കോലത്തിരി വീരകേരളവർമ്മ രാജാവിന്റെ ആജ്ഞാനുസരണമാണ് ആ കാവ്യം എഴുതിയതെന്നു വിശദമാകുന്നുണ്ട്. അതിനും പൂർവമേ കവിയുടെ ഗുരു, പള്ളിക്കുന്നേത്തു 'രാഘവൻ' എന്നൊരാളാണെന്നും പ്രസ്തുത പദ്യങ്ങളിൽ വിശദപ്പെടുത്തി കാണിച്ചിട്ടുള്ള താകുന്നു. ഈ കോലത്തിരി വീരകേരളവർമ്മരാജാവിന്റെ ഭരണകാലം കൊല്ലവർഷം 598 മുതൽ 621 വരെ യാണെന്നും കവി ഒരു വാരിയർ ആണെന്നും മഹാകവി ഉള്ളൂർ അവർകളും സ്ഥാപിച്ചു പ്രതിപാദിച്ചിട്ടുണ്ട്— ഇങ്ങനെ പുനത്തിന്റെ രണ്ടു സമകാലികന്മാരുടെ ജീവിതകാലം സ്പഷ്ടമായിക്കഴിഞ്ഞുവെന്നു കരുതാം.

ഇനി മറെറാരു സമകാലികനാണ് മാനവേദൻ രാജാവു്. നോക്കുക;—

"ജംഭപ്രദ്വേഷിമുമ്പിൽ സുരവരസദസീ-
തപദ്ഗുണഗ്രാമരമ്യം വീണാ
ഗ്രാമത്തേ പാണൗമുനൗഗായതി സുരസദ്ദശാം—
വിഭ്രമം പൊല്ലുവല്ല!
കമ്പിട്ടാളുവ്വശിപ്പെണ്ണുകമല മുലഞ്ഞു-
മടിക്കുത്തഴിഞ്ഞു-
രംഭയ്ക്കുഞ്ചാവുവട്ടം കുഞ്ചരി തിരുകിനാരം—
മേനകാ മാനവേദൻ!"

ഈ പദ്യവും പുനത്തിന്റെ വകയാണെന്ന പ്രബലമായ ഐതിഹ്യമുണ്ട്. ചില സഹൃദയന്മാർ ഇതിന്റെ

കർത്തൃത്വം ചേലപ്പറമ്പു നമ്പൂതിരിയിൽ ആരോപിക്കുന്നു. ആ ആരോപണത്തിനു ശക്തി കുറവാകയാൽ തല്ക്കാലം പുനമാകട്ടെ ഇതിന്റെ കർത്താവെന്നു് ഇവിടെ ഗണിക്കാം. അങ്ങനെയാണെങ്കിൽ ഈ മാനവേദൻ ഏതെന്നും അദ്ദേഹത്തിന്റെ ജീവിതകാലം എന്നെന്നും കൂടി അറിയേണ്ടിയിരിക്കുന്നു. പുരാതനകാലത്തു് കോഴിക്കോട്ടു് ഒന്നിലധികം മാനവേദരാജാക്കന്മാർ വാണിരുന്നു. 'തായിൽത്തനപീ' എന്ന പദ്യത്തിൽ കാണിച്ചിരിക്കുന്ന 'വിക്രമ നൃവരനും' ഈ പദ്യത്തിലേ 'മാനവേദ'നും ഒരാളാണോ? കൃഷ്ണാട്ടം പൂർവ്വഭാരതം നാം സംസ്കൃതപദ്യം ഇവ രചിച്ചതു് ഒരു മാനവേദരാജാവാണു്. ശുകസന്ദേശത്തിനും ഭോജചമ്പുവിനും ഒരു മാനവേദ രാജാവു് വ്യാഖ്യാനം എഴുതിയിട്ടുണ്ടു്. "കൃഷ്ണോ വിബുധാധി പതിന്നിഷ്ണാതോ വിതരണേഷു വിഖ്യായഃ— മുഷ്ണാതു ഹൃദയതിമിരം പുഷ്ണാതു ച മംഗലാനി സകലാനി." എന്നു് ഒരു നാരായണപണ്ഡിതൻ സ്തുതിച്ചിട്ടുള്ള കൃഷ്ണഗുരുവിന്റെ ശിഷ്യനായി ഒരു മാനവേദ രാജാവും ഉണ്ടായിരുന്നതായി മാനമേയോദയം എന്ന സംസ്കൃതകാവ്യത്തിൽനിന്നുമറിയാം. ഇവർ ഓരോരുത്തരും ഏതേതുകാലങ്ങളിൽ ജീവിച്ചിരുന്നവരാണു്? ഒന്നാമതായി കൃഷ്ണാട്ടം രചിച്ച മാനവേദനെപ്പറ്റി ചിന്തിക്കാം:

"വിക്രാന്ത്യാ ക്രാന്ത വിശ്വദിഷ്ടതയിഹ ഗുരോ—
വ്വിക്രമാഖ്യസ്യരാജ്ഞഃ:
സഭ്രസ്രീയോ മാനവേദോമുരമഥനകഥാ—
വർണ്ണനാലോഭനുന്നഃ:

വിശ്ലേഷാർവ്വണ്ണീശ്വരസ്യപ്രഥയതിപദതു-
പേണകിഞ്ചിത് കഥാം തദം
കാന്താം വിശ്വവിഡ്രാന്താമിഹവിബുധജനാ-
സ്സന്തുസന്തോഷവന്തഃ."

എന്നകൃഷ്ണാട്ടശ്ലോകത്തിൽനിന്നും കവിയുടെ പേര മാനവേദൻ എന്നും മാതുലൻ മാനവിക്രമസാമൂതിരി യെന്നും ധരിക്കാം. ഇദ്ദേഹം മാനവേദചംബു വെന്ന പൂർവ്വോത്തരം ചംബുവിന്റേയും കർത്താവാണു്. കൃഷ്ണാട്ട ത്തിലെ പദ്യത്തിലുള്ള "ഗ്രാഹ്യസ്മൃതിർഗ്ഗാഥകൈ: എന്ന ഭാഗം കൊണ്ടു് കലിദിനം (17,36,612) കണക്കാക്കണ്ണ തായാൽ കൃഷ്ണഗീതിരചിച്ചു തീർത്തതു് കൊല്ലവർഷം 829-ൽ ആണെന്നും, "പാപോല്യലാലസോയം" എന്ന ഭാരത ചംബുവിലെ പദ്യാംശത്തിൽനിന്നും അതുരചി ച്ചതു് കലിദിനം (17,33,111) അനുസരിച്ചു് കണക്കാക്കു ന്നതായാൽ കൃഷ്ണഗീത കൊല്ലവർഷം 823-ൽ ആണെന്നും ധരിക്കാം. മുമ്പു് പുനത്തിന്റെ സമകാലികന്മാ രുടെ നിർണ്ണയിക്കപ്പെട്ട കാലവും ഇക്കാലവുമായി വളരെ അകലമുണ്ടെന്നു് സ്പഷ്ടമാണു്. അതിനാൽ ഈ മാനവേദനല്ലായിരിക്കണം പുനത്തിന്റെ സമകാലികൻ. ഈനിശ്ശ്വകസന്ദേശത്തിന്റേയും ഭോജചംബുവിന്റേയും വ്യാഖ്യാതാവായ മാനവേദനെ നോക്കാം:—

"ലക്ഷ്മ്യാരംഭേശരദിശശിനഃ സപ്തശത്യംഗേകയോശ്ചിത്
പ്രേമ്ണാ യുനോഃ സഹവിരഹതോപേശലാഭി: കലാഭി;
ഭാരാത്തേസ്മിൻ കവനഹതവിധേ ദൂരനീതഃ സ തസ്യാ
ശ്ലാന്തഃ സ്വപ്നേശ്ലകമിതിഗിരാശ്ലാഘ്യയാസന്ദിദേശ"

എന്നശ്ലോകസന്ദേശ പദ്യത്തിൽനിന്നും അതിന്റ നിർമ്മാണ കാലം കൊല്ലവർഷം 664. ഇങ്ങനെന്ന കാണാം. ഈ കാലത്തിനു് അല്പം മുമ്പായി അതായത്തു് കൊല്ലവർഷം 641 മുതൽ 647 വരെ ഒരു മാനവേദൻ രാജാവു് വാണിരുന്ന. ഇദ്ദേഹമാണു് കോഴിക്കോട്ട തളിയിൽ ക്ഷേത്രത്തിലെ 'തനം' അഭിവൃദ്ധിപ്പെടുത്തിയതും വിപ്രശ്രേഷ്ഠിസ്സിനെ പ്രോത്സാഹിപ്പിച്ചതും. ശങ്കരൻ സാമൂതിരിപ്പാട്ടതമ്പുരാൻ എന്ന പേരിലാണു് ഇദ്ദേഹത്തെ അറിയപ്പെടുന്നതു്. ലക്ഷ്മീദാസൻ നമ്പൂതിരിപ്പാടിന്റെ ശ്ലോകസന്ദേശം ഇദ്ദേഹം കണ്ടിരിക്കാൻ ഇടയില്ല. അതിനാൽ അതിന്റെ വ്യാഖ്യാതാവു് നാരായണപണ്ഡിതൻപറയുന്ന മാനവേദനോ, കൃഷ്ണാട്ടകാരനോ ആയിരിക്കണം. പുനത്തിന്റെ 'താരിർത്തനപി' എന്ന പദ്യത്തിൽക്കാണിച്ചിരിക്കുന്ന 'വിക്രമ' നുവരൻ ഈ ശങ്കരൻ തമ്പുരാനും ആയിരിക്കണം. 'ജംഭപ്രദ്വേഷി മുമ്പിൽ' എന്നപദ്യം പുനത്തിന്റേതാണെങ്കിൽ ഇദ്ദേഹത്തിനു 'മാനവേദൻ എന്നപേരും ഉണ്ടായിരുന്നെന്നു കരുതാം. ചേന്നാസ്സു നമ്പൂതിരിയുടേയും ശങ്കരകവിയുടേയും ജീവിതകാലങ്ങളും ഇദ്ദേഹത്തിന്റെ ജീവിതകാലത്തോടടുത്തു തന്നെവരുന്നു മുണ്ടു്. ഇങ്ങനെ മൂന്നുസമകാലികന്മാരുടെ ജീവിതകാലങ്ങളും പൊതുവേ പറയുന്നപക്ഷം കൊല്ലവർഷം 580 നും 860 നും മദ്ധ്യേയാണെന്നു കാണാവുന്നതാണു്.

തന്ത്രസമുച്ചയകാലം അടിസ്ഥാനമാക്കി "പുനം നമ്പൂതിരി കൊല്ലവർഷം 52 നു ശേഷം പ്രബന്ധരചനയിൽ ഏർപ്പെട്ടതായി വിചാരിക്കാം" എന്നു ഡാക്ടർ കോളത്തേരി ശങ്കരമേനോൻ ശ്രീരാമായണചമ്പു

വിന്റെ അവതാരികയിൽ പറഞ്ഞിരിക്കുന്നു. പുനത്തിന്റെ കൃതിയെന്നു കരുതിവരുന്ന 'രാമായണചമ്പുവിൽ രാമാഭിഷേകത്തിനു 'പറങ്കിഞ്ഞാപ്പികഥം' ധരിച്ചു ആളകഥം വന്നിരുന്നുവെന്നുള്ള പ്രസ്താവനയും, സീതാസ്വയംവരംചമ്പുവിൽ തുലുഷ്ണോപി മുഷ്ണോടണഞ്ഞാ ത്രരോ ƒ ഭ്രൽ എന്ന പ്രസ്താവനയും പോർട്ടുഗീസുകാരും മഹമ്മദീയരും കേരളത്തിലുണ്ടായിരുന്നുവെന്നു കാണിക്കുന്നു ഇവരിൽ പോർട്ടുഗീസുകാർ കേരളത്തിൽ വന്നതു് കൊല്ലവർഷം 647-ൽ ആണു്. മഹമ്മദീയർ അതിനുമുമ്പുതന്നെ കേരളവുമായി വാണിജ്യബന്ധത്തിലേർപ്പെട്ടിരുന്നവരാണു്. അങ്ങനെയാണെങ്കിൽ പുനം കൊല്ലവർഷം 680-നോടടുത്തുവരെജീവിച്ചിരുന്നുവെന്നും തന്ത്രസമുച്ചയകാരന്റേയും ശങ്കരകവിയുടെയും പ്രഭാവകാലത്തു പുനത്തിനു ബാല്യപ്രായമായിരുന്നെന്നും കരുതേണ്ടിയിരിക്കുന്നു. ഇനി ഒരു പ്രശ്നംകൂടി ചിന്തിച്ചുശേഷം തീരുമാനത്തിലെത്താം. കോലത്തിരി വീരകേരളവമ്മ രാജാവിന്റെ ദിവംഗതിക്കുശേഷം കോലത്തിരിയായ ഉദയവമ്മരാജാവു് കൊല്ലവർഷം 621 മുതൽ 640വരെ രാജ്യഭാരംചെയ്തു. അദ്ദേഹത്തിന്റെ സദസ്യനായിരുന്ന മഹാകവി മൂർഖന്മൂസായ കൃഷ്ണഗാഥാകാരൻ കൊല്ലം 547-ലെ ഒരു രേഖയിൽനിന്നും കോലത്തുനാട്ടിൽ ഒപെട്ട കാനത്തൂർ ഗ്രാമത്തിൽ ചെറുശ്ശേരി, അഥവാ, ചെറുശ്ശേരി എന്നൊരില്ലമുണ്ടായിരുന്നതായി തെളിയുന്നുണ്ടു്. കോലസ്വരൂപത്തിലെ കുലദേവതയായ തിരുവർകാട്ടു കാവിലെ തേവാരിസ്ഥാനം 'പൊനം' എന്ന ഇല്ലത്തേക്കായിരുന്നു; തന്നിമിത്തം ആ

ഇല്ലംകാവിൽ 'പൊനം' എന്ന പേരിലും അറിയപ്പെട്ടിരുന്നു. ചെറുശ്ശേരി ഇല്ലത്തു് കരിക്കൽ ഒരു ഉണ്ണിനമ്പൂതിരിമാത്രം അവശേഷിക്കുകയും ആ ഉണ്ണിയേ പൊനത്തിലേയ്ക്കു കൊണ്ടുപോകുകയും ചെയ്തു എന്നും അദ്ദേഹമാണു് കൃഷ്ണഗാഥ നിർമ്മിച്ചതെന്നും ഉത്തരകേരളത്തിൽ ഒരു ഐതിഹ്യമുണ്ടു്. പൊനത്തിൽ ശങ്കരൻ നമ്പിടിക്കു കൊല്ലം 629-ൽ ഉദയവർമ്മരാജാവു് വീരശൃംഖലയും മറ്റും സമ്മാനിക്കയുണ്ടായി. ഉത്തരകേരളത്തിൽ നമ്പൂതിരിമാനേനയ്യിടിമാർ എന്നും പറയും. 627-ൽ ഉദയവർമ്മാ സാമൂതിരിയുമായി സഖ്യംചെയ്തു എന്നും 629-ൽ പൊനത്തിൽ കുഞ്ഞുനമ്പിടിയേ സാമൂതിരി കോവിലകത്തേയ്ക്കു് അയച്ചുകൊടുത്തു എന്നുംക്കൂടി ചില രേഖകളിൽ നിന്നു വെളിവാകുന്നു. ഈ കുഞ്ഞുനമ്പിടിയായിരിക്കാം രാമായണചമ്പുവിന്റെ നിർമ്മാതാവു് എന്ന പ്രസ്തുത വിഷയത്തിൽ പ്രശംസനീയങ്ങളായ പല ഗവേഷണങ്ങളും നടത്തിയിട്ടുള്ള ശ്രീമാൻ ചിറയ്ക്കൽ ബാലകൃഷ്ണൻനായർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തിന്റെ സാധുതയെപ്പറ്റി നിഷ്കൃഷ്ടമായി ഒരു ചർച്ചചെയ്യുന്നതിനു് ഇതല്ല അവസരം. എന്നാൽ പുനംനമ്പൂതിരിയാണു് കൃഷ്ണഗാഥ രചിച്ചതെന്നൊരു ഐതിഹ്യം ആ ഗ്രന്ഥത്തിന്റെ ജന്മഭൂമിയായ ഉത്തരകേരളത്തിൽ പണ്ടേയ്ക്കു പണ്ടേ പ്രചരിക്കുന്നുണ്ടെന്നും ചെറുശ്ശേരി'യെന്ന അതിനു കേരളത്തിന്റെ ഇതരഭാഗങ്ങളിൽ സംജ്ഞാന്തരമുണ്ടെന്നും സിദ്ധമായിരിക്കുന്ന സ്ഥിതിക്കു് ചെറുശ്ശേരി, പുനം, ഈ രണ്ടു നമ്പൂതിരി ഇല്ലങ്ങൾക്കും തമ്മിൽ ഏതാനും തരത്തിൽ

ഒരു ബന്ധമുണ്ടായിരുന്നു എന്നും പുനത്തില്ലത്തിലെ ഒരങ്ങ്ഗമാണു് സാമൂതിരി കോവിലകത്തെ സദസ്യനായി ചമ്പുനിർമ്മാണത്തിൽ ഏർപ്പെട്ടതെന്നും സമ്മതിക്കാവുന്നതാണു്" എന്നിങ്ങനെ 'ഭാഷാചമ്പുക്കൾ' എന്ന ഗ്രന്ഥത്തിൽ മഹാകവി ഉള്ളൂർ അവർകൾ പ്രസ്താവിക്കുന്നു. സാഹിത്യപഞ്ചാനനൻ ശ്രീ. പി. കെ. നാരായണപിള്ളയുടെ സുപ്രസിദ്ധവും സുദീർഘവുമായ കൃഷ്ണഗാഥാനിരൂപണം'കൊണ്ടു് ഗാഥയുടെ കർത്തൃത്വം, ഉത്തരകേരളത്തിൽ കവുമ്പ്രനാട്ടുതാലൂക്കിൽ പെരുശ്ശേരിക്കാരനെന്നും പുനം എന്ന പേരിൽ അറിയപ്പെട്ടുന്ന പുരാതന ചമ്പൂകാരനല്ലെന്നും ദാക്ഷിണാത്യരായ സഹൃദയർ ഉറപ്പായി ധരിച്ചിട്ടില്ലെങ്കിലും ഔത്തരാഹർ ഇതിന്റെ കർത്തൃത്വം പുനത്തിൽത്തന്നെ ആരോപിച്ചു കൊണ്ടിരിക്കുന്നുണ്ടു്. ഈ സ്ഥിതിയും, മഹാകവി ഉള്ളൂർ അവർകളുടെ അഭിപ്രായവും, ഗാഥാകർത്തൃത്വവിചിന്തനത്തിനു വീണ്ടും മാർഗ്ഗം തുറന്നിരിക്കുന്നു. അങ്ങനെ ഗാഥാകാരനെന്നും ചമ്പൂകാരനെന്നും രണ്ടു പുനം ഉണ്ടായിരുന്നുവെന്നും വരുന്നു എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള സമകാലികന്മാരുടെ ജീവിതകാലവും ശ്രീ ബാലകൃഷ്ണൻനായർ കാണിക്കുന്ന കാലങ്ങളും ചരിത്രവസ്തുതകളും ആസ്പദമാക്കി നോക്കിയാൽ ഒരേപുനംതന്നെയാണു് ഗാഥയും ചമ്പുക്കളും രചിച്ചതെന്നും അദ്ദേഹത്തിന്റെ പേരു് ശങ്കരൻ എന്നായിരുന്നെന്നും പ്രാരംഭകാവ്യവ്യവസായമായി ഗാഥാനിർമ്മാണം പരിഗണിക്കപ്പെടാമെന്നും രാമായണാദി ചമ്പുക്കൾ അനന്തരരചനയുടെ വിധേയങ്ങളാണെന്നും പറയുന്നതു സംഗതമായിരിക്കുമെന്നു് അഭിപ്രായപ്പെടാമോ? എന്നാൽ ഈ

അഭിപ്രായത്തിന് അത്ര പ്രാബല്യം നൽകാമെന്നു തോന്നുന്നില്ല. കാവിൽ പൊന്നവും കുത്തുപറമ്പിലെ പുന്നവും രണ്ടായിരിക്കണം. കാവിൽ പൊന്നം എന്ന വഴിക്കായിരിക്കാം ഗാഥാകാരൻ പുന്നമെന്ന് ചിലർ വിചാരിക്കുന്നതു്. ചമ്പുകാരൻ അതു പുന്നമാണെന്ന് തീർച്ചപ്പെടുത്തുന്നതു സാഹസമാണു്. കവിതാസരണിയിൽ ഗാഥാകാരനും ചമ്പുകാരനും തുലോം ഭിന്നന്മാരാണെന്നു് അവരുടെ കാവ്യങ്ങളും സഹൃദയർക്കു് വേണ്ടുവോളം ഉൽബോധനം നൽകുന്നുണ്ടു്. പുനത്തിന്റെ മണിപ്രവാള പ്രതിപത്തിയും പ്രയോഗനിപുണതയും ഗാഥാകാരനില്ല. അതുപോലെതന്നെ ഗാഥാകാരന്റെ അലങ്കാരപ്രയോഗത്തിലുള്ള അപരിഹാര്യമായ ആസക്തി പുനത്തിൽ കാണുന്നില്ല. ഫലിതക്കാര്യത്തിൽ രണ്ടുപേരും ഒട്ടും പുറകിലല്ല. എങ്കിലും പുനത്തിന്റെ ഫലിതം ഉജ്ജ്വലവും വൈശദ്യം നിറഞ്ഞതുമാകുന്നു. രാമായണ ചമ്പുവിൽ പല ഭാഗങ്ങളും ഇതിനു തെളിവാണു്. ചെറുശ്ശേരിയുടെ ഫലിതം മധുരസുന്ദരമായിട്ടുള്ളതാണു്. ഗാഥയിലെ മോഹനമായ ശൈലി ചമ്പുകാരനിൽ പ്രകടമല്ല. ഇതിനും പുറമേ അദ്ധ്യാത്മരാമായണം കിളിപ്പാട്ടു വായിക്കുമ്പോൾ മഹാഭാരതം കിളിപ്പാട്ടും, ആ ഗ്രന്ഥം വായിക്കുമ്പോൾ അദ്ധ്യാത്മരാമായണവും സ്മരിക്കാൻ കഴിയുന്ന ഒരവസ്ഥാവിശേഷം സഹൃദയർക്കുണ്ടാകുന്നു. ഇതുപോലെയുള്ള ഒരു പ്രതീതി ഗാഥയും ചമ്പുവും വായിക്കുമ്പോൾ സഹൃദയലോകത്തിനു് സംജാതമാകുന്നില്ല. അതിനാൽ ഗാഥാകാരനായ ചെറുശ്ശേരി അഥവാ കാവിൽ പൊന്നം ചമ്പുകാരനായിരിക്കയില്ലെന്നു കരുതുന്നതാണു സാഗത

മെന്നു പറയേണ്ടിയിരിക്കുന്നു. പൂർവ്വോക്തങ്ങളായ മറ്റു കാരണങ്ങളാൽ പുനം നമ്പൂതിരിയുടെ ജീവിതകാലം കൊല്ലവർഷം 580-നും 680-നും ഇടയ്ക്കായിരുന്നെന്നു തീർച്ചപ്പെടുത്തുന്നതിൽ അസാംഗത്യമില്ലാതെയും ഇരിക്കുന്നു.

പുനത്തിന്റെ ജീവിതകാലം സംബന്ധിച്ചു് ഒരു തീരുമാനത്തിലെത്തിയിരിക്കുന്ന ഈ സന്ദർഭത്തിൽ, ഈ വിചിന്തനത്തിന്റെ പ്രാരംഭത്തിൽ നിർദ്ദേശിച്ച നീലകണ്ഠകവിയുടെ ചമ്പൂക്കളിൽ കാണുന്ന ഐകരൂപ്യം സംബന്ധിച്ച അല്പം കാര്യങ്ങൾ പ്രസ്താവിക്കാതെ തരമില്ല. കർത്തൃത്വനിർണ്ണയത്തിനു നിരൂപകന്മാർക്കു വിഷമമുണ്ടാക്കുന്ന ഈവിധ ഐകരൂപ്യങ്ങൾക്കു സമാധാനം നിർണ്ണയിക്കുക കുറേ ക്ലേശകരമാണെങ്കിലും ചിന്തിക്കാതെ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. പുരാതന ചമ്പുക്കളിൽ പലതിനും പരസ്പരം ഐകരൂപ്യം എന്നൊരവസ്ഥാവിശേഷം കാണുന്നുണ്ടു്. അന്യ കവിതകളിൽ നിന്നും ആശയം, പാഠം, ഭാഗങ്ങൾ ഇങ്ങനെ പലതും സ്വകവിതയിൽ ചേർക്കുന്ന ഒരു സ്വാതന്ത്ര്യം പുരാതന കാലത്തുണ്ടായിരുന്ന പല ചമ്പുകാരന്മാരും സ്വീകരിച്ചിരുന്നു. സംസ്കൃത കാവ്യങ്ങളിൽ നിന്നും — ആ ഭാഷയിലുള്ള ചമ്പുക്കളിൽനിന്നും മാത്രമല്ല, ഭാഷാചമ്പുക്കളിൽ നിന്നും കൂടി ഇപ്രകാരമുള്ള ഭാഗങ്ങൾ പല ചമ്പുക്കളിലും പ്രക്ഷേപിച്ചിട്ടുണ്ടെന്നു പരിശോധിച്ചാലറിയാം. ഭാരതം, രാമായണം, കോടിവിരഹം, ചെല്ലൂർ നാഥോദയം ഇങ്ങനെ പലേ പുരാതന ഭാഷാചമ്പുക്കളിലും ഈ പ്രക്ഷേപണരീതി ധാരാളമായിക്കാണാം. രഘുവംശം,

ഉത്തരരാമചരിതം, ശാകുന്തളം, ബാലഭാരതം മുതലായ വിവിധ സംസ്കൃതകാവ്യങ്ങളിലെ ശ്ലോകങ്ങളും അതേപടി ചമ്പുകാരന്മാർ പകർത്തി ചേർത്തിട്ടുണ്ട്. ഈ പ്രകൃതത്തിൽ ചില ഉദാഹരണങ്ങളുംമാത്രം കാണിക്കാം:—

"രാമമന്മഥശരേണതാഡിതാ—
ദ്യസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ."

എന്ന രഘുവംശപദ്യം രാമായണം ചമ്പുവിൽ താടകാനിഗ്രഹഘട്ടത്തിൽ ചേർത്തിരിക്കുന്നു. ഇപ്രകാരമുള്ള പ്രക്ഷേപണങ്ങളും രാമായണചമ്പുവിൽ ധാരാളമുണ്ട്.

കാമദഹനം ചമ്പുവിൽ ഹരൻ, കാമനെ ഭസ്മാവശേഷനാക്കിയതായി വർണ്ണിക്കുമ്പോൾ കുമാരസംഭവത്തിലെ:—

"കോപം പ്രഭോ സംഹര സംഹരേതി—
യാവത് ഗിരഃ ഖേചരതാം ചരന്തീ
താവത് സ വഹ്നിർഭവനേത്രജന്മാ—
ഭസ്മാവശേഷം മദനം ചകാര"

എന്ന പദ്യം ചേർത്തുകാണുന്നു. ഭാരതം ചമ്പുവിൽ;

"ഭജസ്വകൃതിനം കുഞ്ചിന്നവയൗവനഭ്രഷ്ടിതം
വീരുധോപി ന രോചന്തേ വിനാ വൃക്ഷാവലം
ബലം"

എന്ന ബാലഭാരതം ദശമസർഗ്ഗത്തിലെ ശ്ലോകവും;

"ഈവണ്ണം ഭണ്ഡിയാതേ ദിനമനുകമനീയാംഗി!
വിത്താനുകൂലം
ലാവണ്യാഭോഗവിത്തം കമപി ഭജപ്രൗഢിമാനം
യുവാനം
പൂവൽപ്പോർകൊങ്കയാണാ കളവുപറകയല്ലാ–
മലേ, പുഷ്പിതാനാം
പൂവല്ലീജാതികൾക്കും വരവിടപിനി ചേന്നിടിലേ
ഭങ്ഗിയുള്ളൂ"

എന്ന ശ്ലോകവും നോക്കുക.

"കദാചിൽ കീചകഃ കൃഷ്ണാം സുദേഷ്ണാസദ്മനി സ്ഥിതാം
ദൃഷ്ട്വാ യയൗ സുരേഷ്ണാം–കൃതാന്തസ്യ ച ലക്ഷ്യതാം"

എന്ന ബാലഭാരതശ്ലോകവും;—

"ഇത്ഥം മേവുന്ന കാലത്തൊരു ദിവസമകാ–
ണ്ടേസുദേഷ്ണാലയസ്ഥാം
കൃഷ്ണാം ദൃഷ്ട്വാ ബലീ കീചകനവനിപതീ
സ്യാലതാ ഗർവ്വിതാത്മാ
പൊൽത്താർബാണാശുഗാനാമപി ച പിതൃപതീ-
പാശത്തിനും ലക്ഷ്യതാം
പൂണ്ടത്യന്തംപ്രസ"ഖ്യാ ഗളിതധൃതിഗിരാം
വിക്ലബാം വാചമൂചേ."

എന്ന ഭാരതചമ്പുശ്ലോകവും ആശയ വിവർത്തനത്തിനുള്ള പല ദൃഷ്ടാന്തങ്ങളിൽ ചിലതാണു്. ഭാരതചമ്പുവിലേയും നാരായണീയത്തിലേയും പല പദ്യങ്ങൾക്കും

സാദൃശ്യവും ഐകരൂപ്യവും ഉണ്ടു്. രാജരത്നാവലീയത്തിലേ അനേകം പദ്യങ്ങൾ കോടിവിരഹത്തിലും അതിലേ ഏതാനും പദ്യങ്ങൾ രാമായണം, കംസവധം, നാരായണീയം ഇവയിലും കാണുന്നു. രാമായണചമ്പുവിലും ചെല്ലൂർ നാഥോദയം ചമ്പുവിലും അനവധി ഭാഗങ്ങൾ ഒന്നായിരിക്കുന്നു. അവ തമ്മിൽ പലതിനും ഭേദഗതി മിക്കവാറും നാമമാത്രമാണു്. ഇവിടെ ഐകരൂപ്യം ഉദ്ധരിക്കാൻ തുടങ്ങിയാൽ ചെല്ലൂർ നാഥോദയം ചമ്പു മിക്കവാറും പകർത്തിയെഴുതേണ്ടിവരും. അതിനാൽ ആ സാഹസത്തിനുമുതിരാതെ മാതൃകയ്ക്കു് ഒരു പദ്യം കാണിക്കാം:—

"ഗൗരിസൗഭാഗ്യരാശേ! ജയ ജയ തൊഴുതേ—
നമ്പിലെൻ തമ്പിരാനേ!
മാമാ! തൃക്കൈകളിൽത്തങ്ങിനവരഭയം—
മാൻകിടാവോരം കൂടാരം.
വാർമേവും പന്നഗേന്ദ്രാഭരണമമലമേ-
സ്സാംഗരാഗാഭിരാമം
പൂമെയ്യും പൂണ്ണശോഭം മമ മനസി പുല—
മ്പേണമെൻ തമ്പിരാനേ!"

എന്ന രാവണോത്ഭവം ചമ്പുവിലെ പദ്യത്തിൽ നാലാംപാദത്തിലെ 'പുലമ്പേണമെൻ' എന്നതു 'പുലമ്പേണമേ' എന്നു മാറ്റിയാൽ ചെല്ലൂർനാഥോദയപദ്യം 53. ചുരുക്കിപ്പറയുന്നപക്ഷം രാവണോത്ഭവം ചമ്പുവിലെ 25-മുതൽ 30 വരെ പദ്യങ്ങളും ചെല്ലൂർ നാഥോദയത്തിലെ 59 മുതൽ 64 വരെ പദ്യങ്ങളും ഒന്നുതന്നെ

ചിലതിനു വളരെ ലഘുവായ പാഠഭേദങ്ങൾ മാത്രമാണു ള്ളതു്. ചെല്ലൂർനാഥോദയത്തിലെ 'ശതസോമ'ന്റെ തപസും രാവണോത്ഭവം ചമ്പുവിലെ രാമന്റെ തപസും വർണ്ണിക്കുന്ന പ്രസ്തുതപദ്യങ്ങൾ ഒന്നുതന്നെയാകുന്നു. രാമായണം ചമ്പുവിൽ ശ്രീരാമന്റെ രാജ്യഭാരം വർണ്ണിക്കുന്ന ഭാഗത്തിനും നാരായണീയം ചമ്പുവിൽ ശ്രീകൃഷ്ണന്റെ രാജ്യഭാരം വർണ്ണിക്കുന്നതിനുംതമ്മിലുള്ള ഐകരൂപ്യവും ശ്രദ്ധേയമാണു്!—

"മാനമകന്ന വസിച്ചീലൊരുവൻ
മാനകലാസു ചതിച്ചീലൊരുവൻ
പരധനരാശി കവർന്നീലൊരുവൻ
പരപരിവാദമിയന്നീലൊരുവൻ
വ്യാധിപിടിച്ചു കിടന്നീലൊരുവൻ
വ്യാജമിളക്കി നടന്നീലൊരുവൻ"

(സീതാ പരിത്യാഗം ചമ്പു.)

ഇത്യാദി ഭാഗങ്ങൾ നാരായണീയത്തിൽ അല്പമായ ഭേദത്തോടുകൂടി കാണാം. നോക്കുക:—

"മാനമകന്ന വസിച്ചീലൊരുവൻ
മാനകലാസ്സു ചതിച്ചീലൊരുവൻ
മെല്ലന്തട്ടിനടന്നീലൊരുവൻ
പല്ലുകടിയിരുന്നീലൊരുവൻ.
ചൊറുമക്കുത്തും ചെയ്തീലൊരുവൻ."
ചൊറും കുറള പറഞ്ഞീലൊരുവൻ.

(നാരായണീയം ചമ്പു)

"പാലാഴിത്തയുലാം തൻതിരുനയനകലാ-
ലോല ലോലംബമാലാ-
മീലാരംഭ്ഗം, ഭുജങ്ഗേശ്വരമണിശയനേ-
തോയാരാശൗ ശയാനം.
മേലേ മേലേ തൊഴുന്നേൻ ജഗദുദയപരി-
ത്രാണസംഹാരദീക്ഷാ-
ലോലാത്മാനം പരന്തപ്രണതസകലദേ-
വാസുരം വാസുദേവം"

എന്ന ഭാരതം ചമ്പുവിലെ വന്ദന ശ്ലോകം തന്നെ നാരായണീയം ചമ്പുവിലും കാണുന്നുണ്ട്. പാണ്ഡവന്മാരുടെ ബാലക്രീഡ വർണ്ണിക്കുന്ന ഭാരതംചമ്പുവിലെപദ്യം:—

"ഉദ്ദിക്കാൻ കളഭങ്ങളെ ച്ചെവിപിടിച്ചുച്ചൈരിഴ-
ച്ചുങ്ങിടം
തകൈത്താർകൊണ്ടുപരേണ കേസരി ശിശ്രുനാകൃഷ്യ
ബാലാഞ്ചലൈഃ
പ്രത്യേകം പ്രസമീക്ഷ്യ തന്നിലിയലും ഭീതിപ്രകോ
പോദ്ഗമാൽ
ബലൗത്സുക്യഭരം ചിരിച്ചുമുടയം ക്രീഡാദധുർബ്ബാ
ലകാഃ'

എന്നാണ്. ഈ ആശയം തന്നെ:—"കേചിദന്യോന്യമഹാ കംമിസിംഹങ്ങളെത്തങ്ങളെ കൈപിടിച്ചുതട്ടാടോപമന്യോന്യമെത്തും ഭയക്രോധഭാവങ്ങളെക്കൊണ്ടു പ്രചാരം ചിരിച്ചും" എന്ന തെങ്കൈലനാഥോല്ലയത്തിലെ ഒരു

ശൈലശ്രേഷ്ഠത്തിലും കാണുന്നു. ഭാരത ചമ്പുവിലേയും ചെല്ലൂർനാഥോദയം ചമ്പുവിലേയും കൈലാസ വർണ്ണനയും സാരമായ ഐകരൂപ്യമുണ്ട്.

"ബാലാബലം ഭരിമുഖേ കമലാസഹംയേ
നാലഞ്ചുപത്തുമറി കാചന കാമഖിന്നാ
അലോലകങ്കണ മുടഞ്ചിതബാഹുമൂലം
പ്രീളാകലാ തിലകിനാളണി കേശഭാരം"

ഈ പദ്യം കംസവധത്തിലും നാരായണീയത്തിലും ഒരുപോലെ കാണുന്നുണ്ട്. കംസവധത്തിലെ മറ്റു ചില പദ്യങ്ങളും അല്പമായ ഭേദഗതിയോടുകൂടി നാരായണീയത്തിൽ കാണുന്നുണ്ട്. അയോദ്ധ്യാനഗരിയും ദ്വാരകയും വർണ്ണിക്കുന്ന പദ്യം മിക്കവാറും ഒന്നുതന്നെ. അംഗുലീയാങ്കം ചമ്പുവിലെ ഒരു പദ്യത്തിന്റെ പൂർവ്വാർദ്ധം രാജരത്നാവലീയം ചമ്പുവിലും അതേപടി കാണുന്നുണ്ട്. സീതാസ്വയംവരം ചമ്പുവിൽ സീതയെ വർണ്ണിക്കുന്ന ഭണ്ഡകംതന്നെ ചെല്ലൂർനാഥോദയത്തിലും ഒരു ഘട്ടത്തിൽ കാണുന്നുണ്ട്. ഭാരതം ചമ്പുവിൽ ശിവരൂപം വർണ്ണിക്കുന്ന പല പദ്യങ്ങളും തൈങ്കലനാഥോദയം ചമ്പുവിലും അതേപടി കാണാവുന്നതാണ്. ഇങ്ങനെ ഐകരൂപ്യത്തിന് ഇനിയും ധാരാളം ഉദാഹരണങ്ങളുണ്ട്.

പുരാതനഭാഷാചമ്പുക്കളിലുള്ള ഈ ഐകരൂപ്യത്തെപ്പറ്റി പല തത്പരന്മാരും അനുമേയമാണ്. ഈ ഐകരൂപ്യം കൊണ്ട് ഏതു കർത്തൃത്വം വിധിക്കുന്നതു സാഹസമാണ്. 'ചർവ്വിത ചർവണം' യോഗ്യതയുടെ ഒരു മാനദണ്ഡമായി വിചാരിക്കുന്നവർ അത്രയധികം കാണു

മെന്നു തോന്നുന്നില്ല. എന്നാൽ ചില ഐകരൂപ്യങ്ങൾ ചില കവികൾക്കു പ്രത്യേകമായുള്ള പൊതുമുദ്രകളായി രിക്കുമെന്നു ചില നിരൂപകന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. അപ്രകാരമുള്ള പൊതുമുദ്രകളടങ്ങിയ ഗ്രന്ഥങ്ങളുടെയെല്ലാം നിർമ്മാതാവു ഒരാൾ തന്നെയായും വരാം. ഭാഷാനൈഷധം ചമ്പുവിലെ "പ്രത്യക്ഷ സപ്തസ്വൈരവ്യംചിരമനുബുഭുജേനൈഷധോ നീതിശാലീ" എന്ന പ്രയോഗവും രാജരത്നാവലീയത്തിലെ "പ്രത്യക്ഷസപ്തസ്വരസൗഭാഗ്യശ്രിയമനുഭുജേ ഭ്രഷ്ണം ഭൂപതീനാം" എന്ന പ്രയോഗവും കോടിവിരഹത്തിലെ "പ്രത്യക്ഷസപ്തസ്വരസൗഭാഗ്യശ്രീയമനുഭുജേതത്ര സംഗീതകേളൗ" എന്ന പ്രയോഗവും, അവമൂന്നും മഹിഷ (മഴ) മംഗലം നമ്പൂതിരിയുടെ കൃതികളാണെന്നുള്ളതിനു ചില നിരൂപകന്മാർ തെളിവായി അംഗീകരിച്ചിട്ടുള്ളതായും കാണുന്നുണ്ടു്. ഏതായാലും പൂർവ്വോക്തങ്ങളായ ഐകരൂപ്യങ്ങളും സാദൃശ്യങ്ങളും ഈ പൊതുമുദ്രകളുടെ മാത്രമല്ല. ചമ്പൂകാരന്മാർ സ്വീകരിച്ച മട്ടിലുള്ള ഐകരൂപ്യങ്ങൾ മറ്റുതരം കാവ്യകാരന്മാരും അംഗീകരിച്ചിട്ടുണ്ടെന്നു് പരിശോധിച്ചാൽ അറിയാവുന്നതാണു്. വ്യാസവാത്മീകി പ്രഭൃതികളായ പൗരസ്ത്യ കവികളുടെ കൃതികളിലേയും അഥവാ അഗ്നിപുരാണാദി ഗ്രന്ഥങ്ങളിലേയും ആശയങ്ങളും ഇതിവൃത്തങ്ങളും പിൽക്കാലങ്ങളിൽ കാളിദാസാദി ലോകോത്തര കവികൾ പോലും അംഗീകരിച്ചിട്ടുണ്ടെന്നുള്ള വസ്തുത സാഹിത്യലോകത്തിൽ സുപ്രസിദ്ധമായിട്ടുള്ളതാണല്ലോ. സാധാരണ മനുഷ്യാതീതങ്ങളായ ചില അവസ്ഥാ വിശേഷങ്ങളും കവികളിൽ ഉള്ളതുകൊണ്ടായിരിക്കണം മഹാക

കവികളുടെ ആശയങ്ങൾക്ക് സമാനതപം ഉണ്ടാകുന്നത്. എന്നാൽ ഒരേ പദ്യത്തിൽ ഒന്നിലധികം കവികളുടെ കൃതികളിൽക്കാണുന്നത് സകലനിബന്ധനഗ്രന്ഥത്തിലും ഇന്നത്തെ സഹൃദയലോകത്തിന് അത്ഭുതജനകവും ആയിട്ടുള്ളതാണ്. 'ഭാസ' മഹാകവിയുടെ 'ചാരുദത്തം' നാടകത്തിനും ശൂദ്രകന്റെ 'മൃച്ഛകടിക'ത്തിനും മുള്ള അന്യാദൃശമായ സാദൃശ്യം സംസ്കൃതസാഹിത്യപണ്ഡിതലോകത്തിന സുവിദിതമായിട്ടുള്ളതാണ്. ഇതിലേയ്ക്ക് ചില ഉദാഹരണങ്ങൾ കാണിക്കാം:—

"യാസാം ബലിർഭവതി മദ് ഗൃഹദേഹലീനാം
ഹംസൈശ്ച സാരസഗണൈശ്ച വിലോലപുഷ്പൈഃ
താസേവ പൂർവ്വബലിതൃഷ്ണയവാങ്മുരാസു
ബീജാഞ്ജലിഃ പതതി കീടമുഖാവലീഢഃ"

(ചാരുദത്തം—പ്രഥമോങ്കഃ ശ്ലോ. 2)

"യാസാംബലിഃ സപദി മദ് ഗൃഹദേഹലീനാം
ഹംസൈശ്ച സാരസഗണൈശ്ച വിലുപ്ത പൂർവ്വഃ
താസേവ സംപ്രതി വിതൃഷ്ണ തൃണാങ്കുരസു-
ർബ്ബീജാഞ്ജലിഃ പതതി കീടമുഖാവലീഢഃ"

(മൃച്ഛകടികം പ്രഥമോങ്കഃ ശ്ലോ. 4)

"ഉദയതിഹി ശശാങ്കഃ ക്ലിന്നഖർജ്ജൂരപാണ്ഡു-
ർയ്യുവതി ജനസഖായോ രാജമാർഗ്ഗപ്രദീപഃ
തിമിരനിചയമല്യൈ രശ്മയോയ്യസ്യഗൗരാ-
ഹ്ഗജല ഇവ പങ്കേ ക്ഷീരധാരാ പതന്തി"

(ചാരുദത്തം പ്രഥമോങ്കഃ ശ്ലോ 19)

"ഉദയതിഹി ശശാങ്കഃ കാമിനിഗണ്ഡപാണ്ഡു-
ർഗ്രഹഗണപരിവാരോ രാജമാർഗ്ഗപ്രദീപഃ
തിമിരനികരമദ്യൈ രശ്മയോയ്യസ്യ ഗത്വാഃ-
സ്രുതജല ഇവ പങ്കേ ക്ഷീരധാരാഃ പതന്തി."

(മൃച്ഛകടികം പ്രഥമോങ്കഃ ശ്ലോ. 57)

ഇതുപോലെ ധാരാളമുണ്ട്. വിശിഷ്യ രണ്ടു നാടകങ്ങളിലെയും കഥാഘടനയിലും വലേ വിധത്തിലുള്ള സൈകര്യച്ചുരുക്കം കാണാവുന്നതാണ്. വാല്മീകി രാമായണം വിശ്വാമിത്രോപാഖ്യാനത്തിലെ ചില ഭാഗങ്ങൾ ഭാരതത്തിലെ വിശ്വാമിത്രോപാഖ്യാനത്തിലും കാണാം:—

"ഇക്ഷ്വാകുണാമധ്യം സ്ഥാലാജാന്മൈരേയാം-
ശ്ച വരാസവാൻ
പാനാനിച മഹാർഹാണി ഭക്ഷ്യാംശ്ചോച്ചാ-
വചാംസ്തഥാ."
(വാല്മീകി. സർഗ്ഗം 53. ശ്ലോ. 2)

"ക്രപാരശ്ച ഘൃതസമ്പൂർണ്ണാഗൗഡ്യാന്നാനി-
സഹസ്രാണി
ഇക്ഷ്വാകുണാമധ്യനി ലാജാംശ്ച മൈരേയാം
ശ്ചവരാസവാൻ."
(ഭാരതം. ആദിപർവ്വം അദ്ധ്യാ: 175, ശ്ലോ. 2)

"ഗവാം ശതസഹാസ്രാണി ദിയതാം ശബളാമമ-
രത്നംഹി ഭവന്നേതദ്രത്നഹരീ ത്വ പാർത്ഥിവഃ"
(വാല്മീകി. സർഗ്ഗം 53. ശ്ലോ. 9)

"മതംഹിഭഗവന്നേതത്രണാഹീ ച പാർത്ഥിവഃ
ക്ഷത്രിയോഽഹം ഭവാനപിപ്രഃതപഃസ്വാധ്യായ-
സാധകഃ

(ഭാരതം. ആദിപർവ്വം അദ്ധ്യാ: 175 ശ്ലോ: 18)

"ധിഗ്ബലം ക്ഷത്രിയബലം ബ്രഹ്മതേജോ-
ബലം ബലം
എകേന ബ്രഹ്മദണ്ഡേന സർവ്വാസ്ത്രാണിഹതാ-
സമേ."

(വാല്മീകി സർഗ്ഗം 53 ശ്ലോ. 23)

"വിശ്വാമിത്രക്ഷത്രഭാവംനിർവ്വിണ്ണോ-
വാക്യമബ്രവീത്
ധിഗ്ബലം ക്ഷത്രിയബലം ബ്രഹ്മതേജോ-
ബലം ബലം."

(ഭാരതം-ആദിപർവ്വം അദ്ധ്യാ. 175. ശ്ലോ. 45)

മഹാകവി മൂർദ്ധന്യനായ മേൽപത്തൂർ നാരാണ ഭട്ടതിരി രചിച്ചിട്ടുള്ള ചമ്പൂപ്രബന്ധങ്ങളിലും പ്രക്ഷിപ്ത ഭാഗങ്ങളും ധാരാളം കാണുന്നുണ്ട്. മാഘം, ബാലഭാരതം, മുതലായവയിൽ നിന്നാണ് അദ്ദേഹം ശ്ലോകങ്ങൾ സ്വീകരിച്ചിട്ടുള്ളതും. ഭാഷാചമ്പൂകാരന്മാർ സംസ്കൃതത്തിൽ അത്യുജ്ജ്വലമായ പാണ്ഡിത്യമുള്ളവരായിരുന്നതിനാൽ സംസ്കൃതകവികളെ അനുകരിക്കുന്നതിൽ തല്പരരായിരുന്നുവെന്നനുമാനിക്കാം.

ചാക്യാരന്മാർ സംസ്കൃതപ്രബന്ധങ്ങളുപയോഗിച്ചു കൂത്തും പാഠകവും പറയുമ്പോൾ പ്രക്ഷിപ്തങ്ങൾ കൂടി അംഗീകരിക്കാറുണ്ട്. ചാക്യാർക്കൂത്തിനും മറ്റും

സുലഭ പ്രചാരമുണ്ടായിരുന്ന ഒരു കാലത്തു ജീവിച്ചിരുന്ന വരും സംസ്കൃതത്തിൽ അഗാധപണ്ഡിതന്മാരും അനുകരണപ്രിയന്മാരും ആയിരുന്ന ഭാഷാചമ്പൂകാരന്മാർ സ്വകാവ്യങ്ങളിലും പ്രക്ഷേപണത്തിനു സ്ഥാനം നൽകിയെന്നു കരുതുന്നതിൽ അനൗചിത്യമില്ല. അവരുടെ വ്യക്തിമാഹാത്മ്യവും സഹൃദയവിശേഷവും മറ്റുള്ളവർ ബഹുമാനിച്ചിരുന്നുവെന്നുള്ളതു് ഈ സ്വാതന്ത്ര്യപ്രയോഗത്തിനു് ഒരു ആലംബമായും തീർന്നിരിക്കണം. സ്വതന്ത്രമായും സ്വന്തകാവ്യം രചിക്കുന്നതിനുള്ള ഭാഷാചമ്പൂകാരന്മാർക്കുള്ള പ്രാപ്തിയും പാണ്ഡിത്യവും കുറവായതുകൊണ്ടാണു പ്രക്ഷേപണങ്ങൾ കടന്നുകൂടാനിടയായതെന്നു് ഒരു സഹൃദയനും പറയുമെന്നു തോന്നുന്നില്ല. ഒരുപക്ഷേ മുൻഗാമികളായ കവിവരേണ്യന്മാരോടു തങ്ങൾക്കുള്ള ബഹുമാനം പ്രകടിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമെന്ന മട്ടിൽ ചമ്പൂകാരന്മാർ ഈ പ്രക്ഷേപണപദ്ധതി സ്വീകരിച്ചുതാണെന്നും വരാം. അപ്രകാരമുള്ള പ്രക്ഷേപണംകൊണ്ടു തങ്ങളുടെ കാവ്യത്തിനു രാമണീയകാതിശയം വർദ്ധിക്കുമെന്നു ചമ്പൂകാരന്മാർ കരുതിയിരിക്കുമോ? ഇന്നത്തെ കാലങ്ങളിലെപ്പോലെ പകർപ്പവകാശത്തിനും മറ്റും നിയമങ്ങളോ വ്യവസ്ഥകളോ അക്കാലത്തില്ലല്ലോ. ഉപന്യാസകാരന്മാരും ആവശ്യംപോലെ ഉദ്ധാരണങ്ങൾ സ്വീകരിക്കുന്ന രീതി ഏതുകാലത്തും പതിവുള്ളതും ഈ പതിവിനു് ഒരു നിയമവും ബാധകമല്ലാത്തതും ആണു്. ഇതുപോലെ കഥോപന്യാസപരങ്ങളായ കാവ്യങ്ങളിൽ പുരാതനകാലത്തു മേൽപ്രസ്താവിച്ച പ്രകാരമുള്ള കാഥികന്മാരായ ചാക്യാന്മാരെ അനുകരിച്ചു

പ്രക്ഷേപണരീതി ഉദ്ധരണിച്ചിഹ്നത്തിനു പ്രചാരമില്ലാതിരുന്ന വിധത്തിൽ കടന്നുകൂടിയതാണെന്നു വരുന്നതോ?

ചമ്പുക്കളെ തുടർന്നും ഈ സംഗതിയിൽ ഭാഷാസാഹിത്യം ഏതു നിലയിൽ വർത്തിക്കുന്നുവെന്നു പരിശോധിക്കാം. ഏതു ഭാഷാസാഹിത്യത്തിനും അന്യഭാഷകളുടെ സമ്പർക്കം ലഭിക്കുമ്പോൾ അപ്രകാരമുള്ള ഭാഷകളിൽ നിന്നും ആശയങ്ങളും, പദങ്ങളും മറ്റും സംക്രമിക്കാറുണ്ടെന്നുള്ളതു കേവലം പരമാർത്ഥം മാത്രമാണ്. ഇന്ത്യായിലെ മിക്ക ഭാഷകളിലും സംസ്കൃതത്തിനുണ്ടായിട്ടുള്ള സംക്രമണം സുവിദിതമാണല്ലൊ. ഒരേ ഭാഷയിൽത്തന്നെയുള്ള ഗ്രന്ഥങ്ങളിൽനിന്നുപോലും ഈദൃശമായ സംക്രമണം ഉണ്ടാകുമെന്നും മുമ്പു കാണിച്ച ഉദാഹരണങ്ങളിൽനിന്നും വ്യക്തമായിട്ടുള്ളതാണല്ലൊ. ഇതുപോലെയുള്ള ഒരു അവസ്ഥാവിശേഷത്തിന്റെ അപരിമിതമായ പ്രകാശനമാണു പുരാതന ഭാഷാചമ്പുക്കളിലും കാണുന്നതു്. ആശയാനുവാദത്തിനു അഥവാ, അനുകരണത്തിനു, നിരണം മഹാകവികളുടെ ഭാരതരാമായണാദികളും തുഞ്ചത്തു ഗുരുപാദരുടെ കൃതികളും ഒത്തു നോക്കിയാൽ ധാരാളം തെളിവുകൾ ലഭിക്കുന്നതാണു്. മറ്റൊരു പ്രകാരത്തിൽ പറയുന്നതായാൽ നിരണം മഹാകവികളെ തുഞ്ചത്തു ഗുരുപാദർ പല പ്രകാരത്തിൽ ഉപജീവിച്ചിട്ടുണ്ടെന്നു സർവ്വവിദിതമത്രേ! ആട്ടക്കഥകളിൽ യുദ്ധം, ഉദ്യാനം മുതലായ വർണ്ണനകൾക്കു പരസ്പരം അതിശയജനകമായ സാദൃശ്യം കാണാം. ഇതുപോലെതന്നെ രാമായണ ചമ്പുവിനും ഇരുപത്തുനാലുവൃത്തത്തിനും തമ്മിൽ അപരിഹരണീയമായ ഐകരൂപ്യമുണ്ടു്.

കഞ്ചൻനമ്പ്യാരുടെ വർണ്ണനാകോലാഹലങ്ങളും, ഫലിത പ്രയോഗങ്ങളും, ഓട്ടൻ തുള്ളലിലെ വൃത്തരീതികളും, ഭാഷാചമ്പുക്കളുടെ അനുകരണമാണ്. ആധുനിക കാലത്തു് ഇംഗ്ലീഷു്, ഹിന്ദി മുതലായവയിൽ നിന്നും ഇപ്രകാരമുള്ള സംക്രമണങ്ങളും മലയാളത്തിലുണ്ടായിട്ടുണ്ടു്.

ഇങ്ങനെ നോക്കുന്നതായാൽ ഗ്രന്ഥങ്ങളിൽ കാണുന്ന ഐകൃത ഏകകർത്തൃതാസ്ഥാപനത്തിന് ഒരു മാനദണ്ഡമല്ലെന്നു സ്പഷ്ടമാണ്. ചവ്വിതചവ്വണതാത്പര്യത്തിനു യോഗ്യന്മാർ സന്നദ്ധരാകയുമില്ല. കാലഗണനയിൽ കാണിച്ച വ്യത്യാസവും, പുനവും, നീലകണ്ഠനും ഭിന്നന്മാരാണെന്നുള്ളതിനു തെളിവാകുന്നു.

ഈ പുനത്തിന്റെ പേരെന്തു്? ചില നിരൂപകന്മാർ പുനത്തിന്റെ പേരു് 'കൃഷ്ണൻ' എന്നും, മറു ചിലർ 'നാരായണൻ' എന്നും അഭിപ്രായപ്പെടുന്നു. ഈ വിഷയത്തിൽ കേരള ഭാഷാസാഹിത്യചരിത്രകർത്താവു പറയുന്നതിപ്രകാരമാണു്:—"ഈയിടയ്ക്കു ഭരതചരിതം എന്നൊരു കേരളീയകൃതി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അതിന്റെ കർത്താവു ഒരു കൃഷ്ണകവിയായിരുന്നുവെന്നും നമുക്കറിയാം. ചന്ദ്രോത്സവത്തിലും ആ കൃതിയിലും പൂർവ്വകവികളെ സ്തുതിച്ചിരിക്കുന്ന രീതികൾക്കു് അത്യന്തം സാദൃശ്യം കാണുന്നു. ചന്ദ്രോത്സവ കർത്താവു പുനത്തിനേറയും ശങ്കരനേറയും രാഘവനേറയുംകൂടി പേരുകൾ ചേർത്തിട്ടുണ്ടെന്നേയുള്ളൂ. അതുകൊണ്ടു ഭരതചരിതം പുനത്തിന്റെ കൃതിയായിരുന്നെന്നും അദ്ദേഹത്തിന്റെ പേരു കൃഷ്ണനെന്നായിരുന്നെന്നും ചന്ദ്രോത്സവ കർത്താവു പുനത്തിന്റെ ഒരു ശിഷ

നായിരുന്നെന്നും ഊഹിക്കരുതോ? എന്നാൽ അതുടേയും പേരിൽ പതിയാതെ കിടക്കുന്ന നാമധേയങ്ങളെ കണ്ടെമാനം, ഇഷ്ടമുള്ളവക്ക് പതിച്ചുകൊടുക്കുന്നതിനു ധൈര്യമുള്ളവക്കേ സാധിക്കൂ. അതുകൊണ്ട് ഈ വിഷയത്തിൽ ചരിത്രാന്വേഷികളുടെ ശ്രദ്ധ ക്ഷണിക്കുമാത്രമേ ഞാൻ ചെയ്യുന്നുള്ളൂ." ഇതിൽനിന്നും കൃഷ്ണനെന്നപേരിനു് ഉപപത്തി പോരെന്നു വരുന്നു. ഡാക്ടർ കോളത്തേരി ശ്രീ. ശങ്കരമേനോൻ, പുനത്തിന്റെ പേരു് 'നാരായണൻ' എന്നായിരിക്കുമോ എന്നു സംശയിക്കുന്നുണ്ടു്. അതോടുകൂടി നാരായണീയം, ചെല്ലൂർ നാഗോദയം ഈ ചമ്പുക്കളുടെ കർത്തൃത്വം പുനത്തിനു നൽകുകയും ചെയ്യുന്നുണ്ടു്. ഈ കർത്തൃത്വദാനം സംഗതമല്ലെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതിനാൽ നാരായണീയം എന്ന പ്രബന്ധനാമത്തിനും പുനത്തിന്റെ പേരിനുമായി യാതൊരു ബന്ധവും വിവക്ഷിക്കാവുന്നതല്ലെന്നു സ്പഷ്ടമാണു്. മേൽപത്തൂർ നാരായണ ഭട്ടതിരിയുടെ നാരായണീയത്തിലുള്ളപോലെ 'ദേവധാനാരായണീയം' എന്നമട്ടിലുള്ള ചില പ്രയോഗങ്ങളും കവിയുടെ പേരു നാരായണനെന്നാണെന്നു് അനുമിക്കത്തക്കവിധം രാമായണചമ്പുവിലുണ്ടെന്നാണു് മി. ശങ്കരമേനോന്റെ മറ്റൊരു വാദം. സപ്തർഷോപാഖ്യാനചമ്പുവിലെ താഴെ ചേർക്കുന്ന ഭാഗങ്ങളും നോക്കാം:—

"പൂരേപുകഴ്ത്തിട്ടവതെന്തു വാനോർ—
പൂരങ്ങളം വാഴ്ത്തീടിന കീർത്തിഭൂമാ
ശ്രീരാമനായ് മേനിയിരിക്കവേ പോയ്—
നാരായണത്വം തടവീമഹാത്മാ." (ശ്ലോ: 45)

"പെരന്മാരോടുക്രടിപ്പരമപദസുഖപ്രാപ്തികേലു-
ന്നരക്ഷോ
വീരന്മാക്കും തടന്തേമരുവിന കപിയൂഥത്തിനും മേല്ക്കു
മേലേ
ചെസ്വരം പൊന്നിൽകിരിടം തടവി വടിവുലാവുന്ന
വാനോർവരന്മാർ
വാരംവാരം വണങ്ങീജഗതിവിജയതേ മേന്മ
നാരായണീയം" (ശ്ലോ. 49)

"ലക്ഷ്മീരൂപം തുടന്നീടിന ജനകസുതാ ചെന്ന നേരേ
തടാനീം
വക്ഷോരംഗേ കരേറീ സുരഗസുമധുരാശ്ലേഷരോമാഞ്ചിതാങ്ഗീ
അക്കാലം ഭ്രാതരന്തന പുനരിരുപുറവും ചക്രശംഖ-
ങ്ങളായീ
ചെക്കെക്കാണ്ടും കൊണ്ടു നേരേ മനകുലപതി നാരായണ-
ത്വം പ്രപേദേ."

ഈ പദ്യങ്ങളിലെ 'നാരായണ'പദപ്രയോഗങ്ങളിൽ കവിക്കു വല്ല കുരുതലുമുണ്ടായിരിക്കുമോ? മേൽപ്പത്തൂർ നാരായണഭട്ടതിരി, സ്വകൃതമായ നാരായണീയത്തിന്റെ ഒടുവിലത്തെ പദ്യത്തിലാണു സ്വനാമമുദ്ര ചേർത്തിരിക്കുന്നതു്. ഇവിടെയങ്ങിങ്ങു പല പദ്യങ്ങളിലായി കാണിച്ചിരിക്കുന്ന 'നാരായണ'ശബ്ദത്തിനു മുദ്രാലങ്കാരമിത്യാ ഒരർത്ഥവിവക്ഷയില്ലാ വാച്യാതിശായിയായ അർത്ഥത്തിനോ സ്ഥാനം കാണുന്നില്ല. വിശിഷ്യ മേൽപത്തൂർഭട്ടതിരി പുനത്തിനു വളരെക്കാലം പിമ്പു ജീവിച്ചിരുന്നയാളാകയാൽ ഇങ്ങനെ ഒരു അനുകരണത്തിനു സ്ഥാനവും ഇല്ല. അതിനാൽ

പുനത്തിന്റെ പേരു തല്ക്കാലം അജ്ഞാതമെന്നേ പറയുവാൻ നിവൃത്തിയുള്ളു. മഹാകവി ഉള്ളൂർ അവർകളും ഇതു തന്നെ അഭിപ്രായമാണു പുറപ്പെടുവിച്ചിട്ടുള്ളതു്. ഇല്ലപ്പേരിനാൽ വിഭിന്നനായിത്തിന്നു ഒരു നമ്പൂതിരിക്കവിയാണു പുനം എന്നു പറയുന്നതിനേ ഔചിത്യം കാണുന്നുള്ളു.

---

൨. അരക്കവിസ്ഥാനം

പുനം നംപൂതിരിയുടെ അരക്കവിത്വത്തെപ്പറ്റി ഇനി ചിന്തിക്കാം. പയ്യൂർ ഭട്ടതിരിമാർ ൬ൻപതുപേരും, തിരുവേഗപ്പുറ നംപൂതിരിമാർ അഞ്ചും, കാക്കശ്ശേരിബ്ഭട്ടതിരി, മല്ലപ്പിള്ളിബ്ഭട്ടതിരി, ചേന്നാസ്സുനംപൂതിരി, ഇവരും ഉൾപ്പെടെ 17. ഇവക്കു പുറമേ ഉദ്ഭണ്ഡശാസ്ത്രികളെക്കൂടി ഒരംഗമായും പുനത്തിനെ അരയംഗമായും ചേർത്താണു് ഐതിഹ്യകാരന്മാർ പതിനെട്ടരക്കവിസ്സദസ്സിന്റെ ഘടന രൂപവൽക്കരിച്ചിരിക്കുന്നതു്. പയ്യൂർ മഹർഷി എന്നുകൂടി അപരനാമമുണ്ടായിരുന്ന 'ഋഷി' എന്ന ഭട്ടതിരിയായിരുന്നു സദസ്സിന്റെ അദ്ധ്യക്ഷൻ. സാമൂതിരിപ്പാട്ടു് രക്ഷാധികാരിയുമായിരുന്നു. ഭാഷാകവിയായിരുന്നതുകൊണ്ടാണു പുനം അരക്കവിയായിത്തീർന്നതെന്നും പറയപ്പെടുന്നു. ഭാഷാ രാമായണചമ്പു മുതലായ അനേകം രമണീയകാവ്യങ്ങളുടെ കർത്തൃത്വം അദ്ദേഹത്തിനു നൽകുന്നതും ഈ വക ഐതിഹ്യങ്ങൾതന്നെയാണു്. എന്നാൽ ഇപ്പോൾ പുനത്തിന്റേതെന്നു് അറി

യപ്പെട്ടവരുന്ന ഏതു കാവ്യം പരിശോധിച്ചാലും അദ്ദേഹം സംസ്കൃതമലയാളഭാഷകളിൽ അഗാധ പണ്ഡിതനും ഉഭയകവീശ്വരനും ആയിരുന്നുവെന്ന് അനായാസേന ഗ്രഹിക്കാവുന്നതാണ്. ഈ സ്ഥിതിക്ക് അന്നത്തെ കവികളിൽ യോഗ്യതാംശം ക്ലൃപ്തൽ പുനത്തിനായിരുന്നെന്നു സ്പഷ്ടമാണ്. പതിനെട്ടരക്കവി സദസ്സിലെ മറ്റൊല്ലാ അംഗങ്ങളുംസംസ്കൃതത്തിൽ മാത്രവും പുനംനംപൂതിരി സംസ്കൃതത്തിലും വിശിഷ്യ മലയാളത്തിലും കവിതയെഴുതിയതുകൊണ്ടു് അദ്ദേഹത്തിനു് അരക്കവിസ്ഥാനമായിരുന്നുവെന്ന പറയുന്നതു യുക്തിക്കും അനുഭവത്തിനുംയോജിച്ചതല്ലെന്നും, പ്രത്യുത, ഒന്നരക്കവി സ്ഥാനമെന്നു പറയുന്നതാണു ശരിയെന്നും പറയേണ്ടിയിരിക്കുന്നു. കോഴിക്കോട്ടു കവിസദസ്സിലെ അംഗങ്ങളും കേരളബ്രാഹ്മണർ മാത്രമായിരുന്നുവെന്നു പറയുന്നതാണു് ഉപപന്നമായിട്ടുള്ളതു്. ഉദ്ഭണ്ഡശാസ്ത്രികളും പരദേശബ്രാഹ്മണനും പതിനെട്ടരക്കവിസ്സദസ്സിന്റെ സൗവർണ്ണദശയിൽ കേരളത്തിലേയ്ക്കു സമാഗതനായ മഹാനുഭാവനാണു്. അദ്ദേഹത്തിന്റെ ആഗമനം എങ്ങനെ? കോഴിക്കോട്ടു 'തളിയിൽ' ക്ഷേത്രത്തിൽ 'താന'ത്തിനു് അഭ്യർഹന്മാരായ ബ്രാഹ്മണർക്കു പണക്കിഴി നൽകിവന്നിരുന്നു. കൊല്ലവർഷം 400-നും 800-നും മദ്ധ്യേയായി കോഴിക്കോട്ടു മഹാരാജകുലത്തിലും രാജ്യഭരണനിപുണന്മാരുമായ ചില സാമൂതിരിപ്പാടന്മാർ വാണിരുന്നു. സമഗ്രപ്രതാപസമ്പന്നന്മാരായ ആ മഹാരാജാക്കന്മാർ കാവ്യശാസ്ത്രാദികളിലും പാരംഗതമായ പാണ്ഡിത്യമുള്ളവരായിരുന്നു. അവർക്കുണ്ടായിരുന്ന പരാക്രമശക്തി അയൽ

രാജ്യങ്ങളേയും സംഭരമായി സ്പർശിച്ചിട്ടുണ്ടെന്നു ചരിത്രങ്ങളിൽനിന്നറിയാവുന്നതാണു്. നാനാപ്രകാരേണയും ചരിത്രാധിഷ്ഠിതരായിരുന്ന ആ രാജകുലകേസരികൾ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിലും ബദ്ധപരികരരായിരുന്നു. തൽഫലമായുണ്ടായ പദ്ധതികളിലൊന്നാണു് "തളിനിൽത്താനം," "അഭ്യർഹന്മാരായ ബ്രാഹ്മണക്കു സാമൂതിരിപ്പാടന്മാർ തങ്ങളുടെ പൂർവ്വികന്മാരുടെ വാർഷികശ്രാദ്ധാദിവസം നൽകുന്ന" ധനദാനമാണു് താനം. അഭിജാത്യത്തിൽ മികച്ചവരും വേദശാസ്ത്രാദികളിൽ നിഷ്ണാതന്മാരുമായ ബ്രാഹ്മണരെയാണു 'അഭ്യർഹന്മാർ' എന്നു പറയുന്നതു്. കോഴിക്കോട്ടു തളിയിൽ ക്ഷേത്രത്തിൽവച്ചു ഈ താനം നടത്തിവന്നതിനാലാണു തളിയിൽത്താനമെന്നു പേരുണ്ടായതു. മീമാംസ, വേദാന്തം, വ്യാകരണം ഇവയിൽ ഏതെങ്കിലും ഒന്നിൽ പണ്ഡിതനായ ബ്രാഹ്മണനാണു അഭ്യർഹനാണു്. ഇപ്രകാരം കൊടുത്തുവന്ന 'താനക്കിഴി' ഒരു തവണ പരദേശീയനായ ഉദ്ദണ്ഡശാസ്ത്രികൾ സമ്പാദിച്ചുവെങ്കിലും അടുത്ത തവണ കാക്കശ്ശേരിഭട്ടതിരി ശാസ്ത്രികളെ പരാജിതനാക്കിത്തീർത്തു. എന്നിരുന്നാലും കേരളത്തിലെ വാസവും കേരളബ്രാഹ്മണരുമായുള്ള സംസർഗ്ഗവും ശാസ്ത്രികൾ വളരെ ഇഷ്ടപ്പെടുകയും കേരളബ്രാഹ്മണരെ ആത്മാർത്ഥമായി വളരെ ബഹുമാനിക്കയും ചെയ്തു. തൽഫലമായി ശാസ്ത്രികൾ കോഴിക്കോട്ടു സാമൂതിരിയേയും മറ്റും ആശ്രയിച്ചു വളരെക്കാലം മലയാളനാട്ടിൽ താമസിക്കുന്നതിനു് ഇടയായി. ഈ ചരിത്രങ്ങളിൽ നിന്നും ശാസ്ത്രികൾക്കു കവി സഭയിൽ സ്ഥാനം നൽകാമെങ്കിലും ഒരംഗമായി പരിഗണിക്കണമെന്നു നിർബന്ധമുണ്ടോ?

അക്കാലത്തെ കേരളീയ പണ്ഡിതന്മാരുടേയും കവികളുടേയും ഇടയിൽ സംസ്കൃതത്തിനായിരുന്ന പ്രധാന സ്ഥാനം ഉണ്ടായിരുന്നതു്. മലയാളത്തിനു പറയത്തക്ക സ്ഥാനമില്ലായിരുന്നതിനാൽ, സംസ്കൃതത്തിൽ കവിതയെഴുതുന്നവക്കു് 'ഒരു കവി'യെന്നും, മലയാളത്തിൽ കവിതയെഴുതുന്നവക്കു് 'അരക്കവി'യെന്നും, ഉഭയ ഭാഷകളിലും കവിതയെഴുതുന്നവക്കു് 'ഒന്നരക്കവി'യെന്നും സഹൃദയന്മാർ സ്ഥാനം നൽകിയിരുന്നിരിക്കുമോ? അപ്രകാരമാണെങ്കിൽ ഉഭയകവീശ്വരനായ പുനം 'ഒന്നരക്കവി'യാകേണ്ടതാണല്ലൊ? അരക്കവി എന്നസ്ഥാനം ഭാഷാകവയിത്രിയതിനാലാണെങ്കിൽ പുനത്തിനു മുമ്പും അക്കാലത്തും പിമ്പും ധാരാളം ഭാഷാകവികളുണ്ടായിരുന്നവക്കെല്ലാം ഈ സ്ഥാനപ്പേരു കിട്ടേണ്ടതല്ലേ? അങ്ങനെ വേറെ ആരേയും അരക്കവിയെന്നു പറഞ്ഞുകാണാത്തതെന്തുകൊണ്ടു്? ഇതിൽനിന്നും അരക്കവിയെന്നതു ഭാഷാകവിയെന്ന പദവിയെ കാണിക്കുന്നതല്ലെന്നു സ്പഷ്ടമാണു്. സംസ്കൃതകവികളടങ്ങിയ കോഴിക്കോട്ടു സദസ്സിൽ ഭാഷാകവിതയുംകൊണ്ടു കയറിയ പുനത്തിനു് ഒരു ശുദ്ധിയായി ഈ ബിരുദം ലഭിച്ചതാണോ? ആകൃതിയിൽ ഒരു മുണ്ടനായതുകൊണ്ടോ കവി സദസ്സിലെ മറ്റംഗങ്ങളെക്കാൾ പ്രായക്കുറവുണ്ടായിരുന്നതുകൊണ്ടോ അരക്കവിപ്പട്ടം കിട്ടി എന്നു് അനുമാനിക്കാമോ? ആദ്യകാലങ്ങളിൽ നേരം പോക്കായോ വാത്സല്യസൂചകമായോ പ്രയോഗിച്ചുവന്ന ഈ സ്ഥാനപ്പേർ ക്രമേണ പ്രചാരത്തിൽ വന്നു് അടിയുറച്ചു പോയതാണോ? പുനം നമ്പൂതിരി ആകൃതിയിൽ മുണ്ടനായിരുന്നുവെന്നുള്ളതിനു്

സങ്കല്പിതമെങ്കിലും ആയ ഒരു ഛായാപടമോ, ഛായാവർണ്ണനയോ മറവു രേഖകളോ ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. പുനത്തിന്റെ ഗ്രന്ഥങ്ങളിൽനിന്നും അനുമാനിക്കാനും മാർഗ്ഗമില്ല. സാഹിത്യസേവനത്തിനു് ആകാരഹ്രസ്വത ഒരു പ്രതിബന്ധമെന്നോ, അഥവാ, അതൊരു സ്ഥാനഭ്രംശകാരണമായിത്തീരുമെന്നോ കരുതാനും നിവൃത്തിയില്ല. പ്രായക്കുറവിനെ പരിഗണിച്ചാണെങ്കിൽ പ്രായംകൂട്ടുന്ന പില്ക്കാലങ്ങളിൽ അരക്കവി മുഴക്കവിയും മരിച്ചാൽ മൃതകവിയും ആകണമല്ലൊ? എന്നാൽ ഇങ്ങനെയുള്ള നാമവൈചിത്ര്യങ്ങളൊന്നും സ്വാഭാവികമല്ലതന്നെ. ഈ അരക്കവിസ്ഥാനത്തെപ്പറ്റി ഡാക്ടർ ശങ്കരമേനോൻ പ്രസ്താവിച്ചിട്ടുള്ളതു് അത്യന്തം ശ്രദ്ധേയമാണു്:—

"മറവു വൃക്ഷങ്ങളെ അപേക്ഷിച്ചു് 'അരയാൽ' മഹാവൃക്ഷമാണെന്നുള്ളതുപോലെ അരക്കവിയായ പുനംനംപൂതിരി മറവുള്ള പണ്ഡിതകവികളേക്കാൾ മാഹാത്മ്യാധിക്യമുള്ളവനായിരുന്നുവെന്നതിനു യാതൊരു സംശയവുമില്ല. അഥവാ, "നാമൈകദേശേന നാമഗ്രഹണം" എന്നതനുസരിച്ചു് ഒന്നരക്കവിയായ പുനത്തിനെ സ്വതകർത്തൃത്വം 'അരക്കവി'യെന്നു പറഞ്ഞതായും വിചാരിക്കാം. അഥവാ, "വൃക്ഷരാജാവു്" എന്നർത്ഥമുള്ള 'അരശു—ആൽ' ലോപിച്ചു് 'അരയാൽ' ആയതുപോലെ കവിസാർവ്വഭൗമനെന്നർത്ഥമുള്ള 'അരശുകവി' ലോപിച്ചു് 'അരക്കവി'യായതായും വരാവുന്നതാണു്. ഇപ്രകാരം ഏതെങ്കിലും ഒരു വിധം ചിന്തിച്ചു തീരുമാനിക്കുന്നതുകൊണ്ടല്ലാതെ പുനം അരക്കവിയാണെന്ന

സമർത്ഥിക്കുവാൻ അദ്ദേഹത്തിന്റെ കവിതകൾ അനുവദിക്കുന്നില്ല." കവിയെ സംബന്ധിക്കുന്ന യാതൊരു വിവരവും അദ്ദേഹത്തിന്റെ കൃതികളിൽനിന്നും ഗ്രഹിക്കുവാൻ നിവർത്തിയില്ലെന്നുള്ളതും സ്മരണീയമാണ്. കോഴിക്കോട്ട കവിസമാജത്തിലെ അംഗങ്ങളുടെ പട്ടികയിൽ നിന്നും ഉദ്ഭണശാസ്ത്രികളെ ഒഴിവാക്കുകയും ഉദയകവീശ്വരൻ എന്ന അർത്ഥത്തിൽ പുനത്തിനെ ഒന്നരക്കവിയാക്കുകയും ചെയ്താൽ അസംഗതമാകയില്ല.

ഇങ്ങനെയൊക്കെ ഇപ്പോഴും അഭിപ്രായപ്പെടാൻ കഴിയുമെങ്കിലും കവി സാർവഭൗമനും പണ്ഡിതാഗ്രേസരനും കേരളീയരുടെ അഭിമാന പുരസ്സരമായ നിത്യാരാധനയ്ക്കു സവിശേഷം അർഹനും ആയ ഈ മഹാപുരുഷനെ അരക്കവിയാക്കി സാഹിത്യലോകത്തിൽ പ്രതിഷ്ഠിച്ചതിനു നിദാനസ്ഥാനം വഹിക്കുന്നവർക്ക് ഒരു വിദൂരനമോവാകംതന്നെ പറയണം! പരമ ദിവ്യനും കൈരളീപിതാവുമായ തുഞ്ചത്തു ഈഴുപാടരെ മദ്യപാനിയാക്കിയ ചേതോവികാരം ഏതാണ്? അയ്യോ! അതേ! അമ്മേ, കൈരളീ, ഈ വക ചിറ്റമ്മനയത്തിലുള്ള അനുഭവങ്ങളും അസ്വാതന്ത്ര്യങ്ങളും ദേവിക്ക് ഇനിയും തീർന്നില്ലെങ്കിൽ—!

---

൪. നമ്പൂതിരിയോ നമ്പൂരിയോ?

സാഹിത്യക്ഷേത്രത്തിൽ പ്രവേശനത്തിനും ആരാധനയ്ക്കും ജാതിമതാദിഭേദങ്ങളോ ഉച്ചനീചപരങ്ങളായ അവസ്ഥാന്തരങ്ങളോ ഒരിക്കലും ബാധകമായിട്ടുള്ളതല്ല. സർവ്വജാതിമതസ്ഥർക്കും വലിയവർക്കും, എളിയവർക്കും, സ്ത്രീക്കും, പുരുഷനും ആ ക്ഷേത്രത്തിൽ സ്വാതന്ത്ര്യം ഒരുപോലെയാണ്. ഒരു കവി, അഥവാ, സാഹിത്യകാരൻ തന്റെ ജീവിതകാലത്ത് ഏതു ജാതിയിലും മതത്തിലും പെട്ടയാളായിരുന്നാലും അയാളുടെ യശശ്ശരീരം കവി, അല്ലെങ്കിൽ സാഹിത്യകാരൻ എന്ന ഒരേ ജാതിയിലായിത്തീരും. ആ യശശ്ശരീരം ലോകത്തിന്റെ പൊതുസ്വത്തും ആണ്. അതിനാൽ ഒരു കവിയേയോ സാഹിത്യകാരനേയോ പറ്റി ചിന്തിക്കുമ്പോൾ അയാൾ ഏതു ജാതിക്കാരൻ എന്ന ചോദ്യത്തിനു പ്രസക്തി അനുഭവിക്കുന്നതേയല്ല. ആ സ്ഥിതിക്കു പുനത്തിന്റെ ജാതിയേയോ സമുദായത്തേയോ ആസ്പദമാക്കി ഒരു പ്രത്യേക അഭിമാനം അദ്ദേഹത്തിന് ഇപ്പോൾ അനുഭവിക്കുന്നതു സംഗതമല്ല. അദ്ദേഹം കവിജാതിയിൽപ്പെട്ട നിരവധി ദിവ്യന്മാരിൽ ഒരാൾ എന്നേ പറയേണ്ടതുള്ളൂ. എങ്കിലും ലഘുകീർത്തിയ്ക്കു വ്യവഹരിക്കുമ്പോഴും ചരിത്രപരമായ ഒരു വിവരണം എഴുതുമ്പോഴും ഒരു ലക്ഷ്യം ആവശ്യമാണല്ലൊ. ആ നിലയിൽ മാത്രം "പുനം നമ്പൂതിരി" എന്നു പറയേണ്ടിയിരിക്കുന്നു. അതനുസരിച്ച് ഈ പ്രകൃതത്തിൽ 'നമ്പൂതിരി' 'നമ്പൂരി' ഈ പദങ്ങളുടെ സാധുത്വം അല്പം ചിന്തിക്കാം. ഈ രണ്ടു വിധത്തിലും പ്രസ്തുത സ്ഥാനപ്പേരിനു സുലഭമായ പ്രചാരമുണ്ട്. എന്നാൽ ഇതിൽ 'നമ്പൂതിരി'

യെന്നതു ശരിയായ രൂപവും 'നമ്പൂരി'യെന്നതു പ്രചാരംകൊണ്ടും പ്രയോഗംകൊണ്ടും സാധുത്വം സിദ്ധിച്ച രൂപവും ആണെന്നു പറയേണ്ടിയിരിക്കുന്നു. വളരെ പുരാതനമായ ഒരു കാലത്തു കേരളത്തിൽ ബുദ്ധമതം പ്രചരിക്കയും, ബൗദ്ധരാജാക്കന്മാർ ചില ഭാഗങ്ങളിൽ ഭരണം നടത്തുകയും ചെയ്തിരുന്നു എന്നും, ആ രാജാക്കന്മാരുടെ രാജധാനി'യിൽ 'നംബുധീരന്മാർ' എന്ന സ്ഥാനപ്പേരോടുകൂടി ഒരു സംഘം വിശ്വസ്താധികാരികൾ കാര്യാന്വേഷണം ചെയ്യുവന്നിരുന്നുവെന്നും അവരാണു പിന്നീടു 'നമ്പൂതിരി'മാരായിത്തീർന്നതെന്നും മി. കെ. ഗോമേഷൻ എഴുതിയിട്ടുള്ള 'ഇഴവരുടെ ഇതിഹാസം' എന്ന ഗ്രന്ഥത്തിലെ പ്രതിപാദനം ആസ്പദമാക്കി മി. ഐ. സി. ചാക്കോ അദ്ദേഹത്തിന്റെ 'കേരളഹിന്ദുരാജാക്കന്മാരും ക്രിസ്ത്യാനികളും' എന്ന ലേഖനത്തിൽ അനുക്രമീകരിച്ചു് എഴുതിയിരിക്കുന്നതായി കാണുന്നു. 'നംപൂരയതീതി നംപൂരി' എന്നും ചില നിരൂപകന്മാർ അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടു്. എന്നാൽ 'വേദം' എന്നും അതു പൂരിപ്പിക്കുന്നയാൾ 'നമ്പൂരി'യെന്നും വ്യാഖ്യാനം. 'നമ്പുവാൻ' അതായതു 'വിശ്വസിക്കുവാൻ' അർഹതയുള്ളവർ 'നമ്പൂരി'യെന്നും ഒരു മതം. നംപൂരിയും പോറ്റിയും ഒന്നുതന്നെയെന്ന അഭിപ്രായക്കാരും ഉണ്ടു്. കേരളത്തിലെ ചില ക്ഷേത്രങ്ങളിൽ പൂജയും വേദാചാര്യത്വവും ഉള്ള നംപൂതിരിമാർക്കു ഭട്ടതിരി, നമ്പി എന്നുവാന്തിരി ഇങ്ങനെയുള്ള സ്ഥാനപ്പേരുകളും ഉണ്ടു്. ഇതുപോലെ നംപൂതിരി ശബ്ദം അർത്ഥം നിർണ്ണയിക്കാൻ ക്ലേശകരമായിട്ടുള്ളതാണെന്നു തോന്നും. എന്നാൽ നമ്പൂതിരിയെന്നതാണു് ശരിയായ രൂപമെന്നും, അതൊരു കേരളഭാഷാപദമാണെന്നും, ആ പദംകേരളബ്രാഹ്മണരെ

മുഴുവൻ പരാമർശിക്കുന്ന ഒരു ശ്രുതിശബ്ദമാണെന്നും ഇവിടെ വിശദമാക്കുന്നതു സംഗതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

കേരളത്തിൽ ഒരു കാലത്തു ബുദ്ധമതം പ്രചരിച്ചിരുന്നുവെന്നുള്ളതു കേരളചരിത്രപരമായി പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണു്. എന്നാൽ ബൗദ്ധരാജാക്കന്മാർ ഭരണം നടത്തിയെന്നുള്ള വൃത്താന്തം അത്ര ശരിയല്ല. ആ സ്ഥിതിക്കു നംബൂധീരന്മാരുടെ സേവനചരിത്രവും അവ്യക്തമാണു്. വിശിഷ്യ ബുദ്ധമതവും ബ്രാഹ്മണമതവും തമ്മിൽ അത്ര സൗഹാർദ്ദമായിട്ടല്ല കഴിഞ്ഞിരുന്നതെന്നു പൗരാണ ഇന്ത്യാചരിത്രത്തിൽനിന്നുമറിയാം. ആ സ്ഥിതിക്കു നംബൂധീരപദവിയും അനന്തരമുള്ള നമ്പൂതിരിയെന്ന പരിവർത്തനവും ഗണനാഹ്മായ ഒരു ചരിത്രാംശമായി കരുതുവാൻ നിവൃത്തിയില്ല. 'നംപൂരയതി' എന്ന പ്രമാണത്തിനും ഉപപത്തിക്കുറവുണ്ടു്. "നാഭൗനം ജ്ഞാനവാചോഃ" എന്ന ഏകാക്ഷര നിഘണ്ടുപ്രകാരമുള്ള 'ജ്ഞാനം' എന്നതിനു് 'വേദം' എന്ന ലക്ഷണാർത്ഥം നൽകുയാണു് ഈ വ്യുല്പാദനം സാധിക്കേണ്ടതു്. "വിദ് ജ്ഞാനേ വേദം" എന്നും, "വേത്തീതി വേദഃ" എന്നും ഉള്ളതുകൊണ്ടു ഈ അർത്ഥം സംഗതമായും തീരും. അതോടുകൂടി 'പൂരി' യെന്ന ശബ്ദം ചേരുമ്പോൾ 'നംപൂരി'യുമാകുന്നു. ആര്യബ്രാഹ്മണർ കേരളത്തിൽ കുടിയേറിപ്പാർത്തതിനു ശേഷമാണു നംപൂതിരി ശബ്ദത്തിന്റെ ആവിർഭാവമെന്നു കരുതുവാനേ നിവൃത്തിയുള്ളു. പ്രമാണപ്പെട്ട സംസ്കൃതകാവ്യങ്ങളിലോ സംസ്കൃതനിഘണ്ടുക്കളിലോ നംപൂതി

രിയെന്നോ നംപൂരിയെന്നോ. ഉള്ള ശബ്ദം കാണു
ന്നില്ല. കേരളത്തിനു വെളിയിലുള്ള ബ്രാഹ്മണരിൽ
നംപൂരിമാരോ നംപൂതിരിമാരോ ഇല്ല. ഈ സ്ഥിതിക്കു
പ്രസ്തുത പദം കേരളഭാഷയിൽപ്പെട്ടതാണെന്നു യുക്തമാ
കുന്നു. വേദമെന്നു 'നം' ശബ്ദത്തിനു പ്രസക്തി നൽകുന്ന
തായാൽ നംപൂതിരിമാരിൽതന്നെ വേദാധികാരമുള്ള
വരും ഇല്ലാത്തവരും ഉള്ള സ്ഥിതിക്കു വിഷമം നേരിടും.
എന്നാൽ ഇതൊരു നാമമാത്രമായി വിവക്ഷിക്കു
മ്പോൾ വേദാധികാരഭേദം പൊതുവേയുള്ള അഭിപ്രാ
യത്തിനു ബാധകമാകണമെന്നില്ല. വിശിഷ്യ ഒരു കാലത്തു
നംപൂതിരിമാർക്കെല്ലാം വേദാധികാരമുണ്ടായിരുന്നെന്നും
സാമുദായികമായ ചില പ്രത്യേകകാരണങ്ങളാൽ ചിലർക്കു
വേദാധികാരം നഷ്ടപ്പെട്ടതാണെന്നും കേരളചരിത്രം
കൊണ്ടു് അറിയാവുന്നതാണു്. അതിനാൽ എല്ലാവരും
വേദാർത്ഥമാരെന്നുതന്നെയാകട്ടെ. അപ്പോൾ വേറൊരു
വിഷമം; നംപൂതിരിമാർക്കു പുറമേ തുളുബ്രാഹ്മണർക്കും
പരദേശബ്രാഹ്മണർക്കും വേദാധികാരമുണ്ടു്. ഈ സ്ഥിതിക്കു
'നംപൂരയതി—' എന്നിങ്ങനെയുള്ള പ്രമാണത്തിനു
സാംശത്യം പോരാതെയിരിക്കുന്നു. 'പോറ്റി' എന്നാൽ
'പോറ്റുന്നവൻ' (രക്ഷിക്കുന്നവൻ) എന്നാണർത്ഥം. ഈ
പ്രയോഗത്തിൽ രാജത്വം അന്തർഭവിക്കുന്നു. എൻപു
രാൻ ആണു് എന്ത്വാനും എന്ത്വാന്തിരിയും ആയതു്.
'പുരാൻ' എന്നാൽ യജമാനൻ എന്നർത്ഥം. ഈ സ്ഥാന
പ്പേരുകൾക്കു പുറമേ, നമ്പിടി, തങ്ങൾ, തമ്പുരാൻ,
അമ്മോൻ, പണ്ടാരത്തിൽ, ഭട്ടതിരി, തിരുമുല്പാടു്, എ
ശമ്മ ഇങ്ങനെ പല സ്ഥാനപ്പേരുകളും നംപൂതിരി സമു
ദായത്തിൽ ഓരോ വിഭാഗക്കാർക്കുമുള്ളതാകുന്നു. നംപൂ

തിരിസമുദായമേലദ്ധ്യക്ഷർ 'ഏഴവാഞ്ചേരി' തന്ത്രാക്കം ആണ്. നംപൂതിരി, ഭട്ടതിരി ഈ പദങ്ങളും കൂട്ടത്തിൽ മഹത്വം കാണിക്കുന്നതിനായി 'നമ്പൂതിരിപ്പാട്' ഭട്ടതിരിപ്പാട്' ഇങ്ങനെയും ഉപയോഗിക്കാറുണ്ട്. കൂടാതെ മൂസ്സ്, നമ്പ്യാതിരി തുടിയരായ സ്ഥാനപ്പേരുകളും നമ്പൂതിരി സമുദായത്തിൽ നിലവിലുണ്ട്. ഇങ്ങനെ വിവിധ സ്ഥാനപ്പേരുകളോടുകൂടിയ അവാന്തരവിഭാഗങ്ങളടങ്ങിയ ഒരു മഹാ സമുദായമാണ് മലയാള ബ്രാഹ്മണർ, അല്ലെങ്കിൽ, നംപൂതിരിമാർ. കേരളത്തിൽ പ്രവേശിച്ച ആയ്ബ്രാഹ്മണർ അഭിമതിവാസികൾക്ക്, നമ്പുവാൻ — വിശ്വസിക്കുവാൻ—തക്ക യോഗ്യതയുള്ളവരാണെന്നു തോന്നിയതിന്റെ ഫലമായി അവരെ നംപൂതിരിമാർ എന്നു പറഞ്ഞുതുടങ്ങിയതായിരിക്കണമെന്നും ഒരു അഭിപ്രായമുണ്ട്. കേരളമിതിരുപ്രകാരമുള്ള 64 ഗ്രാമങ്ങളിൽ 32 എണ്ണം തുളുബ്രാഹ്മണരുടേയും 32 എണ്ണം നംപൂതിരിമാരുടേയും ആണ്.

"പേരേറുമീവിപ്രർ നാടുകൾവച്ചു-
നേരേപകുത്തിട്ടിതുകേരളത്തെ
പേരേറുമിങ്ങോമലനാടിതെന്നും
ചേരേവടക്കോ തുളനാടിതെന്നും
നംപൂരിമാർ തെക്കുവടക്കുപുറ്റിൽ മാത്ര
മെന്മ്രുന്തിരിക്കുട്ടർ വടക്കുപങ്കിൽ
മുമ്പേവമാകുന്ന മഹാവിഭാഗ-
സമ്പ്രാപ്തികാലാചിജ്ജഗ്ഗോത്രം (കേരളം)

പരദേശത്തുള്ള പുണ്യദേശങ്ങളിൽനിന്നും അനേകം ബ്രാഹ്മണരെക്കൊണ്ടുവന്നു് അവരുപത്തിനാലു ഗ്രാമങ്ങളാക്കി ച്ചുമച്ചതിൽ മുപ്പത്തിരണ്ടു ഗ്രാമം തുളുബ്രാഹ്മണരും മുപ്പത്തിരണ്ടു ഗ്രാമം നംപൂരിമാരും —(മംഗളമാല അപ്പൻ തമ്പുരാൻ) ഇങ്ങനെ പല പ്രമാണപ്പെട്ട രേഖകളിലും മറവും 'നംപൂരി'യെന്നു കാണുന്നതു പ്രയോഗത്താൽ സാധുത്വം സിദ്ധിച്ച രൂപമായിരിക്കണം. പ്രയോഗം കൊണ്ടു സാധുത്വം സിദ്ധിച്ചിട്ടുള്ള പല പദങ്ങളും എല്ലാ ഭാഷയിലും ഉള്ളതാണല്ലൊ.

ദേശാധിപത്യം, വേദാധികാരഭേദം, ശാന്തിപ്രവൃത്തി മുതലായി വിവിധ കാരണങ്ങൾകൊണ്ടു നംപൂതിരിമാക്കു വിവിധ സ്ഥാനപ്പേരുകളും ഉണ്ടായിട്ടുള്ളതാണു്. 'തിരി' എന്ന പദത്തിന്റെ ഒടുവിൽ കാണുന്നതു ബഹുമാനസൂചകമായ ഒരു രൂഢിയാണു്. ഇപ്പോകാരം 'തിരി' അന്ത്യമായി വരുന്ന സ്ഥാനപ്പേരുകളും മലയാളത്തിൽ ധാരാളമുണ്ടു്. 'ചോമാതിരി', 'അടിതിരി' ഇങ്ങനെ ബ്രാഹ്മണരുടെയിടയിലും ഉണ്ണ്യാതിരി, ഉണിത്തിരി ഇങ്ങനെ ഇതരസമുദായക്കാരുടെയിടയിലും സ്ഥാനപ്പേരുകളും ഉണ്ടല്ലൊ. തമിഴിലെ 'നമ്പുക' എന്ന പദത്തിനു 'വിശ്വസിക്കുക' എന്നർത്ഥം. തമിഴപദങ്ങളും മലയാളത്തിലേയ്ക്കു ധാരാളമായി സംക്രമിച്ചിട്ടുണ്ടു്. അതിപുരാതനകാലത്തു തമിഴർക്കും മലയാളികൾക്കും തമ്മിലുണ്ടായിരുന്ന സംസർഗ്ഗവും തമിഴകത്തിൽ പലപ്പോഴും ഉണ്ടായിക്കൊണ്ടിരുന്ന ഏകാധിപത്യഭരണവും ഈ അവസരത്തിൽ സ്മരണീയമാണു്. 'നമ്പുക' എന്നതിനു 'വിശ്വസിക്കുക' എന്നർത്ഥമായാൽ, ഭൂതരെ, അല്ലെങ്കിൽ എന്തിനെ എന്നൊരു പ്രശ്നത്തിനു

വക വരുന്നു. "മലയാളബ്രാഹ്മണരുടെ ആദർശപുരുഷനും വന്ദ്യമായ ശ്രീ പരശുരാമനേയും അദ്ദേഹത്താൽ സ്ഥാപിതമായ ആചാരങ്ങളേയും വിശ്വസിക്കുന്നവർ" എന്നു വ്യാഖ്യാനം നൽകാം. എന്നാൽ കേരളബ്രാഹ്മണർക്കു പുറമേ മറ്റു പല സമുദായക്കാരും ഈ ആചാരത്തെ വിശ്വസിക്കുന്നുണ്ടല്ലോ. ആ സ്ഥിതിക്കു മലയാള ബ്രാഹ്മണരെമാത്രം നമ്പൂതിരിയെന്നു പറയുന്നതെന്തുകൊണ്ടാണു്? 'പങ്കജം', 'കുടലാടി' മുതലായ പദങ്ങളെപ്പോലെ 'നമ്പൂതിരി' എന്നപദം 'മലയാള ബ്രാഹ്മണർ" എന്ന അർത്ഥത്തിലുള്ള ഒരു രൂഢിയാണു്. അതിനാൽ 'പുനം നമ്പൂതിരി' എന്നു പറയുന്നതാണു ക്രൂടത്തിൽ സംഗതമായിട്ടുള്ളതു്.

രണ്ടാം പ്രകരണം

ക. ഭാഷാചമ്പു പ്രബന്ധങ്ങൾ

പുനം നമ്പൂതിരിയുടെ കൃതികളധികവും ഭാഷാചമ്പുക്കളാണു്. അതിനാൽ ആ കാവ്യശാഖയുടെ സ്വഭാവം സാമാന്യമായി ഒന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ഭാഷാസംസ്കൃത വൃത്തങ്ങൾ
വിവിധം ഗദ്യരീതിയും

ഇവയാൽ തീർപ്പതാം കാവ്യം
ഭാഷാ ചമു സമാഖ്യമാം.

എന്നിങ്ങനെ ഭാഷാചമു പ്രബന്ധങ്ങൾക്കു ലക്ഷണം ചെയ്യാം. അത്യന്ത രമണീയവും സാഹിത്യകലാസൗന്ദര്യപൂർണ്ണവുമായ ഒരു വിശിഷ്ട കാവ്യസമ്പത്താണു ഭാഷാചമുക്കൾ. സംസ്കൃതസമ്പർക്കംകൊണ്ടു ലോകത്തിലെ മറെറാരു ഭാഷയ്ക്കും ലഭിച്ചിട്ടില്ലാത്തതും നീരക്ഷീര പാകത്തിൽ സഹൃദയഹൃദയരഞ്ജകമാംവിധം സംസ്കൃതമലയാളപദങ്ങൾ മേളനംചെയ്തു സരസമധുരമായി പ്രകാശിക്കുന്നതുമായ മണിപ്രവാളഭാഷയാണു ചമുക്കൾക്കു സുഷമാതിരേകം നൽകുന്നതു്. സംസ്കൃദ്രാവിഡവൃത്തങ്ങളുടെ ഘടനാവിശേഷം, പ്രയോഗസൗകുമാര്യം, ശൈലീഭംഗി, രസപ്രകരാമണീയകതുടങ്ങിയവയും ഭാഷാചമുക്കളെ കാവ്യശാഖകളിൽ ഉൽക്കൃഷ്ടസ്ഥാനത്തു പ്രശോഭിപ്പിക്കുന്നു. ആര്യദ്രാവിഡബന്ധംപോലെ ഒരു പ്രത്യേകമായ കേരള സംസ്കാരത്തെ സംസ്ഥാപിക്കുന്നതിനും ഈ സാഹിത്യസരണി സാരമായി പ്രയോജകീഭവിച്ചിട്ടുണ്ടെന്നുള്ളതു നിരാക്ഷേപകമായ ഒരു പരമാർത്ഥമാകുന്നു.

ചമുക്കൾ സംസ്കൃതത്തിലും ധാരാളമുണ്ടു്. ആ ഭാഷയിൽ നിന്നാണു് ഈ പ്രസ്ഥാനം മലയാളത്തിലേയ്ക്കു സംക്രമിച്ചതു്. "ഗദ്യപദ്യമയം കാവ്യം ചമ്പുരിത്യഭിധീയതെ" എന്നു ചമുക്കൾക്കു സംസ്കൃത ഭാഷയിൽ ലക്ഷണം ചെയ്തിട്ടുണ്ടു്. അതായതു്, സംസ്കൃത വൃത്തനിബദ്ധങ്ങളായ പദ്യങ്ങളും ഭണ്ഡകങ്ങളും വൃത്തബന്ധോദ്ധിതങ്ങളായ സംസ്കൃതഗദ്യങ്ങളും ഇടകലർത്തി രചി

ക്കുന്ന കാവ്യമാണു ചമ്പു. എന്നാൽ ഭാഷാചമ്പുക്കൾക്ക് ഈ സംസ്കൃതലക്ഷണകാരിക അത്ര പറ്റിയതല്ല. ഭാഷാചമ്പുക്കളിൽ സംസ്കൃത വൃത്തത്തിലുള്ള പദ്യങ്ങളും, ദണ്ഡകങ്ങളും സംസ്കൃതഗദ്യങ്ങളും, ഗദ്യമെന്നു പറയപ്പെടുന്ന ദ്രാവിഡവൃത്തങ്ങളും അടങ്ങിയിട്ടുണ്ട്. വിശിഷ്യ ആധുനികങ്ങളായ ചില ഭാഷാചമ്പുക്കളിൽ അഭിനവഗദ്യങ്ങളും അടങ്ങിയിട്ടുണ്ട്. ചമ്പുക്കളിലെ ദ്രാവിഡവൃത്തങ്ങൾക്കു ഗദ്യമെന്നപേരു യോജിച്ചതല്ല. ഇങ്ങനെ നോക്കുമ്പോൾ ഭാഷാചമ്പുക്കൾക്ക് ഒരു പ്രത്യേക ലക്ഷണകാരിക ആവശ്യമെന്നു തോന്നുന്നു. അതിനാലാണ് ഇവിടെ ഒരു കാരിക എഴുതിച്ചേർത്തത്.

'ചമ്പു' എന്ന പദത്തിനു് ഒരു അന്ത്യവും നിർണ്ണയിച്ചുകാണുന്നതായി അറിവില്ല. ഇത്ര മഹത്തായ ഒരു പ്രസ്ഥാനത്തിന്റെ പേരു സാർത്ഥകമായിട്ടുള്ളതാകാതിരിക്കയില്ല. സംസ്കൃതഭാഷയിൽ 'ചമ്മം' എന്നതിന്റെ പ്രാകൃതമായി 'ചമ്മ' എന്നു പ്രയോഗിച്ചുവരുന്നു. ഇതിൽ നിന്നും ചമ്മശമ്മം ശരീരവാചി (ത്വക്കു്) യാണെന്നു് അനുമിക്കാം. 'ചം+അ' എന്നതിനു പകാരാദേശം ചെയ്തു സംവൃതോകാരം ചേർത്തു ശരീരാർത്ഥത്തിൽ ചമ്പു എന്നാക്കി കാവ്യശരീരം എന്നർത്ഥം വന്നതായിരിക്കുമോ? 'ചമ്പി ഗത്യാം' എന്ന ചുരാദിഗണത്തിൽ ഒരു ധാതുവുണ്ട്. അതിൽനിന്നുമായിരിക്കാം ചമ്പു ശബ്ദത്തിന്റെ ആഗമമെന്നും, 'ഒരു പ്രത്യേക രീതിയിൽ ഗമിക്കുന്ന കാവ്യം, ചമ്പു' എന്നു വ്യാഖ്യാനിക്കാമെന്നും ചില നിരൂപകന്മാർ അഭിപ്രായപ്പെട്ടുണ്ടു്. 'ചമ്പൂപ്രബന്ധം,' 'ചമ്പൂകാവ്യം' എന്നെല്ലാം പ്രയോഗംവന്നതു് ഉടലും ജീവനും (കാവ്യ

ശരീരവും രസവും) എന്ന അർത്ഥത്തിലാണെന്നു കരുതാവുന്നതാണ്. അപ്രകാരമാണെങ്കിൽ 'ചമ്പു' എന്നമാത്രം പറഞ്ഞാൽ പേരിനു പൂർണ്ണതയായോ? നളചമ്പുവിൽ, "ഉദാത്തനായ കോപേതാ—ഗുണവദ്വൃത്തമുക്തകാ ചമ്പുശ്ച ഹാരയഷ്ടിശ്ച—കേനാന്ന ക്രിയതേ ഹൃദി" എന്നു ചമ്പുശബ്ദവും; ഭോജ ചമ്പുവിൽ, "ചമ്പുപ്രബന്ധരചനാ രസനാ മദീയേ" എന്നു ചമ്പു പ്രബന്ധ ശബ്ദവും, രാജസൂയം ചമ്പുവിൽ, "സമ്പന്നമയം സമ്പ്രതി ചമ്പുകാവ്യം" എന്നു ചമ്പുകാവ്യശബ്ദവും കാണുന്നുണ്ട്. "പ്രബന്ധഭ്യുത ഇതി പ്രബന്ധഃ" എന്ന പ്രമാണപ്രകാരം ഏതു കാവ്യത്തിനും പ്രബന്ധമെന്ന പേരു യോജിക്കും. 'നാലായിരപ്രബന്ധം' മുതലായ പേരുകൾ നോക്കുക. അതിനാൽ ഒരു പ്രത്യേക ഗതിയിലുള്ള കാവ്യമെന്നു വിവക്ഷിക്കുമ്പോൾ ചമ്പുവെന്നോ പ്രബന്ധമെന്നോ മാത്രം പറയാതെ 'ചമ്പുപ്രബന്ധ'മെന്നോ 'ചമ്പുകാവ്യ'മെന്നോ പറയുകയാണു വേണ്ടതു്. ഒരു രൂഢിപോലെ 'ചമ്പു' എന്ന പദത്തിനും പ്രയോഗപ്രയുക്തികൊണ്ടു, സാധുത്വം വന്നിട്ടുണ്ട്.

പുനത്തിന്റെ കൃതികൾ

ചന്ദ്രോത്സവത്തിലേയും മറ്റും പദ്യങ്ങൾ, ചില ഒറ്റശ്ലോകങ്ങൾ ഇങ്ങനെ പല രേഖകളിൽനിന്നും പ്രാചീനകാലത്തു 'പുനം' എന്നൊരു കവിയുണ്ടായിരുന്നെന്നു തെളിയുകയും, അദ്ദേഹത്തിന്റെ ചരിത്രം ജീവിത

കാലവും പരിഗണനയ്ക്കു വിധേയമാക്കുകയും ചെയ്തു കഴിഞ്ഞുവല്ലോ. ഇനി അദ്ദേഹത്തിന്റെ കൃതികൾ ഏതെല്ലാമെന്നാണ് അന്വേഷിക്കേണ്ടിയിരിക്കുന്നതു്. ഇതിനും വേണ്ടുവോളം വളരെ കുറവാണു്. ഇന്നത്തേപ്പോലെ മുദ്രാലയങ്ങളിൽ അച്ചടിയും മറ്റും നടപ്പില്ലായിരുന്നുവല്ലൊ. പുരാതന കവിതകളിൽ പലതിലും ഗ്രന്ഥകാരന്മാരെപ്പറ്റി യാതൊരു വിവരവും കാണിക്കാറുമില്ല. ഈ സ്ഥിതിയിൽ ഐതിഹ്യങ്ങളും യുക്തികളും മാത്രമാണു പലപ്പോഴും ഗവേഷകന്മാർക്കു് ആലംബമായിത്തീരുന്നതു്. ശോചനീയമായ ഈ അവസ്ഥ തരണംചെയ്യാനുള്ള പുനത്തിന്റെ കൃതികളും തേടിപ്പിടിക്കേണ്ടതുണ്ടു്. അന്ധവിശ്വാസധൂമിക്കാവൃതങ്ങളായ ഇത്തരം സരണികൾ ഭിന്നാഭിപ്രായ കലുഷങ്ങളുമാണു്. "പുളകോദ്ഗമകാരിവചഃ പ്രസരഃ" എന്നു് ഉദ്ഭടശാസ്ത്രികളുടേയും "സാരസപരിമളമോലും ഗദ്യപദ്യൈരനേകൈഃ" എന്നു ചന്ദ്രോത്സവകാരന്റേയും "പുനരുക്തമയുക്തമിദമിതി കേചിൽ—" എന്നിങ്ങനെ ഏതോ ഒരു കവിയുടേയും സാക്ഷ്യവചനങ്ങളും "തരിൽത്തനാ—" ത്യാദിപദ്യങ്ങളും പുനത്തിന്റേതാണെന്നുള്ള ഐതിഹ്യങ്ങളുടെ ഉറപ്പിന്മേലുണ്ടായിട്ടുള്ള പ്രബലങ്ങളായ നിരുപക മതങ്ങളുംകൊണ്ടു് പുനത്തിനു ധാരാളം ഭാഷാചമ്പുക്കളുടെ കർത്തൃത്വം സഹൃദയലോകം നൽകിക്കഴിഞ്ഞിട്ടുണ്ടു്. ഭാഷാചമ്പുക്കൾക്കും പുറമേ രാമായണം ഇരുപത്തിനാലുവൃത്തം, കൃഷ്ണഗാഥ ഇവയുടെ കർത്തൃത്വവും പുനത്തിനു നൽകുന്ന നിരുപകന്മാരുണ്ടു്.

ശ്രീ. ഡാക്ടർ കോളത്തേരിൽ ശങ്കരമേനോൻ ഭാഷാരാമായണം, നാരായണീയം, കോടിവിരഹം, രാജ

രത്നാവലിയും ഏതിയായി അനേകം ചമ്പുക്കളുടെ കർത്തൃത്വം പുനത്തിനു നൽകിയിരിക്കുന്നു. എന്നാൽ "പരമാർത്ഥം പറയുന്നതായാൽ എല്ലാ ചമ്പുക്കൾക്കും ഒരേ കൂലയിലുണ്ടായ കായ്ക്കൾക്കെന്നപോലെ പരസ്പര സാദൃശ്യം കാണുന്നുണ്ട്. അതുകൊണ്ടുമാത്രം അവയെല്ലാം ഒരാളുടേതെന്നു പറയാവുന്നതല്ല" എന്നു മി. ആർ. നാരായണപ്പണിക്കർ, ബി, എ, എൽ. റ്റി. അഭിപ്രായപ്പെട്ടുണ്ട്. മെയ്കരുപ്യം ഏകകർത്തൃത്വത്തിനു തെളിവായി സ്വീകരിക്കാവുന്നതല്ലെന്നു കഴിഞ്ഞ പ്രകരണത്തിൽ പ്രതിപാദിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. രാമായണം, ഭാരതം, രാവണവിജയം, ഗജേന്ദ്രമോക്ഷം, കാമദഹനം, പാർവതിസ്വയംവരം ഈ ചമ്പുക്കൾപുനത്തിന്റെ കൃതികളായി പരിഗണിക്കാമെന്നാണ് ഇവിടെ അഭിപ്രായപ്പെട്ടുന്നത്. കൃഷ്ണഗാഥയുടെ കർത്തൃത്വം പുനത്തിനല്ലെന്നു മുമ്പേതന്നെ പറഞ്ഞിട്ടുള്ളതാണ്. ഇരുപത്തുനാലുവൃത്തവും പുനത്തിനേതല്ലെന്നാണ് എന്റെ അഭിപ്രായം. ഈ അഭിപ്രായങ്ങളെ ഒന്നു വിശദീകരിക്കുന്നതു സംഗതമായിരിക്കുമെന്നു കരുതുന്നു.

രാഘവരാമായണചമ്പു പുനത്തിനേതാണെന്നുള്ളതിനു പ്രത്യേകമായ യാതൊരു രേഖയും ഇല്ല. ഐതിഹ്യമാണ് ഈ കർത്തൃത്വനിർണ്ണയത്തിനാശ്രയം. എങ്കിലും പുനത്തിന് ഇതിന്റെ കർത്തൃത്വം നൽകുന്ന വിഷയത്തിൽ ബഹുഭൂരിപക്ഷം പണ്ഡിതന്മാർക്കും തർക്കമില്ല. എന്നാൽ ചുരുക്കം ചില പണ്ഡിതന്മാർ ഇതിനു് അനുകൂലികളല്ല. അടുത്ത കാലത്തു ഡോക്ടർ കുഞ്ഞൻരാജാ

അവർക്കും പുനത്തിനു രാമായണകർത്തൃത്വം നൽകാൻ അല്പമൊന്നു വിസമ്മതം പ്രകടിപ്പിക്കയുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായം ഇവിടെ സംഗ്രഹിക്കാം. ചന്ദ്രോത്സവത്തിന്റെ കാലനിർണ്ണയം സംബന്ധിച്ച ഒരു ഉപന്യാസത്തിൽ പുനവും ശങ്കരകവിയും സമകാലികന്മാർ (കൊല്ലവർഷം 674-നു മുമ്പു ജീവിച്ചിരുന്നവർ) ആണെന്നു തീർച്ചപ്പെടുത്തുന്നതുകൊണ്ടു പറങ്കിത്തൊപ്പിയുടേയും മറവും പ്രസ്താവമുള്ള രാമായണചമ്പുവിന്റെ കർത്തൃത്വം പുനത്തിൽനിന്നു് ഒഴിവാക്കരുതോ? എന്തെന്നാൽ പ്രസ്തുത കാലം പോർട്ടുഗീസുകാർ വളരെ മുമ്പാണല്ലൊ. ഇതാണു രാജാ അവർകളുടെ അഭിപ്രായം. പുനത്തിന്റെ ജീവിതകാലം 580-നും 680-നും ഇടയ്ക്കാണെന്നു കഴിഞ്ഞ പ്രകരണത്തിൽ സുദീർഘമായ പ്രതിപാദനത്തിനുശേഷം കാണിച്ചിട്ടുള്ളതു് ഈ അവസരത്തിൽ സ്മർത്തവ്യമാണു്. പോർട്ടുഗീസു നാവികവീരനായ വാസ്കോഡിഗാമാ കോഴിക്കോട്ടു വന്നതു ക്രിസ്തുവർഷം 1498-ൽ (കൊല്ലവർഷം 673-ൽ) ആണു്. ഇതു് ഇന്ത്യാചരിത്രമനുസരിച്ചു വാസ്തവവുമാകുന്നു. ഈ കാലത്തിനും പുനത്തിന്റെ ജീവിതകാലത്തിനും തമ്മിൽ—പുനം ജനിച്ചതും മരിച്ചതുമായ ക്രിപ്തീയതി അവ്യക്തമായിരിക്കുന്നസ്ഥിതിക്കു്—പറയത്തക്ക അന്തരം പരിഗണിക്കേണ്ടതായിട്ടില്ല. വേറൊരു ഭാഗംകൂടി നോക്കാം. സീതാവധത്തിനുശേഷമുള്ള അഴകിയരാവണനെ മണ്ഡോദരി ഭർത്സിക്കുന്നതിപ്രകാരമാണു്:—

എന്നേ! പൊണ്ണാ! പിരാന്താ! പൊൺപൊണെവെറുതേ
മിനിപോലേ തടിച്ചി–

കന്യാരത്നം കൊതിച്ചിട്ടുനയിർ കളയു-
മ്മാറുതന്നേ തുനിഞ്ഞാൻ."

ഇതിലേ 'ചീനി' എന്ന പദം 'മരച്ചീനി' (കപ്പ) യേയോ വറൽമുളകു് (ചീനിമുളക്) നേയോ ഏതിനെയാണു കുറിക്കുന്നതു്? മുളകുപോലെയെന്നു പറഞ്ഞാൽ തടിപ്പു സാത്മകമാകയില്ല. മരച്ചീനിയായാൽ ഏതാണ്ടു പറയേക്കാം. പക്ഷേ മരച്ചീനിക്കു സുലഭപ്രചാരം വന്നിട്ടധികം കാലമായില്ല. ചീനി എന്നതിനു വേറെ വല്ല അർത്ഥവുമുണ്ടോ? ഏതായാലും ഒരു കാര്യം ശ്രദ്ധാർഹമാണു്. പഴയ ഗ്രന്ഥങ്ങൾ തേടിപ്പിടിക്കുന്ന ഗവേഷകന്മാരേയും അവ പ്രസിദ്ധം ചെയ്യുന്നവരേയും എത്ര അഭിനന്ദിച്ചാലും അധികമാകയില്ല. എന്നാൽ പല പ്പോഴും പൂർവ്വതനരേഖകൾ മുഴുവനും കണ്ടുകിട്ടുന്നെന്നു വരികയില്ലല്ലൊ. കുറേ പൊടിഞ്ഞും ഏതാനും ഭാഗം ചിതൽ തിന്നും, മറ്റു ചില ഭാഗങ്ങൾ അവ്യക്തമായും വേറേ ചില ഭാഗങ്ങൾ പിൽക്കാലത്തു വല്ലവരും എഴുതിച്ചേർത്തവയും ആയിരിക്കുക എന്നുള്ളതു താളിയോല ഗ്രന്ഥങ്ങളെ സംബന്ധിച്ചിടത്തോളം കേവലം സ്വാഭാവികമായിട്ടുള്ളതാകുന്നു. അങ്ങനെയുള്ള രേഖകൾ കഴിയുന്നത്ര ഭംഗിയായും പൂർണ്ണമായും പ്രസിദ്ധം ചെയ്യണമെന്നാഗ്രഹിക്കുന്നവർ അവരുടെ ബുദ്ധിയും യുക്തിയും പ്രയോഗിച്ചു കാര്യം സാധിച്ചെന്നും വരും. രാമായണചമ്പുവിലെ പറങ്കിത്തൊപ്പിയും, ചീനിയും ഇങ്ങനെയുള്ള മനോധർമ്മസൃഷ്ടിയാണോ? അങ്ങനെയായിരിക്കാമെന്നു പറയുന്നതും സാഹസമാണു്. ഏതായാലും ഭാഷാ

രാമായണചമ്പു പുനത്തിന്റെ കൃതിയാണെന്നതന്നെ പറയേണ്ടിയിരിക്കുന്നു.

ഭോരത്തചമ്പുവും പുനത്തിന്റെ കൃതിയാണെന്നാണു വയ്പ്പ്. കവിതാരീതി നോക്കുന്നതായാൽ ഇതു രാമായണചമ്പുവിനു മുമ്പു രചിച്ചതാണെന്നു് അഭിപ്രായപ്പെടാവുന്നതാണു്. ഒരു പക്ഷേ, പുനത്തിന്റെ ആദ്യചമ്പു ഇതായിരിക്കാം. അനുകരണങ്ങളും വിവർത്തനങ്ങളും ഇതിൽ ധാരാളമാണെങ്കിലും ഭാവാത്ഥസാന്ദ്രതയും രാമണീയ വിശേഷവുംകൊണ്ടു് ഒരു പ്രൗഢമായ കാവ്യമാണിതെന്നുള്ളതിനു സംശയമില്ല. ഒരു നാരായണകവിയാണു് ഈ ചമ്പു രചിച്ചതെന്നു ചില നിരൂപകന്മാർ ഊഹിക്കുന്നുണ്ടു്, എന്നാൽ ഈ ഗ്രന്ഥം പുനം രചിച്ചതാണെന്നു് ഐതിഹ്യവും ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെ അഭിപ്രായവും പ്രചാരത്തിലിരിക്കുന്നുണ്ടു്.

രാവണവിജയം ആട്ടിയായി മുൻകാണിച്ച മറ്റു ചമ്പുക്കളും പുനം രചിച്ചതാണെന്നു ചില നിരൂപകന്മാക്കഭിപ്രായമുണ്ടു്. ആ അഭിപ്രായം സ്വീകരിക്കാം.

അടുത്തതായി രാമായണം ഇരുപത്തുനാലുവൃത്തത്തിന്റെ കർത്തൃത്വമാണു് ആലോചനാവിഷയം. ആശയങ്ങളും, പദപ്രയോഗങ്ങളും, കഥാഘടന ഇവയെ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ ഭാഷാരാമായണചമ്പുവിനും ഇരുപത്തുനാലുവൃത്തത്തിനും തമ്മിൽ അന്യാദൃശമായ ഐകരൂപ്യം കാണാവുന്നതാണു്. അതിനാൽ ഈ രണ്ടു കൃതികളും ഒരാൾ രചിച്ചതായി കരുതണമെന്നു പല നിരൂപകന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നാൽ ഐകരൂപ്യം ഏകകർത്തൃത്വസ്ഥാപനത്തിനു മാനദണ്ഡ

ാകയില്ലെന്ന് ഈ ഗ്രന്ഥത്തിൽ അന്യത്ര പ്രതിപാദിച്ചിട്ടുള്ളതു് ഈ, അവസരത്തിൽ സ്മരണീയമാണു്. വിശിഷ്യ, വിപുലമായ രാമായണചമ്പു എഴുതിയ പുനത്തിൽ ചർവിതചർവണാവസ്ഥ ആരോപിക്കണമെന്നും തോന്നുന്നില്ല. രാമായണചമ്പുവിലെ ശൈലി, ഫലിതം, പ്രയോഗവൈചിത്ര്യം ഇവയൊന്നും ഇരുപത്തു നാലുവൃത്തത്തിൽ കാണ്മാനുമില്ല. പിൽക്കാലത്തു പുനത്തിനെ ഉപജീവിച്ചു ഏതോ ഒരു കവിയായിരിക്കണം ഇതിന്റെ കർത്താവെന്നു കരുതേണ്ടിയിരിക്കുന്നു. കൃഷ്ണഗാഥയും പുനത്തിന്റെ കൃതിയല്ലെന്നു മുമ്പു പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ.

---

൩. പുനത്തിന്റെ പ്രത്യേകത

പ്രാചീനകാലം മുതൽക്കേ കേരള സാഹിത്യത്തിൽ നിത്യസ്മരണീയമായ സ്ഥാനമഹിമ, ഉഭയകവീശ്വരത്വം അഥവാ ഒന്നരക്കവിത്വം ഇങ്ങനെ പുനം നമ്പൂതിരിക്കു ലബ്ധമായിട്ടുള്ള പ്രശംസകളെ തെളിയിക്കുന്നതിനു് അദ്ദേഹത്തിന്റെ കൃതികളെല്ലാം മൂർദ്ധാഭിഷിക്തോദാഹരണങ്ങളാണു്. മണിപ്രവാളഭാഷാഘട്ടത്തിൽ ഇപ്രകാരം സഹൃദയലോകസമാരാധനത്തിനു് അർഹനായിത്തീർന്ന ഈ കവിപുംഗവന്റെ യശസ്സു് ആ ചന്ദ്രതാരം നിലനിൽക്കുന്നതാണു്. മണിപ്രവാളക്ഷേത്രത്തിലെ സജീവപ്രതിഷ്ഠയെന്നോ സമുജ്ജ്വലമായ വാടാവിളക്കെന്നോ പുനത്തിനെ പറയാവുന്നതാണു്. ആ

പ്രതിഷ്ഠയ്ക്ക് ഒരു വിധത്തിലും മൈതന്യക്കുറവില്ല. ആ വിളക്കിനു് ഒരു കാലത്തും വാട്ടമുണ്ടാകയുമില്ല. കാവ്യ നാടകാദികളിലും അലങ്കാരാദികളായ ശാസ്ത്രങ്ങളിലും അവഗാഹമായ പാണ്ഡിത്യവും, സഹൃദയാരാധനാതല്പര മായ ഒരു ഹൃദയവും, നാനാമുഖമായ ലോകപരിചയവും സംസ്കാര സാന്ദ്രതയും ഈ കവിപുംഗവനുണ്ടായിരുന്നു വെന്നു് അദ്ദേഹത്തിന്റെ കാവ്യങ്ങളും ഉച്ചൈസ്വരം ഉൽ ഘോഷിക്കുന്നു. നിസർഗ്ഗസിദ്ധവും, ശക്തിയും, അഭ്യാ സവും, നിപുണതയും തികഞ്ഞതുമായ അദ്ദേഹത്തിന്റെ കവന കലാവിലാസമാകട്ടെ, രമണീയതയുടെ സാഹിത്യ കലയിൽ ലഭിക്കാവുന്ന അത്യുന്നതമായ സ്ഥാനത്തെ സവിശേഷം പ്രകാശിപ്പിക്കുന്നുണ്ടു്. ചമ്പൂത്സവകാരനും, മറ്റനേകം മഹാകവികളും, പണ്ഡിതപ്രകാണ്ഡമായ ഉദ്ഭട ശാസ്ത്രികളും പുനത്തിനെ അത്യന്തം പ്രശം സിച്ചിട്ടുള്ളതും സഹൃദയ ലോകത്തിന്റെ പ്രത്യേക ശ്രദ്ധയിൽ പൊടേണ്ടതാണു്. പിൽക്കാലത്തു സംസ്കൃത കാവ്യകോവിദനെന്നും അനന്തദിവ്യനെന്നും മറവും പ്രഖ്യാ തനായ മേൽപ്പുത്തൂർ നാരായണ ഭട്ടതിരിപോലും പുന ത്തിനെ ഉപജീവിച്ചിട്ടുണ്ടെന്നു ചില നിരൂപകന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. ഭട്ടതിരിയുടെ ചില പ്രബ ന്ധങ്ങളിൽ പുനത്തിന്റെ കവിതകളിലേ പല ആശയ രസികതകളും കാണാവുന്നതാണു്. രാവണോത്ഭവം ചമ്പുവിൽ രാവണന്റെ തപസ്സും, ഭട്ടതിരിയുടെ കിരാതം പ്രബന്ധത്തിൽ അർജ്ജുനന്റെ തപസ്സും തമ്മിൽ ഒത്തു നോക്കിയാൽ ഈ അഭിപ്രായം ഏറ്റക്കുറെ ശരിയാണെന്നു കാണാവുന്നതാണു്. മഹാകവികളിൽ മറവു പലേ

ചമ്പുകാരന്മാരും ഇരുപത്തുനാലുവൃത്തകാരനും കുഞ്ചൻ നമ്പ്യാരും അനേകം സംഗതികളിൽ പുനത്തിനെ ഉപജീവിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം കേരള ഭാഷാസാഹിത്യ ചരിത്രത്തിൽ സുപ്രസിദ്ധമായിട്ടുള്ളതാകുന്നു.

മൂന്നാം പ്രകരണം

൧. സാഹിത്യ സേവനം.

പുനത്തിന്റെ കൃതികൾ എത്രതവണ വായിച്ചാലും മതിവരാത്തവയും കൊതി തീരാത്തവയുമാണു്. തൽക്കൃതികൾക്കെല്ലാം പൊതുവേ പരമരസപ്രകാശിതത്വം എന്നൊരവസ്ഥാവിശേഷം ഉണ്ടു്. "മധുരമധുര ഭാഷാസംസ്കൃതാന്യോന്യ സമ്മേളന സുരഭിലത"ങ്ങളും സുന്ദരങ്ങളുമാണു് ഭാഷാചമ്പുക്കൾ. അഥവാ സാഹിത്യകലയുടെ മോഹനസൂക്ഷ്മാതിരേകം നിറഞ്ഞ പേടകങ്ങളാണു് ഭാഷാചമ്പുക്കൾ എന്നുപറഞ്ഞാലും അതിശയോക്തിയാവില്ല. അതേ, വിശ്വമോഹനമായ സുന്ദര കലാസത്തായ മകരന്ദം നിറഞ്ഞുതുളുമ്പുന്ന കാവ്യസുമതല്ലജങ്ങളാണു ഭാഷാചമ്പുക്കൾ. അതിനാൽ വിശ്വൈകാനന്ദവും സൗന്ദര്യസത്തും സാഹിത്യകല മുഖേനയാണു് ലഭ്യമാകുന്നതു്. അതു ലഭ്യമാകണമെങ്കിൽ, ആസ്വദിക്കണമെങ്കിൽ, പുനത്തിന്റെ ഭാഷാചമ്പുക്കൾ നാം വായിക്കയും പഠിക്കയും ചെയ്യണം. ഏതുതല്ലാം മാസ്റ്റങ്ങളിൽക്കൂടിയാണു്, അഥവാ ഏതെല്ലാം ഘടകങ്ങളുടെ

സമവായ വിശേഷങ്ങൾകൊണ്ടാണ്, ചമ്പുക്കൾ ഈ കാലത്തു സമ്പാദിച്ചിരിക്കുന്നത് എന്ന് ആരായുന്നതോടുകൂടി പുരാണത്തിന്റെ സാമൂഹിക സേവനത്തെപ്പറ്റിയും നമുക്കു ഗ്രഹിക്കുവാൻ കഴിയും.

സമ്പൂർണ്ണഭാഷയാണ് സംസ്കൃതം. ആ ഭാഷയുമായുള്ള സംസർഗ്ഗമാണ് കൈരളിയുടെ വിജയത്തിനു മുഖ്യമായ അവലംബം. ഈ തത്വം ചമ്പുക്കൾ വേണ്ട പ്രകാരം തെളിയിക്കുന്നുണ്ട്. "അനുഭവങ്ങളെ കറിക്കുന്നതിനും ചരിശോധിക്കുന്നതിനും അനുസ്മരിക്കുന്നതിനും നിവേചിച്ചു വർദ്ധിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും ഉപകരിക്കുന്ന ശബ്ദരൂപമായ ഒരു സാങ്കേതിക സംഹിതയാണ് ഭാഷ." ഈ പ്രകാരമുള്ള ഒരു ബന്ധവിശേഷത്തിന്മേൽ രസകരമായി പ്രതിബിംബിപ്പിക്കുന്ന കലാവൈചിത്ര്യമാണ് കാവ്യം. സംസ്കൃതത്തിൽ "അദാദി"ഗണത്തിൽ ചേർത്തിരിക്കുന്ന 'കു' എന്നതിനു 'ശബ്ദിക്കുക' എന്നർത്ഥം. അതിന്റെകൂടെ 'ഷ്ണച്' ആയ 'വി' ചേർന്ന്, ആ 'ശബ്ദത്തെ "വേണ്ടപ്രകാരം വ്യാപാരം ചെയ്യുന്നവൻ" എന്ന അർത്ഥത്തിൽ കവി ശബ്ദം ആവിർഭവിച്ചു. ആ കവിയുടെ വ്യാപാരം കാവ്യം. "ലോകോത്തരവർണ്ണനാനിപുണകവി കർമ്മകാവ്യം" എന്നും ആയതു രമണീയാർത്ഥവും രസവുംകൊണ്ടു സജീവവും ആയിരിക്കണമെന്നും പടിപ്പടിയായി നിർവചനത്തിനു വികാസം ഉണ്ടായിട്ടുണ്ട്. അതിലേയ്ക്കു സാർത്ഥങ്ങളായ കോമളശബ്ദങ്ങളെ സമഞ്ജസമായി സമവായം ചെയ്യേണ്ടതുമാകുന്നു. പ്രകൃതിസൗന്ദര്യത്തിന്റെ അനുകരണമാണു കല. ആ കലാസൂക്ഷ്മതയാണ് കാവ്യത്തിൽ പ്രകാശിക്കേണ്ടതു്, അഥവാ, സാഹിത്യത്തിനു ശ്രുതിയും

പുഷ്ടിയും നൽകേണ്ടതു്. ശ്രേഷ്ഠമായ കാവ്യം ഏതു ഭാഷയിലായിരുന്നാലും സർവ്വസമാരാദ്ധ്യമായിട്ടുള്ളതാണു്. ഇപ്രകാരമുള്ള കാവ്യമാണു നിർവൃതിയുടെ ജന്മജനകത്വം വഹിക്കുന്നതു്. ആ കാവ്യത്തിന്റെ ഉദ്ദേശ്യം എന്താണു് ?

"കാവ്യംയശസ്സേർത്ഥകൃതേ-
വ്യവഹാരവിദേ ശിവേതര ക്ഷതയേ.
സദ്യഃപരനിർവൃതയേ-
കാന്താസമ്മിതയോപദേശയുജേ".

എന്നുള്ള അഭിപ്രായം സാഹിത്യലോകത്തിൽ സുവിദിതമായിട്ടുള്ളതാണു്. എല്ലാ ഭാഷകളിലേയും കാവ്യങ്ങൾക്കിതു പറ്റിയതുതന്നെ എന്നാൽ ഓരോ ഭാഷയും കൈകാര്യം ചെയ്യുന്ന ജനതയുടെ സംസ്കാരവും സാഹചര്യവും ദേശകാലാദ്യുപാധികളും അനുസരിച്ചു കാവ്യങ്ങൾക്കു വൈവിധ്യമുണ്ടാകുവുന്നതാണെങ്കിലും കാവ്യധർമ്മം സാമാന്യേന യോജിച്ചു വരുന്നതാണു്.

ലോകത്തിന്റെ ശൈശവദശയിൽ അശനപുരുഷാർത്ഥത്തിനായിരുന്നു പ്രാധാന്യം. ഇതിന്റെ ഫലം തടിച്ചു കൊഴുത്ത ശരീരലാഭമാണല്ലൊ.. അക്കാലത്തു ഭാഷതുലോം പരിമിതവും സങ്കുചിതവും ആയിരുന്നു. എന്നാൽ മാനുഷലോകത്തിന്റെ അവസ്ഥയുടെ വികാസവും പരിവർത്തനവും വന്നതോടുകൂടി ഭാഷയും അതിനനുസരണമായ പുഷ്ടി പ്രാപിച്ചു. തൽഫലമായി ആദിയിൽ ശബ്ദപ്രപഞ്ചമയമായ കാവ്യം പിന്നീടു് അർത്ഥ

നികേതനമായും, അടുത്ത പടിയിൽ അലങ്കാരാകര മായും, ഒടുവിൽ രസാത്മകമായും തീർന്നു. ഇങ്ങനെ പല ഘട്ടങ്ങളും തരണംചെയ്തു കഴിഞ്ഞപ്പോൾ, "ശബ്ദാർത്ഥാ ലങ്കാര സമ്പ്രപഞ്ചം ഭാഷാ, കാവ്യം' എന്ന നിർവ്വചനം ഉണ്ടായി. ഈ ഘട്ടത്തിൽ രീതിക്കും ധ്വനിക്കും സ്ഥാനം വന്നു. അങ്ങനെ 'ശബ്ദാർത്ഥാലങ്കാര രീതി രസധ്വനി യുക്തം ഭാഷാ, കാവ്യം' എന്നായിത്തീർന്നു. ഈ ശ്രേഷ്ഠ മായ പ്രമാണത്തിനവകാശം പ്രഥമമായി സമ്പാദി ച്ചതു സംസ്കൃതഭാഷയും സാഹിത്യവുമാണു്. ക്രമേണ ഈ അവസ്ഥകളും മറ്റു പല ഭാഷകളും തരണംചെയ്തു പൂർവ്വോക്തമായ നിർവചനത്തിനർഹത നേടി. കൈര ളിയും ഈ സ്ഥിതിക്കർഹയായി. സംസ്കൃത സംസർഗ്ഗം കൊണ്ടു മറ്റൊരു ഭാഷയ്ക്കും ലഭിച്ചിട്ടില്ലാത്ത മണി പ്രവാള പ്രസ്ഥാനമാണു കൈരളിയെ ഈ നിലയിൽ എത്തിച്ചതു്. അതിനാലംബം ഭാഷാ ചമ്പുക്കളാണു്. അവയിൽ പ്രാധാന്യം പുനത്തിന്റെ ചമ്പുക്കൾക്കാ കുന്നു. ആ ചമ്പുക്കൾ മണിപ്രവാളത്തിനുള്ള വിശ്വ വശ്യതയുടെ വിജയ പതാകകളായി പരിലസിക്കയും ചെയ്യുന്നു. ഈ വിഷയത്തിൽ കവി ധന്യനായിരിക്കുന്നു.

പൂർവ്വോക്തങ്ങളായ തത്വങ്ങളെ അവലംബിച്ചു കൊണ്ടു നമുക്കു പുനത്തിന്റെ കാവ്യസരണിയിൽ ഒരു ചെറിയ സഞ്ചാരം നടത്തേണ്ടിയിരിക്കുന്നു. പുനത്തിന്റെ കവിതയുടെ സർവ്വ മേന്മകളും "താരിൽത്തനുചീ——" എന്ന പൂർവോക്തശ്ലോകത്തിൽ ഭംഗിയായി പ്രകാശിക്കു ന്നുണ്ടു്. അദ്ദേഹത്തിന്റെ കവിതയ്ക്കു പരമ രസപ്രദാ യിത്വം നൽകുന്ന രചനാസുഭഗമായും അവാച്യമായി

ട്ടുള്ളതാകുന്നു. "സാർത്ഥങ്ങളായ കോമളശബ്ദങ്ങളുടെ സമവായ വിശേഷംകൊണ്ടുണ്ടാകുന്ന സുന്ദരകല" യാണല്ലൊ സാഹിത്യം. രാമായണം അംഗുലീയാങ്കം ചമ്പുവിൽ സമുദ്ധരണോദ്യുക്തനായ ശ്രീ. ഹനുമാന്റെ ചിന്ത നോക്കുക:—

"കോസലേന്ദ്രതനയാസുവർണ്ണലതമേ-
മൂലാവിനപയോധര-
സ്ഫീതമഞ്ജരിയിൽനിന്നു പാൽമധുനുകർന്ന-
മധുമത്ത പാന്ഥിതം
വാസിനം ജനകനന്ദനാസ്തനവിലേപ-
മേളന വശാത്മക-
പ്രാദുരസ്തമണിദർപ്പണേ മരണരോഗ-
ഹാരി പരമൗഷധം.

കാതിടഞ്ഞ മിഴിതന്നിൽനിന്നു വഴിയുന്ന-
സാന്ദ്രകരുണാമൃതാം
ഭോധിതൻ നടുവിൽ വാങ്മയം മധു വ-
മിണ്ണെഴും തിരുമുഖാംബുജം
കാതിലേറുമൊരു ധീരതാമണി നികേതനം-
ദശരഥപ്രിയം
പ്രാദുരസ്തമണിദർപ്പണേ മരണരോഗ-
ഹാരി പരമൗഷധം.

മേദിനിപതി ബുഭുക്ഷയാ കനകഭൃഷ-
ണൈനടലണഞ്ഞു ര-
ണാങ്കനേ കനകമിരുന്നനേരവുമൊരന്യ-
കാകരണനേരവും

ദേഹിനമൊര വർണ്ണമേ പരിലസന്മ–
നോജ്ഞ വദനം മമ
പ്രാദുരസ്തു മണിദർപ്പണേ മരണരോഗ–
ഹാരി പരമൗഷധം.
ചൂതബാണനൊട്ടു കാന്തികൊണ്ടു പിശകുന്ന–
ഗാത്രമതിമാത്രമൽ–
ലാസമാനധൃതി വില്ലുമമ്പുമിരുകയ്യിലും–
ദധദുദഞ്ചിതം
ഗാഢിനന്ദനനെ മുൻനടത്തി വിഹിതപ്ര
ഭാവവിഭവം മമ
പ്രാദുരസ്തു മണിദർപ്പണേ മരണരോഗ–
ഹാരി പരമൗഷധം."

കലാസൗന്ദര്യത്തോടുകൂടി ഉത്തമമായ ഭക്തിയും കലർന്നവിലസുന്ന ഈ ഭാഗം അതീവ ഹൃദ്യമായിരിക്കുന്നു. കേതി, സാഹിത്യത്തിനു മേന്മയുള്ളവാക്കുമെന്നുള്ളതിനു തർക്കമില്ല.

"യുക്തിയാൽ നിയന്ത്രിതമായ ഭാവനകൊണ്ടു് രസത്തെ സത്യവുമായി ബന്ധിപ്പിക്കുന്ന ഒരു കലയാണു് സാഹിത്യം. അതിന്റെ മർമ്മം, അഥവാ, സാരാംശം നൂതനസൃഷ്ടി, അല്ലെങ്കിൽ, പുതിയ കണ്ടുപിടിത്തം ആണു്" ഈ നിരൂപകാഭിപ്രായത്തിനു ഭാഷാരാമായണ ചമ്പുവിലെ കഥാഘടനയും രാവണനും ഉദാഹരിക്കപ്പെടാവുന്നതാണു്. രാവണന്റെ ജാതകം, തപോനുഷ്ഠാന പരിപാടികൾ, ഭരണസംവിധാനങ്ങൾ ഇവ വർണ്ണിക്കുന്ന ഭാഗങ്ങൾ ഈ അവസരത്തിൽ ശ്രദ്ധാർഹമായിരിക്കുന്നു. 'രാവണൻ' എന്ന കഥാപാത്രത്തെ കാവ്യോചിതരാ

ആദ്യമായി ലോകസമക്ഷം അവതരിപ്പിച്ചതു് ആദികവി യായ വാത്മീകിയാണു്. ആ കവിപുംഗവന്റെ പ്രസ്താവന നോക്കുക:—ദേവന്മാരുടെ പ്രതിനിധിയായി ബ്രഹ്മാവു മഹാവിഷ്ണുവിനോടു പറയുന്നു:—

"ഭഗവൻതവൽ പ്രസാദത്താലരക്കൻ രാവണാഹ്വയൻ
ദ്രോഹിപ്പു ഞങ്ങളെ ക്കൊല്പാലാവില്ലവനെ നിഗ്രഹിപ്പാൻ
ഭഗവാൻ പണ്ടുവന്നേകിയല്ലോ മുദിതനായ് വരം
അതുമാനിച്ചു സകലം ക്ഷമിപ്പു ഞങ്ങളെപ്പൊഴും
പേടിപ്പിപ്പു ത്രിലോകത്തെ ദ്ദർപ്പൻ ദ്വേഷിപ്പു മത്തൃരെ
അടിച്ചുമത്താൻനോക്കുന്നു വാനോർകോനാം മഘേന്ദ്രനെ
യക്ഷർഷിഗന്ധർവ്വരേയും ബ്രാഹ്മണാസുരൻതമ്മെയും
കേറി ദ്രോഹിപ്പു ദുർദ്ധർഷൻ വരദാനവിമോഹിതൻ
അവന്നു സൂര്യൻ ചൂടേറില്ലരികെ കാറടിച്ചിടാ
അനങ്ങില്ലവനെക്കണ്ടാലലതല്ലിടുമാഴിയും
ഞങ്ങൾക്കൊട്ടല്ലയമഗ്ര്യോരാകാരനരക്കനാൽ."

(വാത്മീകി രാമായണം വള്ളത്തോൾ)

ആദികവിയുടെ തുഛികാവിലാസത്തെ ആസ്പദമാക്കി പിന്നീടു പല കവികളും രാവണനെ ഓരോ വിധത്തിൽ പ്രകാശിപ്പിച്ചിട്ടുണ്ടു്. എന്നാൽ പുനത്തിന്റെ രാവണൻ അത്യുത്ഭുതജനകമായ ഒരു വിശേഷസൃഷ്ടി തന്നെയാണു്. പുനം അന്യാദൃശമായ യുക്തിയും ഭാവനയുംകൊണ്ടു സ്വകഥാനായകനെ സഹൃദയസമക്ഷം പ്രകാശിപ്പിച്ചിരിക്കുന്നതു് അത്യന്തം ശ്രദ്ധേയമാണു്. രാവണന്റെ ജാതകം രചിച്ചിരിക്കുന്നതു നോക്കുക:—

"അന്യോന്യാലോകിതൗ താവസുരസുരഗുരു-
ഹ്രാഗജ്ഞകോപയാതൗ
മേഷേപൂഷാസപൂഷോ വിധുരഥസുതഃ-
കുംഭസംസ്ഥേ ച മന്ദേ
ലഗ്നേ മാന്ദിഃ കുജീരേ മകരജുഷി കുജേ-
സൈംഹികേയേ തുലാസ്ഥേ-
ദ്വാദശ്യാം കൃഷ്ണപക്ഷേ സമജനി ജഗതാം-
രാവണോ ധൂമകേതുഃ"

"ആദിത്യനും ശുക്രനും മേടത്തിലും, ചന്ദ്രനും ബുധനും മീനത്തിലും, ചൊവ്വ മകരത്തിലും, വ്യാഴവും രാഹുവും തുലാത്തിലും, ശനി കുംഭത്തിലും, മാന്ദി കർക്കടകത്തിലും നിൽക്കുന്ന സമയം കൃഷ്ണപക്ഷദ്വാദശിയും രേവതിയുടെ അന്ത്യപാദവും കൂടിയപ്പോൾ ഗണ്ഡാന്തസമയത്തു കർക്കടകലഗ്നത്തിൽ ലോകോപദ്രവകാരിയായ രാവണൻ ഭൂജാതനായി." രാവണന്റെ പരാക്രമജടിലമായ ജീവിതത്തെ സാധൂകരിക്കുന്ന ഒരു ജാതകം ഉണ്ടെന്നാണു കവിയുടെ നിശ്ചയം. അതിൻപ്രകാരം സപ്തഭാവനാകൗശലത്തെ വെളിവാക്കി. ഇനി ഈ രാവണന്റെ തപസ്സു വർണ്ണിക്കുന്നഭാഗം നോക്കാം. ബ്രഹ്മാവിനെ തപസ്സുചെയ്തുവെന്നു വിവരിക്കുന്ന പുരാണകഥ കവി രൂപാന്തരംചെയ്തു. അജനും വാണിമണാളനും പൂജ്യനർഹനും ആയ ബ്രഹ്മാവിനെ തപസ്സുചെയ്കയെന്നതു രാവണന്റെ പ്രതാപാതിശയത്തിനു യോജിച്ചതല്ല. സംഹാരമൂർത്തിയും മുപ്പുരാരിയും നിടിലാക്ഷനും കാളീജനകനും ആയ രുദ്രനെ തപസ്സു ചെയ്കയാണു രാവണനു യോജിച്ചതെന്നു കവി തീർച്ചപ്പെടുത്തുന്നു.

അതികൃച്ഛ്രമായ തപസ്സാണു രാവണൻ അനുഷ്ഠിച്ചതു്. വേനൽക്കാലത്തു പഞ്ചാഗ്നിയുടേയും വർഷകാലത്തു് പഞ്ച ജലത്തിൻറേയും മദ്ധ്യത്തിൽ സ്ഥിതിചെയ്തു്, യമനിയമാദികളായ പാശങ്ങൾകൊണ്ടു് ഇന്ദ്രിയ തുരഗങ്ങളെ നിബദ്ധങ്ങളാക്കി യോഗാസനം വരിച്ചു്, പ്രപഞ്ചസ്തംഭനമുണ്ടാകത്തക്ക വിധത്തിൽ നിമീലിതലോചനനായി അചഞ്ചലനായി ലങ്കാധിപൻ അനുഷ്ഠിച്ച തപസ്സു്, യഥാർത്ഥ കേതിയുടെ പ്രത്യക്ഷനിദർശനമായിരുന്നു. 'സർവം ശിവമയം,' 'ശിവോഹം' എന്നിങ്ങനെയുള്ള ബോധം രാവണനിൽ ഉറച്ചു പ്രകാശിച്ചു. ലോകനാഥൻ പ്രത്യക്ഷനായി വരംതന്നേ താൻ പിന്മാറുകയുള്ളുവെന്ന സ്ഥിരാദർശത്തോടും നിശ്ചയോദ്യോഗക്രൂടി കാലം വളരെ കഴിച്ചു. അപ്പോഴം—

"അപ്രസേദുഷി തദാ വൃഷദ്ധ്വജേ
തത്ര വഹ്നിവലയേ ഭൃശോജ്ജ്വലേ
പ്രസ്രുവൻ വദനപങ്കജാഹുതിം
ചന്ദ്രഹാസമസിമാദദേ രുഷാ."

ഓരോ ശിരസ്സും ഹോമദ്രവ്യമായി സ്വീകരിച്ചു. കേതിയുടെ ദാർഢ്യവും നിശ്ചയസ്ഥിരതയുംനോക്കുക:

"പ്രൗഢാത്മാ കണ്ഠവാടീം ത്രുടിതഘനസിരാ-
ബന്ധമാസ്കന്ധരൂപം
പാടേചേക്കീംവിധായ വിസ്മയമഴകിതു ഭ-
ക്ഷാരിയേ സാക്ഷിയുള്ളു.

വാടീലമ്മന്ദഹാസം നതിഭണിതികളം തേ–
ടീലഹാ ഗള്ഗദത്വം
കോടീലാ ചില്ലിപോലും വദനദശകമേ–
കൈകമാസീൽപ്രസന്നം.”

വീരത്വവും അഞ്ചലത്വവും മേളനംചെയ്ത വ്യക്തിയം! പുരുഷത്തിനു മാറുക്കുട്ടന്ന പ്രസന്നഭാവം!ശിരസ്സുവെട്ടുമ്പോൾ അതു ചന്ദ്രഹാസത്തിൽ പ്രതിബിംബിച്ചിട്ടും യാതൊരിളക്കവും അതു ശ്രദ്ധിച്ചില്ല. ഭക്ഷാരിയല്ലാതെ വേറേയാരും ഇതിനു സാക്ഷിയല്ല; അതായതു “പരബോധ്യത്തിനു” എന്നുള്ള കാവടൃനയം ആ പുരുഷകേസരി അശേഷം സ്വീകരിച്ചിട്ടില്ലെന്നു താല്പര്യം.

“യോ ജുഹ്വൻ സ്വശിരാംസി ശങ്കരപുരോ–
ഹാകാര വൈരേണ നു
സ്വാഹാകാരമുദാ ജഹാര സദശ–
ഗ്രീവഃ കഥം കഥ്യതെ?”

‘ഹാ’ കാരം; അതേ; അതു ദീനതയെ കാണിക്കുന്ന ശബ്ദമാണ്. അതു ദശകണ്ഠൻ ഉച്ചരിക്കുമോ? ഒരിക്കലുമില്ല! “സ്വാഹാ” എന്നവസാനിക്കുന്ന ഹോമമന്ത്രം “സ്വാ” എന്നുച്ചരിച്ചാണ്, തന്റെ ശിരസ്സാകുന്ന ആഹവിസ്സ് ഹോമിക്കുന്നതു്. ഇതു വീരനായ ഒരു സന്താനം പുരാതന ദ്രാവിഡ സംസ്കാരത്തിന്റെ പുരുഷസത്തായി പരിലസിക്കുതെന്നു ചെയ്യുന്നു. അഥവാ ഈ കഥാപുരുഷനാനം പുരുസ്ത്യശ്രേത്തിന്റെ ധീരനേട്ടമാണ്. നോക്കുക;—

"സേഷ്ടുൽ കൃത്യ ഹൃതേഷു മൂർദ്ധസു ജവാ-
ദന്തഃസ്ഫുടിതപാ ബഹി
വ്യാകീർണ്ണേഷ്ടളികേഷു ദിവ്യ ലിപിഭിർ-
ദ്ദൃഷ്ടാപി രാമായണം."

എങ്കിലും:—

"ചിത്തേനാസ്ഖലിതേന യസ്തദധികം-
ബ്രഹ്മാണമപ്രീണയത്".

കവിതന്നെ "വീക്ഷിംഗിരാം ഗാഹതെ" എന്നു സമാധാനിക്കുന്നു. അമ്പോ! വിരോജചലപ്രതാപജടിലനായ പുരുഷസിംഹം! ഇങ്ങനെ അന്യാദൃശപരീക്ഷകളും ക്രൂരപരീക്ഷകളും നടത്തിയും ദേവപ്രീണനാർത്ഥം ത്യാഗങ്ങൾചെയ്തു. എങ്കിലും ദേവൻ പ്രത്യക്ഷനായില്ല. പത്താമത്തെ ശിരസ്സും വെട്ടുകതന്നെയെന്നു തീർച്ചയാക്കി; വാളെടുത്തു. ദേവൻ ആ ക്രോധോദ്രേസരന്റെ മുമ്പിൽ പ്രത്യക്ഷമാകതന്നെ ചെയ്തു. ലങ്കാധിപൻ സാഹസകൃത്യത്തിൽനിന്നും വിരമിച്ചു. അതികഠിനമായ തപോനുഷ്ഠാനത്തിന്റെ ഫലമായി അതീവ ദുർല്ലഭമായ ദേവദർശനം ഇങ്ങനെ സാദ്ധ്യമായി. ഭാഗ്യമെന്നല്ലാതെ എന്തു പറയാനാണു? ലങ്കാധിപൻ ഏവം, ദിവ്യദർശന ലാഭംകൊണ്ടു സന്തുഷ്ടനെങ്കിലും, വാഞ്ഛിതാർത്ഥനാണെങ്കിലും, പ്രഥമാരാധനം എങ്ങനെയാണു ചെയ്തതു?—

"മാനാദ്ധ്യാതഃ കൃത്തമൂർദ്ധ്നഃ പ്രതൃഢ-
ശ്രീമന്മൂർദ്ധ്നശ്രേണി വിഭ്രാജമാനഃ
ശ്രീമദ്ധാങ്ഗേ വഞ്ചയിത്വാ സുഖേന-
പ്രീതശ്ശംഭോരേകപാദേ പപാത."

ഇവിടേയും രാക്ഷസേശ്വരന്റെ അമേയ പുരുഷാർത്ഥം കാണുന്നു. നാരിയേ രാവണൻ വന്ദിക്കയില്ല. ആത്മാഭിമാനത്തിന്റെ ഗർവമസ്സണമായ ക്രൗര്യാട്ട! വരം കാംക്ഷിച്ചാണു തപസ്സുചെയ്തു ദേവനെ പ്രത്യക്ഷമാക്കിയതെങ്കിലും യാചനയെന്നതു വീരപുരുഷന്മാർക്കുയോജിച്ചതല്ലെന്നു രാവണൻ കരുതുന്നു:—

"യാചിഞ്ഞാ ദൈന്യപരാഞ്ചി രാക്ഷസപതേ—
ശ്ചിത്തം "മിഥസ്സ്വം വൃണു."
"തഥാ വൃണു"ചിതൃക്തിതോ മുഖാനി കലഹാ—
യന്തേ സ്മ തസ്മിൻ ക്ഷണേ."

ഈ വീരോജ്വലകഥാപാത്രത്തിനും തൽസൃഷ്ടിക്കുതകിയ ആ ധന്യമായ തൂലികയ്ക്കും എത്ര നമസ്കാരം ചെയ്താലും അധികമാകയില്ല. "ലങ്കേശ്വരന്നാരുമൊവ്വാ" എന്നു കവി പറഞ്ഞിട്ടുള്ളതു് എത്രയോ അനവദ്യം! യുക്തിയും ഭാവനയും കലർത്തി വീരരസത്തെ അധ്യക്ഷ്യമായി പ്രകാശിപ്പിച്ചുകൊണ്ടു കവി വിജയിച്ചിരിക്കുന്നു.

ഏവം, സമഗ്രവിഭൂതിപ്രതാപസമ്പന്നനായ രാവണൻ 'ഒരുവിധം' വരവും സമ്പാദിച്ചു സർവാധിപതിയായപ്പോൾ ദേവലോകത്തേയ്ക്കു് ഒന്നു നോക്കി. അമൃതു സേവിച്ചു ജരാനരകളിൽനിന്നു വിമുക്തന്മാരും സുന്ദരന്മാരും ആരോഗ്യവാന്മാരും ചാരുതരഭോഗസമൃദ്ധരും തൊഴിലില്ലാത്തവരും ആയ ദേവേന്ദ്രപ്രഭൃതികളായ പുരുഷവർഗ്ഗത്തേയും ഉർവ്വശി മുതലായ സർവ്വൈശ്വര്യമാരേയും രാവണൻ ദേവലോകത്തു കണ്ടു. ഇവക്കെല്ലാം ജോലി കൊടുക്കണമെന്നു് ആ ചക്രവർത്തി നിശ്ചയിച്ചു.

അവരെ ആരെയും വെറുതേ വിട്ടില്ല; ദേവലോകത്തെ തൊഴിലില്ലായ്മ നീക്കി. നോക്കുക;—എല്ലാവരേയും ലങ്കയിൽ വരുത്തി.

"സൂത്രാമാ തത്ര പാത്രം വിതരതി; ദഹനൻ—
പാചകൻ; ദണ്ഡധാരി"

കുത്തിക്കൊൽവാൻ;—ഇവരാരും അഹല്യയേയോ ദമയന്തിയേയോ ഇനി അന്വേഷിച്ചു നടന്ന ലോകത്തിൽ സ്വൈരക്കേടുണ്ടാക്കരുതെന്നാണു രാവണനേതാവിന്റെ മതം.

"മുറിപ്പാൻ നിർ‌ൃതി; കഴുകുവാൻ—
പാശധാരീ ജളാത്മാ.
ഉദ്യാനം പൂവറുപ്പാൻ പവന; നറ തുറ—
ന്നീടുവാൻ വിത്തപാലൻ
കൊല്ലുക്കൊള്ളും ഗോപുരം കാപ്പതിനഴകെഴുമീ—
ശാനനാശാന്തചേതാ"

"നണ" വകുപ്പു മേലദ്ധ്യക്ഷം വഹിച്ചു "ലോകം മിരട്ടി" നടക്കുന്ന നാരദനും ക്ലർക്കും യാതൊരു സഹൃദയത്വവും അനുവദിക്കപ്പെട്ടിരുന്നില്ല.

തണ്ടുകൻ പാട്ടുപാടും മുനിവരനധുനാ—
നാരദന്നംഗനാനാം
കണ്ടിക്കാർക്രന്തൽ ചിക്കുന്നിതു ബത പരിപൂ—
ർണ്ണേന്ദു മന്ദാക്ഷധാരീ."

അമ്പ! നിത്യബ്രഹ്മചാരിയും ബ്രഹ്മർഷിയും ആയ ബ്രഹ്മമാനസപുത്രനു നിശ്ചയിച്ച ജോലി കൊള്ളാം പിന്നെ?—

"കൊണ്ടാടേണം വസന്താദികളിരുപുറവും—
നിന്നുകൈക്കുപ്പിമേളം
തണ്ടും പാൽത്താമരപ്പൂപുലരിയിൽ വിരിയി—
ക്കേണമാരോഗ്യമാതാം"

എന്നാണു് രാവണചക്രവത്തിയുടെ കല്പന! ഐരാവതം, ഉച്ചൈശ്രവസ്സു്, യമമഹിഷം, ഇവരും വെറുതേ കഴിയാൻ പാടില്ല. നോക്കുക, ഒരു നിമിഷവും വിശ്രമിക്കുവാൻ അനുവാദമില്ല:—

"ആസന്ധ്യം കണ്ടകല്ലും മരവുമുടനിഴ—
യ്ക്കേണമൈരാവതംചെ
ന്നാത്തുംഗം വാജിരത്നം പുതിയപൊതിചുമ—
ന്നീടുവാന്തുഡ്ഢഭേദം.
നാകംതേടുന്നാകനാരിജനമടിതള്ളിച്ചെ—
യ്തീടുവാൻ പാടഴിപ്പാ—
നയ്യോ! യാമ്യം പെരുമ്പോത്തലമിഹവഹനാ—
ഡംബരംതമ്പിരാനേ!"

ദേവന്മാർക്കു്, സകലാംശമായ അമൃതു കൊടുത്തു, അവർക്കു "കൊഴുപ്പും തടിപ്പും" ഉണ്ടാക്കി "ബീജവൃഷഭ"ങ്ങളാക്കിത്തീർത്തു് വൃദ്ധിയേക്കാൾ ക്ഷയം നന്നാണെന്നഭിമാനിച്ചു കൊണ്ടു് ചന്ദ്രൻ കഴിഞ്ഞുകൂടുന്നതു് രാവണചക്രവത്തിക്കു തീരെ രസിച്ചില്ല:—

"സമ്പൂർണ്ണത്വേന തന്നേപരമുദിതനതാ—
കേണമെന്നാങ്കനാക്ക—
ന്നംഭോജന്മക്കളെല്ലാം വിരിവതിനുപരം—
പൂട്ടുകൂടാതവണ്ണം

വൻപാൽ പൂന്തെന്നൽ ബന്ധീകൃതവിബുധവധൂ-
നീവികമ്പേനമുമ്പേ-
സംഭാവ്യാത്മാതടങ്കേ വിഹൃതിമകൃതല-
ങ്കേശ്വരന്നാരുമൊവ്വാ!"

ദേവേന്ദ്രൻ പാത്രം തേച്ചാൽമാത്രം പോരാ, അദ്ദേഹത്തിനു വേറേയും ചില ചുമതലകളും ബദ്ധപ്പാടുകളുംഉണ്ട്.

"ഭീരുസ്വാന്തോ മഘോന്ദ്രൻ കഴലിണപണിവാൻ-
ഗോപുരം കാത്തുനിൽക്ക-
ന്നോരേക്കണ്ടേ പറഞ്ഞും പലവഴിയിലിര-
ന്നീടിലും കാൺകപാപം!
ഘോരം ഭ്രൂവല്ലികൊണ്ടങ്ങവരൊടിടയിടെ-
ത്തല്ലുകൊണ്ടോനുകാണ്ഡേ
പൂരക്കോൽകൊണ്ടുകൊള്ളും പരിചു ജഗതി ല-
ങ്കേശ്വരന്നാരുമൊവ്വാ!"

അഷ്ടനാഗങ്ങൾക്കും ത്രിദശരുടിനിക്കും കൂറേയധികമാണു ബദ്ധപ്പാട്;—

"രക്ഷോനാഥ ജയേതി പ്രണമനവുമിയ-
ന്നന്തിയാംനേരമേ വ-
ന്തൽക്കുലോല്ലാസി രത്നപ്രഭയിലുലകിടം-
മുങ്ങുമാറങ്ങുപാന്തേ
അക്കാലോകാവസാനേ നിരവിൽ നിലവിള-
ക്കെങ്ങുവയ്ക്കുന്നപോലേ
നിൽക്കേണം ചൂഴമെട്ടും ഫണിവരരിഫ ല-
ങ്കേശ്വരന്നാരുമൊവ്വാ!"

"വാനോരെപ്പോരിൽ മണ്ടിച്ചിടയിലുടനുടൻ–
കൊണ്ടുപോന്നാത്മപുഷ്പാ–
ദ്യാനേ മണ്ഡോദരീ ദൃഷ്ടികളം മദമണിവാൻ–
നട്ടനട്ടുഡുശോഭം.
ഊനാപായം വളർന്നീടിന കനകലതാ–
വാടി പാടേനനപ്പാൻ
താനേ ചോന്നംവരേണം ത്രിദശ തടിനി ല–
ങ്കേശ്വരന്നാശമൊപ്പാ!"

ഇങ്ങനെ "മട്ടവട്ടങ്ങളം" (Proceedings) ലങ്കാധിപ ക്രുവത്തിക്കു് അനേകമാണു്.

പ്രകൃതിയേ ഭാവനാസുന്ദരമായി ചമൽക്കാരത്തോടു കൂടി കാവ്യങ്ങളിലേയ്ക്കു പകർത്തിയാൽ അതിനുള്ള അസാദ്ധ്യതാവാദമാണു് ചാരമാകുന്നതു്. പ്രേക്ഷകദൃഷ്ടിയിൽ ശ്രുഷ്ക്കമെന്നോ നിർജ്ജീവമെന്നോ തോന്നുന്ന ഏതൊരു പ്രകൃത്യംശവും പുഷ്ടവും സജീവവും ആക്കി പ്രകാശിപ്പിക്കുന്നതിനു കവിയുടെ തൂലികയ്ക്കു കഴിയും. അതാസ്വദിച്ചു സഹൃദയലോകം വികാരസുന്ദരമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നു. അപ്രകാരമുള്ള വിവിധവികാരപരമ്പരകളും നൂതന സംസ്ക്കാരങ്ങൾക്കു അസ്ഥിവാരമിടുന്നവയാണു്. ഇങ്ങനെയാണു ലോകം പുരോഗമിക്കുന്നതു്. കവിലോകനിയന്താവാകുന്നതും ഈ മാർഗ്ഗത്തിൽ കൂടിയുമാണു്. "കവിതയെന്നതു ദൈവികമായ ഒന്നാണു്"; അതു ജ്ഞാനത്തിന്റെ കേന്ദ്രവും അതേ സമയത്തുതന്നെ അതിന്റെ പരിധിയുമാണു്. സകല ശാസ്ത്രങ്ങളും അതിലടങ്ങുന്നു. ശാസ്ത്രീയാന്വേഷണങ്ങൾക്കു ലക്ഷ്യമായിക്കരുതു

തേണ്ടതും കവിതതന്നെയാണു്." (Poetry is indeed, something divine. It is at once the centre and Circumference of knowledge, it is that which comprehends all science, and that to which all science must be referred,—(Shelly)" അതേ; കവിയുടെ പ്രതിഭാമൂശയിൽ ഉരുക്കി കാവ്യരൂപത്തിൽ പ്രകാശിപ്പിക്കുന്ന പ്രകൃതിക്കും മറ്റൊല്ലാ വിജ്ഞാനശാഖകൾക്കും മാറ്റവും ഓജസ്സും ഉണ്ടാകയും തത്വഗർഭീകരണപ്രാപ്തി സംസിദ്ധമാകയും ചെയ്യും. പുനം സ്വാതന്ത്ര്യസുരഭിയുത്തേയാണു് ഇക്കാര്യത്തിൽ ആലംബിച്ചിട്ടുള്ളതു്. രമണീയാർത്ഥപ്രതിപാദകമായ ഈ കലാപ്രകാശനം കൃത്രിമാഡംബരങ്ങളും കൊണ്ടും കവിസങ്കേതങ്ങളുംകൊണ്ടുമാണു പുനം സാധിച്ചിരിക്കുന്നതു്. ഇതിലേയ്ക്കു ചില ഉദാഹരണങ്ങളും കാണിക്കാം:— ഗന്ധമാദനഗിരി വർണ്ണനയിൽ ഒരു ഭാഗം: "നാലാമ്നായ നവീനസരോരുഹ—മലരിനകത്തു നിറഞ്ഞു വഴിഞ്ഞതി—മധുരംപെയ്യും മധുരസലഹരീ—പരിമളമാപ്പരമശിവൻതൻ—പാദസരോജേ കേത്യാ വീണ്ടു നമസ്കൃതി കോലും പ്രവരമുനീനാം—വിവിധ സ്തോത്ര ശതാ ജപഘോഷം കുഹചൻഭാഗേ—തുഹിന മഹീധര സുകൃതസുരദ്രുമ—മഴകൊട്ടു പൂത്തു വിരിഞ്ഞു മുതിത്ത—മുദ്ര വലഹരീ പരിമളപൂരം—ത്രി ജഗതി നീളെക്കോരിത്തേകി—നിരന്തരശോഭ കലന്നിയലുന്ന— നവീന മലക്കുട മന്മഥ വീരം—ശിഖാമണി വിരവൊട്ടു ഭുവനമശേഷം—വിരുത്തു വിളിച്ചു ജയിച്ചു നിതാന്തം—കൊടിമരമുകളിൽ തെളിവൊട്ടു തുക്കി—വിളങ്ങീടുന്നൊരു വിജയപതാകാ—കനക്കവിശാലത കൈക്കൊണ്ടധിക—വിശുദ്ധി കലർന്നു പരന്നീടുന്ന—ചിദംബര സീമനി പുഷ്പശ്രീയൊട്ടു—

മുട്ടുപ്പാകിവിലാസമുലാവിന —ശാരദ പൂർണ്ണശശാങ്ക
നിലാവിൽ—മഹേശ്വരവല്ലഭയായ്ച്ചുഴൽകൊട്ട—കൊഞ്ചി
വിളൻ വിപഞ്ചീനാദ—സുധാജലരാശിയിൽ വീണ
മരിച്ചതാര—പരമാനന്ദതരംഗ പരമ്പര—തന്നിലെട്ട
ത്തതിവേലാ മരുവിന—സുമുനി ജനവകിന്നരചാര
ണ—പന്നഗ ഖഗമൃഗതടിനീവൃക്ഷ—ലതാദി കദംബം
കഥമനഭാഗെ".

(കല്യാണ സൗഗന്ധികം—ഭാരതം)

ഭീമസേനന്റെ മുമ്പിൽ ഹനുമാൻ സ്വരൂപം കാണിക്കുന്നതു";—

"വാനോർ സിന്ധുതരംഗപാളിയിലെഴും-
കാറേററ്റു ചിന്നിട്ടുമ-
ന്നാകാശേ സരബാലരോമപടലീ-
നിർമ്മ്ലീയമാനാംബുദം.
കാണായീ കപിസർവ്വഭൗമമുടനേ-
മദ്ധ്യാഹ്നകാലത്തെഴും
ഭാനോരുഷ്മകെടുത്ത തീവ്രമഹസാ-
സന്ദീപിതാശാന്തരം".

രാമായണ ചമ്പുവിൽ, സീതാസമീപത്തേയ്ക്ക് "അഴകിയരാവണൻ" പുറപ്പെട്ടപ്പോഴുണ്ടായ ചന്ദ്രോദയത്തെ കവി വർണ്ണിച്ചിട്ടുള്ളതും ഈ അവസരത്തിൽ സ്മരിയ്ക്കാവുന്നതാണു";—

"ഇത്ഥം കല്പിച്ചെഴുന്നോരളവുദയഗിരൗ-
മെല്ല മെല്ലുന്നടിച്ചു

ചിത്താനന്ദം ജനയനാം തെളിവൊട്ടു വളരു-
മ്മാറു പീയൂഷധാമാ
പത്താശാന്തേ ചൊരിഞ്ഞിടിന ഹിമകണികാ-
മാലയാ മെല്ലെ മെല്ലെ-
ന്നിതെത്രേലോകൃം കള്ളിച്ചുനുപമപരമാ-
നന്ദ സന്ദോഹദായീ."

"പ്രാവിടമണിവദനംപോലെ—രജനീയാഷാ മുകരംപോലെ—മദനപ്പെണ്ണിൻ താലികണക്കെ—സുരതഗ്രോപ്പിമാവന്നപോലെ—മന്മഥ വരവിലുതിർത്തു പിടിക്കും—വെണ്മുത്തുകടെ തന്നെപ്പോലെ—മന്ദം പോന്നുദിയായ ശശാങ്കം" ഇനി ആ ചന്ദ്രികയുടെ വ്യാപ്തി നോക്കുക:—

"പീയൂഷത്തെളിനീരിൽ വിളങ്ങും—കർപ്പൂരപ്പൊടി തൂകിനപോലെ—തൈലോക്യത്തിൻ പുണ്യതപോലെ—പാൽക്കടൽപോന്ന പരന്ന കണക്കെ—പാണ്ഡരരശ്മിം ചിതറിനപോലെ—വെൺകളിയൊക്കെത്തേച്ചുകണക്കെ—മുത്തുകൾകൊണ്ടു വിതച്ചുകണക്കെ—കളർമൈൽ വളരും മധുരനിലാവിൻ—പ്രഭ..." വിസ്മയനീയമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

"സർവ്വവിധമായ ജ്ഞാനത്തിനേറയും നിർമ്മല മധുരമായ ഓജസ്സാണു കാവ്യം. എല്ലാ ശാസ്ത്രങ്ങളുടേയും മുഖപ്രസാദമാണു, അഥവാ ലളിതവികാരങ്ങളുടെ പ്രതിഫലനമാണു കവിത." (Poetry is the breath and finer spirit of all knowledge, it is the impasioned expression which is in the countance of all science."

- Wordsworth.) ഈശ്വരൻ, പ്രകൃതി തുടങ്ങിയ ആദ്ധ്യാത്മകവും; മനുഷ്യൻ, പ്രകൃതിയുടെയും ഭൗതികവും ആയ സംസ്കാരങ്ങളുടെ അധികരങ്ങളായി എന്തെല്ലാമുണ്ടോ അവയെയെല്ലാം ജ്ഞാനവിഷയങ്ങളായി പരിഗണിക്കാം. ആധുനിക ഗ്രന്ഥങ്ങളിൽ, മഹാകവി കുമാരനാശാന്റെ ചില ഖണ്ഡകാവ്യങ്ങളും ഇപ്രകാരമുള്ള വിഭാഗത്തിൽ ഉൾപ്പെടുന്നതാണു്. ആ വക കാവ്യങ്ങളും സത്യം, സാഹോദര്യം, സമത്വം മുതലായ ആദർശങ്ങളെയാണു ഘോഷിക്കുന്നതു്. വിജ്ഞാനത്തിന്റെ നിർമ്മല മധുരമായ ഓജസ്സും വികാരത്തള്ളലിൽ നിന്നും തിളച്ചുപൊങ്ങുന്ന വാഗ്വിലാസവുമാണു് പ്രസ്തുത ഖണ്ഡകാവ്യങ്ങളിൽ പ്രകാശിക്കുന്നതു്. എന്നാൽ ശാസ്ത്രം എന്നു പറയുമ്പോൾ സൂക്ഷ്മവിവരണതത്പരത്തിന്മേൽ വ്യവസ്ഥാപിതമായിട്ടുള്ളതാണല്ലോ ഭൂമിശാസ്ത്രം, ഭൗതികശാസ്ത്രം മുതലായി പർവതത്തിന്റെ സ്ഥിതി, ജലത്തിന്റെ ഘനതാരതമ്യം മുതലായവയെ വിവരിക്കുന്ന വിവിധശാസ്ത്രങ്ങളും നമുക്കിപ്പോൾ ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്. അപ്രകാരമുള്ള ശാസ്ത്രങ്ങളിൽ സാങ്കേതിക പദങ്ങളോ പ്രതിപാദനങ്ങളോ ഉണ്ടായിരിക്കാം. അവകൊണ്ടാണു് ശാസ്ത്രകാരന്മാർ വ്യവഹരിക്കുന്നതു്. ഈ വ്യവഹാരങ്ങളും ശാസ്ത്രങ്ങളെ ശ്ലഷ്ണങ്ങളും വിരസങ്ങളും ആക്കിത്തീർക്കുന്നെങ്കിൽ അത്ഭുതത്തിനവകാശമില്ല. എന്നാൽ ആ ശാസ്ത്രം ഒരു കവിയുടെ തൂലികയ്ക്കു വിഷയമായാൽ, സത്യാവസ്ഥ ശാസ്ത്രകാരന്റെ പരിധിയിൽ നിന്നു വ്യത്യസ്തവും ഹൃദ്യവുമായ ഒരു പരിധിയിൽ കൂടിയാണു പ്രകാശിതമായിത്തീരുന്നതു്. അവിടെയെങ്ങും ശ്ലഷ്ണതയും വിരസതയും

കാണുകയില്ല. ഉമാകേരളം മഹാകാവ്യം, മാത്താണ്ഡ വമ്മ ആഖ്യായിക എന്നീ ആധുനിക കവിതകൾ ശ്രദ്ധിക്കുക. ഭൗതികവും ആത്മീകവും ചാരിത്രികവും ആയതത്വങ്ങളെ കാവ്യരൂപത്തിൽ അവയിൽ പ്രകാശിപ്പിക്കുകയാണു ചെയ്യുന്നതു്. സഹ്യപുത്രം, എട്ടുവീട്ടിൽപിള്ള മാരുടേയും മറ്റും പ്രവർത്തനങ്ങൾ ഇവയെല്ലാം കാവ്യത്തിനു വിഷയീഭവിക്കുമ്പോൾ അതതു കവികൾ അവയിലെ ശാസ്ത്രീയതത്വങ്ങൾ പരിത്യജിച്ചിട്ടില്ലെന്നും പ്രത്യുത, സത്യത്തെ സരസമായി പ്രകാശിപ്പിച്ചിട്ടുണ്ടെന്നും കാണാവുന്നതാണു്. എന്നാൽ ശാസ്ത്രം എന്ന പേരിൽ പ്രഥക്കായി സ്ഥിതിചെയ്യുന്ന വസ്തു: പരിമിതവും, പരിശോധനാർഹവും, സത്യമാത്ര പ്രതിപാദകവും മാത്രമായിട്ടുള്ളതാണെന്നു നാം ഓർമ്മിക്കേണ്ടതാണു്. അപ്രകാരമുള്ള ഒരു വസ്തുവിൽ കവിയുടെ മാനസികവിലാസം പ്രതിബിംബിക്കുമ്പോഴുണ്ടാകുന്ന കലാ സൂഷ്മമായാണു തിളച്ചുപൊന്തുന്ന പ്രവാഹം. (Finer spirit) അതിന്റെ ബഹിഃപ്രകാശനമാണു നിർമ്മല മധുരമായ ഓജസ്സു്. Breath ശുഷ്കാവസ്ഥയിലുള്ള ശാസ്ത്രത്തെ ആകർഷകമാക്കുകയാണു് കവിയുടെ സ്തോഭജനകമായ—വികാരോദ്ദീപകമായ—കലാവിലാസം കൊണ്ടു സാധിക്കുന്നതു്. അപ്പോൾ അതു് ശാസ്ത്രത്തിന്റെ മുഖപ്രസാദമായിത്തീരുന്നു.

ഇപ്രകാരം ശാസ്ത്രീയഭാഗങ്ങളെ ലളിതകവും സുന്ദരവുമായി പ്രകാശിപ്പിക്കുന്നതിനു് രസം, രീതി അലങ്കാരം മുതലായവയെയാണു് കവികൾ ആലംബമായി സ്വീകരിക്കുന്നതു്. പൂനത്തിന്റെ കൃതികളിൽ ഒന്നായ

ഭാരതം ചമ്പുവിൽ — കിരാതത്തിൽ — ഒരു കാട്ടാളസ്ത്രീയേ വർണ്ണിക്കുന്നതു നോക്കുക: — "പാരിച്ചീടിനപാരക്കോലും — മുറവുമെടുത്തിട്ടൊട്ടുമറമൂ — ചരിച്ചിട്ടടയും നവശംഖു കഠം കൊണ്ടൊരു — കങ്കണവും ചില കുന്നിക്കുരുകൊ ണ്ടൊരു കുണ്ഡലവും — പല കുന്നിക്കുരു ചേർത്തുചിണ ച്ചൊരു മാലകളും" ഇത്യാദി. ലളിതാവേഷധാരിണിയായ ശൂർപ്പണഖ, വൈശ്രവണന്റെ കല്യാണവാപി ഇവ വർണ്ണനകളെല്ലാം ശ്രദ്ധാർഹങ്ങളാണ്.

"ചാവ്വാങ്ഗി! നീ രാക്ഷസിയാണെന്നു തോന്നുന്നതില്ലമേ" എന്നാണു് വാത്മീകി ശ്രീരാമനെക്കൊണ്ടു ശൂർപ്പണഖയോടു പറയിക്കുന്നതു്. പുനരാകട്ടെ: — "കഥമിവ കഥയേ ലളിതരൂപ വിശേഷാൻ" — എന്നാരംഭിക്കുന്ന സുദീർഘമായ ഒരു ദ്രാവിഡവൃത്തംകൊണ്ടു ലളിതാവേഷം ആഭാടബാഹുലമായി വർണ്ണിച്ചിരിക്കുന്നു വസ്തുക്കളുടെ ശരിപ്പുകർപ്പു തരുന്നതിനുപകരം പലപ്പോഴും അവയെ അതിശയോക്തികൊണ്ടു ഫളഫളായമാനമാക്കി പ്രകാശിപ്പിക്കുന്നതാണു കവിക്കിഷ്ടം. അപ്രകാരമുള്ള മായുകകം വായനക്കാരുടെ വിഭാവനാശക്തിയെ ഉദ്ദീപിപ്പിക്കയും, ആഹ്ലാദകത്വം എന്ന കാവ്യധർമ്മത്തെ സാധിക്കയും ചെയ്യുന്നു. ഇത്തരം വർണ്ണനകളും കൃത്രിമങ്ങളാണെങ്കിലും കവിയുടെ ആനന്ദസുരഭിലമായ ഭാവനാവൈചിത്ര്യവും വാക്യഭംഗിയുംകൊണ്ടു പരമരസപ്രദായിത്വം സമ്പാദിച്ചു വിലസുന്നു. ഇങ്ങനെയുള്ള കാവ്യഭാഗങ്ങളും കവിയിൽ ദിവ്യത്വം ആരോപിക്കുന്നതിനും സമർത്ഥങ്ങളായിത്തീരുന്നു. ഈ അവസ്ഥാവിശേഷം സുഖകരമായ ഒരാശ്ചര്യവും സഹൃദയലോകത്തിനു പ്രദാനം

ചെയ്യുന്നുണ്ട്. കിരാതം ചമ്പുവിലെ കൈലാസവർണ്ണന ഇവിടെ ഉദ്ധരിക്കാം:—"ഹരഹര ശിവ ശിവ! പുകഴ് വാൻ പണി പണി! മേലേ മേലേ ചതുരതകോലും— കൈലാസാദ്രിമഹത്വമൊരോന്നേ—വെളുവെള വിലസിന കാന്തിപരമ്പര—കൊണ്ട ജഗത്രിതയത്തെ— വെളുപ്പിലൊളിപ്പിച്ചുന്നതതങ്ങിന—. ശൃംഗശതങ്ങളിലെങ്ങുമിരുന്നുടനിന്ദ്രിയതുരഗാൻ — നിഭൃതമടക്കിപ്പെരിയ സമാധിയുറച്ച—തപസ്ഥിതി ചേത്തക്കേവല—പൂർണ്ണ ചിദാനന്ദമയം—നിത്യനിരഞ്ജന നിർമ്മലസാരം—ബ്രഹ്മ സനാതനമുള്ളിലുപാസിച്ചമൃതതരംഗിണി നടവി—ലിറങ്ങിപ്പരമാനന്ദമിയന്ന—വസിക്കും മുനിജനനിവഹം കഥചനഭാഗേ" എന്ന സമാധിനിഷ്ഠരായ മഹർഷിമാരെ വർണ്ണിക്കുന്നിടത്തു കാണുന്ന ശാന്തരസോൽക്കർഷവും ശ്രദ്ധേയമാണ്.

ആദ്ധ്യാത്മികതത്വങ്ങളെ കാവ്യമാർഗ്ഗത്തിൽക്കൂടി പ്രകാശിപ്പിക്കയെന്നുള്ളതു ഭാരതീയകവികളുടെ ഒരു പ്രത്യേകതയാണു്. ഉൽകൃഷ്ടകാവ്യതന്ത്രങ്ങളായ പുരാണേതിഹാസങ്ങൾ ഇതിനൊരു ഒന്നാംതരം ഉദാഹരണമാണു്. വേദാന്തം തന്നെ പ്രസംഗിക്കുന്നതായാൽ സാധാരണ ലോകം അതു രസിക്കയില്ല; ശുഷ്ക്കമെന്നു കരുതുകയും ചെയ്യും. അപ്രകാരമുള്ള വിരസത ഉളവാകാതിരിക്കുന്നതിനാണു കാവ്യത്തിൽക്കൂടി പ്രകാശിപ്പിക്കുന്നതു്. ശ്രീ ശങ്കരഭഗവത്പാദരുടെ 'സൗന്ദര്യലഹരി'യെന്ന സ്തോത്രഗ്രന്ഥം ഇതിനൊരു നല്ല ഉദാഹരണമാണു്. ഭക്തിയും മുക്തിയും വിളക്കുന്ന പ്രകാശിക്കുന്ന അദ്ധ്യാത്മരാമായണം കാവ്യവും ഇക്കാര്യത്തിൽ പ്രഥമഗണനീയമായിരിക്കുന്നു.

പുരാണേതിഹാസങ്ങളിൽനിന്നും ഇതിവൃത്തങ്ങളും സ്വീകരിച്ചിട്ടുള്ള കവികളും മുഖ്യമായി ഈ ഉദ്ദേശത്തെയാണ് പ്രകാശിപ്പിച്ചിട്ടുള്ളതു്. അതിനാൽ പുനത്തിന്റെ കാവ്യാദർശങ്ങളിൽ ഭക്തിയും ഉൾപ്പെടുന്നതായി പരിഗണിക്കുന്നതു സംഗതമായിട്ടുള്ളതാകുന്നു.

ഉത്തമചിന്തയുടേയും വികാരത്തിന്റേയും സുന്ദരമായ പ്രകാശനമാണെല്ലാ സാഹിത്യകല. അപ്രകാരമുള്ള കലയുടെ വിലാസത്തിനു രസങ്ങളുടെ ഭാവശബളതയും സ്വഭാവോക്തി, ഉപമ മുതലായ അലങ്കാരങ്ങളുടെ മേളനവും അപരിത്യാജ്യമായിട്ടുള്ളതാകുന്നു. കൈലാസവർണ്ണനയിൽ വേറൊരു ഭാഗം ഇവിടെക്കാണിക്കാം;—"താവിനഭംഗ്യാതാഴ്വരുന്നി — ലുരാരലതാഭവനങ്ങളിലോരോ വിദ്യാധരിമാർ നിജ-നിജ നിജകാന്തന്മാരോടുകൂടിക്കാമ—വിനോദകലാകൗശലവും പ്രേമ-രസേന വളത്തുവളത്തങ്ങിടയിടമെല്ലെ—വല്ലകിവായിച്ചിതിനവശിവചരിതോൽക്കരഗീതം പാടുന്നതു—കേട്ടോടിയണഞ്ഞൊവിയും ക്രൂപ്പി—ച്ചുൽഗ്രസ്തം തൃണകബളത്തെയു-മാശ്രമമറന്നാദസുധാരസപരമാസ്വാദാ—ലേഖിതശങ്കം മൃഗകുലമഖിലം നിഷ്പന്ദതയാ-നില്ക്കുമ്പോഴും തിരുവനജനനി—കൃത്രിമപുത്രകഹരിണകിശോരക— സങ്കരശങ്കാമകമേതടവിപ്പവഴികളെയാൻ പേടിച്ചധികം—വിധുരതയോടുനടന്നീടും ചില-ശബരസമൂഹം കുഹചനഭാഗേ" ഇതുയും കായ്യങ്ങളെ യഥാക്രമം ശൃംഗാരശാന്തകരുണരസങ്ങളിൽക്കൂടി പ്രകാശിപ്പിക്കയും സ്വഭാവോക്ത്യാദ്യലങ്കാരങ്ങൾകൊണ്ടു മോടി പിടിപ്പിക്കയും ചെയ്തിരിക്കുന്നതു ശ്ലാഘാർഹമാണു്.

പുനത്തിന്റെ വാഗ്ഗുംഗാപ്രവാഹം ആദ്യന്തം നിരർഗ്ഗളമായിട്ടുള്ളതാണ്. "കടിച്ചു പിടിച്ചും," "കഷ്ടി പിഷ്ടിയായും" പദങ്ങളും തിരുകുകയും ആശയങ്ങളും യോജിപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായം അദ്ദേഹത്തിന്റെ കവിതകളിൽ ഒരിടത്തും കാണുകയില്ല. ഉഭയഭാഷകളിലെന്നപോലെ ഉഭയവൃത്തങ്ങളിലും സ്വതന്ത്രസ്വതന്ത്രനായി വിഹരിക്കയാണ് പുനം ചെയ്തിട്ടുള്ളത്. ചമ്പുക്കളിലെ സംസ്കൃതവൃത്തങ്ങളും ദ്രാവിഡവൃത്തങ്ങളും ഇതിലേയ്ക്കു ശരിയായ ഉദാഹരണങ്ങളാകുന്നു. അതിനാൽ പ്രത്യേകം ഉദാഹരണത്തിന്റെ ആവശ്യമില്ലല്ലൊ.

കല്പനാശക്തിയുടെ കേളീരംഗമായി പരിലസിക്കുന്ന ഒരു ഉത്തമകാവ്യമാണ് പുനത്തിന്റെ കാമദഹനചമ്പു, കാമൻ, അനംഗൻ, കുസുമായുധൻ, കുസുമാസ്ത്രൻ, ചിത്തജൻ മാവും ആണല്ലോ. എങ്കിലും ആ അജയ്യശക്തി, ലോകം മുഴുവൻ സപ്രതാപത്താൽ കീഴടക്കി വിജയപതാക പാറിച്ചാണ് കഴിയുന്നത്. യഥാർത്ഥമായ ദാമ്പത്യം, ആത്മാർത്ഥമായ ഭാര്യാഭർത്തൃപ്രേമം, ഇവയെല്ലാം ലോകം സർവ്വഥാ വന്ദ്യമായി കരുതിവരുന്നു. ഇപ്രകാരമുള്ള വിവിധവിഷയങ്ങളുമായുള്ള സ്പർശം കൊണ്ടാണ് കാവ്യങ്ങൾ സരസങ്ങളായിത്തീരുന്നത്. അങ്ങനെ കാമദേവൻ ലോകവിജയിയെന്നതിനും പുറമേ കവികളുടെ ബന്ധുവും ആണ്. എന്നാൽ "മൂരിശൃംഗാരം" ഈ ദേവനെ വികൃതരൂപനും അസഭ്യനും ആക്കിക്കാണിക്കയാണ് ചെയ്യുന്നത്. അതിവിടെ ഗണനാർഹമല്ല. കവിയുടെ ഭാവനാവൈശിഷ്ട്യം കാണിക്കുന്ന

അഥവാ കല്പനാശക്തി തെളിയിക്കുന്ന ഒരു ഉത്തമ കാവ്യ മാണു കാദംബരീനാഥൻ ചമ്പു. അതിലെ ചില ഭാഗങ്ങൾ ഇവിടെ കാണിക്കാം.

കാദംബരീനാഥന്റെ കൊട്ടാരം: വർണ്ണന:

"ശിവശിവ മലർചാമണിനഗരശ്രീ —മധുരിമപാറ വതിനാക്കാംപാത്താൽ—കർപ്പൂരംകൊണ്ടപ്പേരും നൽ —കല്പണിതീർത്തതാമരവളയം— കടതുണാക്കിട്ടിളയകരി മുകളുതരമാക്കി—കൈതപ്പൂവു കഴക്കോലാക്കിത്താമര നൂൽ—കൊണ്ടാകെ വരിഞ്ഞമ്മുകളിൽ—കണ്ണിക മകുടം വച്ചിട്ടുള്ളികൾകൊണ്ടേ—പട്ടികതട്ടിച്ചമ്പകമുള്ളമാംപൊൽ പ്പലകപ്പണി പരിമിലുറപ്പിച്ചിനവ — കുസുമപരാഗം പരിചിലപനിനീർ—വീഴ്ത്തിയുലച്ചുചമച്ചു നിറത്തൊട്ട —ഭിത്തികളൊക്കെത്തീർത്തുമതിർത്തൊരു—വമ്പാൽക്കള്ളി കൊണ്ടെങ്ങും വെൺകളി—തേച്ചൊരു ഗോരോചനകൊണ്ടു രുവുകുറിച്ചു."

"കർപ്പൂരക്കളിമുറ്റമുല്ലലളിതസ്ഥാരം—
നിലാമുറ്റമേ
പ്പൊൽപ്പുമണ്ഡപമഞ്ജനക്കളിനിലം—
സൗഭാഗ്യദീക്ഷാഗൃഹം
ശില്പംചേർന്നവിലാസശാല കലഹപ്പോ—
ന്മാടമെന്നിങ്ങനേ
കല്പിച്ചെത്രമനോഹരം ഭവനവിന്യാസം
മനോജാലയേ."

"മാകന്ദത്തൊപ്പിളം ചെമ്പകവനമണിമു—
ല്ലക്കളിത്തോപ്പു പൊന്തേൻ
തുകീടും ചന്ദനത്തോപ്പമരതരുവനം
കേസരം ധൂസരാഗ്രം.

ആകമ്രം കങ്കുമത്തോപ്പുലർ ചിതമുമശോ—
കംങ്ങളീ വണ്ണമോരോ—
ദാഗേതസ്മിൻപ്രദേശേനിഖിലജനമനോ—
ഹ്ലാദ്യമദ്യാനജാതം."

സഹൃദയേ ലോകത്തെ ഭാവനാവാരിധിയിൽ മുക്കിഅല്ലാ ഭരസച്ചുഴലിയിൽ കറക്കിവിടുന്ന ഒരു കാവ്യമാണു കാമ ദഹനം ചമ്പു. ചന്ദ്രികയും സൂര്യനും ചന്ദ്രകാന്തവും സൂര്യ കാന്തവും ഇന്ദ്രനീലവും, ചക്രവാകവും അരയന്നവും എ ന്നിങ്ങനെയുള്ള കവിസങ്കേതങ്ങളാണു ചമ്പുക്കൾക്കു ചമൽക്കാരവും സൗന്ദര്യവും നൽകി പരമരസപ്രദായി തപമളവാക്കുന്ന മറു കാവ്യസാമഗ്രികൾ. ഭാരതീയ കാവ്യ ങ്ങൾക്കു പൊതുവേ മോഹനാവസ്ഥയുളവാക്കുന്നതും ഇപ്ര കാരമുള്ള കവിസങ്കേതങ്ങളാണു.

സാഹിത്യം ജീവിത വിമർശമാണു; ഉത്തമചിന്ത യുടെപ്രകടനമാണു; ഉത്തമ സാഹിത്യഗ്രന്ഥം പണ്ഡി തന്റെ ജീവരക്തമാണു; എന്നീ അഭിപ്രായങ്ങൾക്കെല്ലാം പുനത്തിന്റെ ചമ്പുക്കൾ ഉദാഹരണങ്ങളാകുന്നു. ഭാരതി യരുടെ പുരാണേതിഹാസങ്ങളെ ആസ്പദമാക്കി രചി ക്കുന്ന ഉത്തമകാവ്യങ്ങൾ പൂർവ്വൈകതങ്ങളായ അഭിപ്രാ യങ്ങൾക്കു മാനദണ്ഡങ്ങളാണെന്ന പൊതുവേ പറയാവു ന്നതാണു. സീതാന്വേഷണത്തിനു പുറപ്പെട്ട വാനരന്മാ രുടെ യാത്ര വർണ്ണിക്കുമ്പോൾ:—ജനകനൃപാനപായകനക വിഭ്രഷ്ടം—കട്ടനിമിത്തം ദുഷ്ടതവായ്ക്കും—ദശമുഖനെ പ്രതികോപിച്ചിട്ടും—ദിനകരവംശമുടിപ്പട്ടത്തിൻ ദൃഷ്ടി യിൽ—നിന്നഥ പൊട്ടിച്ചാടിപുഴംവീഴും—കോപഭവാന

ലകനൽനിരയൊക്കെ—ക്കാലും കൈയ്യും കണ്ണും ചെവിയും —വായും മൂക്കും—ചേൻവളൻ നിവൻ നിതാന്തം—രജനിചരാണാം നാട്ടം വീട്ടം—പടയും കുടയും ഭസ്മീകരിത്തും കെല്പോടേനടകൊള്ളുംപോലെ"യെന്നാണു കാണുന്നതു്. ഹനുമാനെപ്പററി ജാംബവാനെക്കൊണ്ടു കവി പറയിക്കുന്നതു നോക്കാം:—

"കാകൽസ്ഥൻതൻ പ്രസാദാമൃതകിരണശരൽ-
കാലമേവാ നരേന്ദ്ര-
പ്രാഗല്ഭ്യത്തിന്നൊരഗ്രേസരനു വള-
ർന്ന വിക്രാന്തസിന്ധോ
ഞങ്കക്കാണപ്പെട്ടം മാരുതസുകൃതഫലമ-
ഭയ്യുമേ, ശൂന്യഭാജാ-
മാകല്പപ്പൊന്നരിമ്പേ, വരിക മമ സഖേ,
സന്നിധാനേ ഹനുമൻ!"

ശൂർപ്പണഖ നികൃത്തകർണനാസികകളോടുകൂടി ഭ്രാതൃസമീപത്തേയ്ക്കു പോകുന്ന യാത്ര വിവിധരസബഹുളമായി വർണ്ണിച്ചിരിക്കുന്നതു നോക്കുക:—"തദനുതദാനീം ദശമുഖസോദരി ഖരനാമ്നി ക്ഷണനം തിശിരാവും—പടയൊടു കൂടിച്ചെന്നു സരോഷം പടുതകലന്നു രാമശരാഗ്നി ജ്വാലാമാലയിലീയാമ്പാറ പൊരിഞ്ഞു കണക്കേ വെന്തെരിയുന്നതു—കണ്ടു ഭയംപൂണ്ടിണ്ടൽ തിരണ്ടുടനയ്യോ പാവം "ഹാ ഹാ! രാവണ,—വീര, സഹോദര, തവ ഭഗിനീയം പെരുവിട്ടന്നൊരു ഭാഗ്യസമേതാ—നരകീടേന വിരൂപിണിയായി പാലയ പാലയ! നീയേ ശരണം! പാരിൽ പുകഴ്പെരുമിന്ദ്രനുപോലും കിമപി

നിനയ്യുന്നതാതൊരു കുമ്മം—ദശമുഖവീരകുടുംബശ്രേഷ്ഠം
വാങ്ങ്മാത്രം പുനരത്രമായല്ലോ—കള്ള പ്രാണികൾ
മാണികളേ, മതി ചെറുപൊരുപ്പിൻ പകരം മീളും—
ത്രിഭുവനപെരുമാളിന്നേതന്നേ വിളന്ത പെരുത്തൊരു
രാക്ഷസരാജൻ—ഭഗിനീമെന്നെ വിശ്രുപാംകണ്ടാലവ
നിഷ്ഠ ചെറു പൊരുത്തീടാമോ? കോണകമുടയും
ടണ്ഡും താവിനവാണികം ചെയ്തൊരു കസ്മതിയ
തെല്ലാം—നാലു ദിനത്തിനകത്തു ഫലം വരുമയ്യോ
പാപം! കൈയ്യുക്കള്ളൊരു—നാഥനിരിക്കേവല്ലാതേ
പുനരെന്നെക്കൊണ്ടു ചമച്ചാരല്ലോ—" സതതമിവണ്ണം
തന്നത്താനേ ശംസിച്ചുധികം മുറയും വിട്ടജ—
വേന സമീരണമാർത്തുതുടേ ലങ്കാനഗരേമണ്ടുന്നേരം—
മധ്യേമാർഗ്ഗം നവനവരുധിരം വർഷിച്ചീടിന കാളഘനാ
ഘന—മാലയിതെന്നും ബാലാതപനിര പൂണ്ട നടക്കും
നീലാഞ്ജനഗിരി—ന്നനമിതെന്നും പരിചൊട്ട ജഗതാ
മാത്തി വളർപ്പാൻ പെരുമാറീടിന കൃത്യമിതെന്നും
നാസികയില്ല തിഷ്ഠോരത തേടിനയാതനയെന്നും—
ഭീഷണതയ്യൊരു ഭ്രഷ്ടണമെന്നും വൈരൂപ്യത്തിനൊ
രാസ്പടമെന്നും—ദുഷ്കൃമ്മത്തിന സൂതികയെന്നും ചെമ്മേ
മൂത്തമധമ്മമിതെന്നും—മതി മതികണ്ടതു മണ്ടിക്കള
വിൻ മാപാപികളെ ശ്ശൂർപ്പണഖാകില—പിഴ പൊട്ട
മാനകളിക്കുംപോലെ പിന്നേ ചെന്നു തുടർന്നാ
ലെന്നും— വിവിധാഭാഷണഗോചരഖേചരപങ്കതിഷു
ചിലരെച്ചെകിടുപൊളിച്ചും—പെവി പിടിപൊട്ട സരോ
ഷമിഴച്ചുമെടുത്തു മറിച്ചു മളിച്ചു മറിഞ്ഞും—നാസാ
കഹരത്തുടേ ചാടും ഘോരകടിച്ചു പൂളിച്ചു തിളച്ചും—
പ്രൗഢമുനീന്ദ്രാമാടപൊളിച്ചും പെരുവഴി നീളെക്കള

കളശ്ലോകം—' ഇത്യാദി ഭാവശബളത കാണ്കെ. ഇതു സന്ദർഭം വാത്മീകി വർണ്ണനയെന്നതിപ്രകാരമാണ്:—

"ശ്ലോകമെല്ലാമിരേഴായിരം പോരുകയും
ത്രിശിരോദൂഷണഖരന്മാരെയും രാമനേകനായ്
കൊലപ്പെടുത്തിയതുകണ്ടശൂർപ്പണഖ വീണ്ടുമേ.
ഉച്ചസ്വരത്തിൽമുറയിട്ടീടിനാൾ കാടുപോലവേ
മറവാക്കുംചെയ്യുവയ്യാത്ത രാമന്റെതൊഴിൽകണ്ട-
വൾ
പാരംപേടിച്ചുചെന്നെത്തി രാവണൻകാത്ത-
ലങ്കയിൽ.
(വള്ളത്തോൾ പരിഭാഷ.)

പുനത്തിന്റെ ഭാവനാശക്തി, തിരിയിൽനിന്നും കൊളുത്തിയ പന്തംപോലെ വാത്മീകിയിൽനിന്നും ഇവിടെ വികസിച്ചിരിക്കുന്നുവെന്നു സൂക്ഷ്മമാണല്ലൊ. വേറൊരു പ്രകൃതംക്രുദ്ധ ഉദ്ധരിക്കാം:— ഹന്തമാൻ, ലങ്കാനഗരത്തിൽ കാതരയായിക്കഴിയുന്ന സീതാദേവിയെക്കാണുന്ന ഭാഗം:—

"രമ്യം കാഞ്ചനകാഞ്ചനീമയമുപാന്ത്യേ മഹാ-
ശിംശിപാം
തന്മൂലേ രഘുനാഥധർമ്മഗൃഹിണീം കണ്ടാനകണ്ണുദരം
ജന്മാന്തകലയായ ചിന്തസകലാംസൗഷ്ഠമൂലപരാം
നിർമ്മായാമൃതരൂപിണീം മുനിവരൻ കാണുന്നപോലേ-
തദാ.
മല്ലീം പൃതവനാദിവസ്നഹി വനേ ലേപ്പേന-
സംസ്ഥാപിതാം
മാലാം ദേവകുലാമിഷാധിനു ക്ഷിപ്താം ശുശാനേ ശുനാ
ദേവീമാത്മമനസ്ഥാ സ്വഭവനം നകതഞ്ചരേണോച്ചല-
ദ്ദീനിതാമപനീതവേഷരചനാം മാലാകയന്നാത്തിനു.

മുങ്ങിത്താണുന്നപോലേ മലിനതയിൽ നില-
ത്തപ്പൊടിച്ചാന്നിൽ വീണി-
ട്ടങ്ങോടിങ്ങോടുഴന്നോമന കെട്ടഴമൊരുവാർ-
കൂന്തളീകന്ദളീകാം
തിങ്ങിടും കണ്ണുനീരാം നവ ഗുഹിനപയോ-
ബിന്ദുവുന്ദങ്ങളം തങ്ങി-
ത്തങ്ങിപ്പൊയ്പ്പൂവുപോലേ പകലിരവുമകി-
ണ്ണിടുമാസ്വാദിരാമം.
നീണാളീവൻവിഴാതേ നിയതമപി നില-
ത്തേ കിടന്നും മറിഞ്ഞും
വീണും കേണും കുഴങ്ങും പൊരുകിതവരിമാ-
ച്ചീടുമിക്കം കുലാം.
തൂനേ വിശ്വം ജനിപ്പാനൊരുവിധത്തിനലും-
പുഞ്ചിരികൊഞ്ചൽ കിഞ്ചിൽ-
കാണാഞ്ഞേ മാൽപെടുന്നോരധരമണിയോ-
ടേല്ക്കുന്ന നിശ്വാസതാപം.
അശ്രാന്തം കണ്ണുനീർ വാഞ്ഛാടനറവുപിടി-
ച്ചുഴിമേൽ വാച്ചലാവും
ശ്ചോരാമംഗരാഗം പൊലിമയൊടു പിര-
ണ്ടോരു വക്ഷോജഭാരം.
ഉരുച്ചൂടേറാറം തഴച്ചുങ്കിരവുപകൽ വിട്ടു-
ത്തീടുമാമൽ കപോലേ
വച്ചീടും കൈത്തലം മൂടിനചടലതാ-
ശ്വാസ ദാവാഗ്നിധൂമാം."
ഈ അവസരത്തിൽ വാത്മീകി; —

"ഉടൻമുഷിഞ്ഞ വസ്ത്രംപൂണ്ടാശുസ്ത്രീ പരിത്യയായ്
നോമ്പാൽ മെലിഞ്ഞുഴന്നള്ളോരാം മേൽക്കുമേൽ വീഴ്പ്പിട-
ന്നതായ്
കാണായീ ശുക്ലപക്ഷാദിത്തിങ്കൾക്കീർപോലെ-
വെണ്മയിൽ
പുതുക്കെക്കണ്ടറിഞ്ഞീടുമഴകൊത്തൊളിമിന്നവോരം.
പുകച്ചാത്തിട ചേന്നോരു പാവകജ്വാല പോലുവേ
പണിക്കഴിഞ്ഞ മഞ്ഞപ്പട്ടൊന്നുമാത്രം ധരിച്ചവ-
ണം
ചോദിച്ചുണ്ണിയൻ വിട്ടേടത്താരില്ലപ്പായ്ക്കപോലേയാ
നാണിച്ചോ ഇല്ലലാൽവെന്നോ ക്ഷീണിച്ചോരം പാവ-
മായവ-ണം.
പൊവ്വുഗ്രഹത്താൽബ്ബാധിക്കപ്പെട്ട രോഹിണിപോലവേ
കണ്ണീരൊലിച്ചുഴന്നള്ളോളുണ്ണില്ലുഞ്ഞു മെലിഞ്ഞവ-ണം
മാൽ പിന്തുയുംപൂണ്ടുശുമുഴന്നോളഴലാണ്ടവ-ണം
രാക്ഷസസ്ത്രീകളെക്കണ്ടോരം പ്രിയനെക്കണ്ടിടാത്തവ-ണം
തൻക്രൂട്ടംവിട്ടു നായ്ക്രൂട്ടം പുഴം മാൻപേടപോലവേ
ജാഗ്രതനേപറയ കരിമ്പാമ്പിനെപ്പോറ വേണിയാൽ
രാത്രിക്കാലേ കരിങ്കാടിൻ നിഴലാഴിപോലവേ
മാൽ മുമ്പറിഞ്ഞിട്ടില്ലാത്തോരം ദുഃഖതപ്തസുഖാർഹയാ-ണം
കണ്ടിട്ടേറമഴക്കാണ്ട മൊലിഞ്ഞാദിർഘനേത്രയേ
വൈദേഹിയാണെന്നുഹിച്ചാനടയാളങ്ങളാലവൻ."

അനന്തരം വാത്മീകി അടയാളങ്ങളോടു കൂടി അംഗവർണ്ണന നടത്തുന്നു. എന്നാൽ പുനർജ്ജാതയായ വാത്മീകിയുടെ ആശയത്തെ യുക്തിയും മനോധർമ്മവും ചേർത്ത് സംക്ഷേപിച്ചാണു പകർത്തിയിരിക്കുന്നത്. സ്ഥായിയായ കരുണരസത്തിനു ന്യൂനത വരുത്തിയിട്ടുമില്ല.

പുനം നമ്പൂതിരി സംക്ഷേപണ സമ്പ്രദായം അനു സചികരിച്ചിരുന്നുവെന്നു പറയാൻ നിവൃത്തിയില്ല. ചമ്പൂ കാരന്മാരധികവും വർണ്ണനകളെ വലിച്ചു നീട്ടുന്നതിനിഷ്ട പ്പെടുന്നവരാണു്. വർണ്ണനയ്ക്കു് അല്പമെങ്കിലും അവ സരം കിട്ടിയാൽ അവർ ഭാവനാശക്തിയെ നിരങ്കുശ മായി വിടുകയാണുപതിവു്. ഇത്ര നിമിത്തമായി ശ്ലഷ്ണ്ണളായ കഥാവസ്തുവിനെ രസസാന്ദ്രമായ കാവ്യ രൂപേണ പ്രകാശിപ്പിക്കാൻ അവർക്കു സാധിച്ചിട്ടുണ്ടു്. എന്നിരു ന്നാലും സംക്ഷേപണരീതിയും പുനത്തിനു വശമായിരുന്നു വെന്നു പറയാതെ നിവൃത്തിയില്ല. കല്യാണസൗഗ ന്ധികം ചമ്പുവിൽ ഹനുമദ്വാസം അവതരിപ്പിച്ചിരിക്കു ന്നതിപ്രകാരമാണു്:—

"രാവണനായൊരവഗ്രഹമൂട്ടൊരുക്കയതിഞ്ഞി ട്ടധികം മാഴ്കി—മയങ്ങും തിട്ടവനവാസികരം താപം —നിജേച്ഛാവിക്രമ നവജലധാരകരം—പൊയ്കൊട്ടത്തുടനു ലകിടമെങ്ങും—പെരുകിനപരമാനന്ദതണുപ്പു—പിടിപ്പി ച്ചുരുളിന കാളപയോദം—കരുണാനിലയം ദശരഥതന യം—പകലിരവെല്ലാമകമലർ തന്നിൽ—കുടിപൂവിച്ചു തളീയം നാമം—പേത്തും വാല്മീകിനഹനുമദ്വാസം കൂടി ചന്നാഗേ." സുദീർഘമായ രാമായണംകഥ ഇവിടെ കവി സംക്ഷേപിച്ചിരിക്കുന്നു. പ്രസ്തുത കഥയുടെ ഒരു സംഗ്രഹക്കുടി കല്യാണസൗഗന്ധികം ചമ്പുവിൽ വേ റൊരുഭാഗത്തുനിന്നും കാണിക്കാം:—"നിശ്ലേഷനകുതുക രാഖ്യം മഹാകാളരാത്രിക്കഥോ നൃതനാമിതൃനായ്— മൈഥിലീദേവിയാം രാജഹംസിക്കു കേളിശ രൽക്കാലമായ്— ചാരുലങ്കാപുരീകാനനത്തിനു

DHARMARAM COLLEGE
23320

ശോഭനലക്ഷ്മണിയായത് — രാമചന്ദ്രനെന്നോബഹിഃ
തേരിഹ നിന്നുവന്നുത്തരനിരാകരിപ്പൂ — ക്കൊണ്ടെഴും നീല
ജീമൂതനായ — പ്രകൃത്യാനന്ദരോദയശ്രീ തഴച്ചീടുമാശ്ര
ഫനാമാനേ.... ...” ഇവിടെ “മിതം ച സാരം ച
വചോഹി വാഗ്മിതം” എന്ന ആലങ്കാരികന്മാർ കവിസമീക്ഷയായി
രുതി ഗണിക്കാം. കുഞ്ചൻനമ്പ്യാരുടെ കല്യാണസൗഗ
ന്ധികം തുള്ളലിൽ ഒരു ഉപാഖ്യാനമെടുത്തിൽ ഭീർഘമായി
രാമായണം കഥ ചൊല്ലിരിക്കുന്നു. നമ്മുടെ കവി അതെ
ല്ലാം മുഴുക്കിയ വാക്കുകൾകൊണ്ടു സഹൃദയരുടെ ഭാവന
യ്ക്കു വിധേയമാക്കിയിരിക്കുന്നു. സഹൃദയന്റെ ഭാവനാ
ശക്തിയേ ഏതാനും ഭീർഘശ്ലോകങ്ങളായി പരികരംകൊണ്ടു
പിടിച്ചുനിത്തണമെന്നല്ല കവിയുടെ മതം. വിശിഷ്യ
അതു ശരിയായ സംക്ഷേപണസമ്പ്രദായവുമല്ല. അതി
നാൽ ഭീർഘവർണ്ണനകളിലെന്നപോലെ സംക്ഷേപണ
വിഷയത്തിലും പൂനം നിപുണനാണെന്നു പറയുന്നതിൽ
തെറ്റില്ല.

ഇനി പുനത്തിന്റെ കവിതകളിൽ കാണുന്ന കേരി
രസത്തെപ്പറ്റി അല്പം ചിന്തിക്കാം. ഭഗവാൻ മഹാ
വിഷ്ണു ലോകരക്ഷയ്ക്കായി സ്വീകരിച്ചിട്ടുള്ള പലേ അവതാ
രങ്ങളിൽ ഒന്നാണു് ശ്രീരാമൻ. അദ്ദേഹം ധർമ്മകർമ്മമൂർത്തിയെന്നാണു പുരാണങ്ങളിൽനിന്നു വെളിവാകുന്നതു്. “രാമോ വിഗ്രഹവാൻ ധർമ്മഃ” എന്നുണ്ടല്ലോ, പിതൃ
ഭക്തിയും സത്യപരിപാലനവും ധർമ്മസംരക്ഷണവും ശ്രീ
രാമന്റെ വിശിഷ്ടാദർശങ്ങളായിരുന്നു. മനുഷ്യജന്മത്തിൽ
ക്ലേശകരം അപരിത്യാജ്യങ്ങളാണെന്നും അവയെ സുധീരം
തരണം ചെയ്യുന്നതോടുകൂടി സദാദർശങ്ങളെ പരിപ

ലിച്ചു ജീവിതവിജയം നേടുകയാണു വേണ്ടതെന്നും ആ കഥാപാത്രം ലോകത്തിനു സ്വജീവിതംകൊണ്ടു് ഉപദേശം നൽകിയിരിക്കുന്നു. ആദികവി അവതരിപ്പിച്ച ഈ കഥാവസ്തു വിവിധരൂപത്തിൽ വിവിധഭാഷകളിൽ പ്രചരിച്ചിട്ടുണ്ടു്. കാവ്യജീവിതം വ്യംഗ്യമാകുന്നു. അതു കേവലമാസ്വാദനത്തിൽക്കൂടി പ്രകാശിപ്പിക്കപ്പെടുന്ന കാവ്യം ലോകസമാരാധ്യമായിത്തീരും. ഇതു രാമായണത്തിനുള്ള വിവിധ മേന്മകളിൽ പ്രധാനമായ ഒന്നാണു്. അതിനാൽ രാമായണകഥ ഏതുവിധം പ്രകാശിപ്പിച്ചാലും അതിൽനിന്നും കേവലം അകന്നുപോകുന്നില്ല. രാമായണചമ്പുവിലും പല ഭാഗങ്ങളിൽ ഈ തത്വംതന്നെ കാണാം. മുമ്പു ഹനുമാന്റെ ചിന്തകളായി ഉദ്ധരിക്കപ്പെട്ട പദ്യങ്ങൾതന്നെ ഇതിനു് ഒരു തെളിവാണു്. ഒരു ഭാഗം കൂടി ഉദ്ധരിക്കാം:—ദേവന്മാരുടെ പ്രാർത്ഥന;—(രാവണോത്ഭവം ചമ്പു)

"തൊഴുകരമിതുപോറ്റി, പുത്തനായ് പൊന്നു—
പോലും
മാമുകിലിനൊട്ട മുങ്കുവാങ്ങുമുത്തുംഗമൂർത്തേ,
തെളിവൊട്ടുതിരുവുള്ളം വന്നതിക്കിടക്കും
മിഴിമുനയതുകം ഞങ്ങൾക്കാശ്രയം നിൻപദാന്തം."
"ഉലകിലമിതശേഷം പെറുപോലിച്ചൊട്ടുക്കും
കലികലുഷമേയ പ്രാഭവന്തം ഭവന്തം
മലർമകളൊടുസാർദ്ധം മുമ്പിലധ്യക്ഷയെന്തോ—
നലമൊടുചരിതാർത്ഥാഹന്ത! നാംതമ്പുരാനേ!"

"പരിചരണപരാണാം ദേവ, ഞങ്ങൾക്കിടനേ-
മരുളുക കരുണാമ്പു കാൽക്ഷണം വീക്ഷണാന്തം
ശരണമിതൊന്നാളും നീയൊഴിഞ്ഞില്ലപോറ്റീ!
ചരണ സരസിജേ നീണാശ്രയാമോ നികാമം."

"ഇച്ഛാജ്ഞാനക്രിയാശക്തികളൊട്ടുകളിയും-
പുണ്ട വിശ്വം ചമച്ചും
നിർദ്ദോഷം കാത്തുമിന്നി പ്രളയദശയിൽ നാ-
സ്തിതവും ചേർത്തു നീണാൾ
സച്ചിന്മാത്മാവായ് വിളങ്ങീടിന പരമസുഖോ-
ദ്യോതമേ, മുൻപിൽനേരേ-
പശ്യന്തോ നിന്നെ വിശ്വംഭര,വരദ,കൃതാ-
ത്മാ വയം തന്മിരാനേ!"

പുനത്തിന്റെ സാഹിത്യ ചിത്രങ്ങൾക്കും ശ്രേഷ്ഠങ്ങളും നിരവധിയുമാണ്. സീതാദേവിയെ വർണ്ണിക്കുന്ന കലാസുന്ദരമായ ചിത്രം നോക്കുക:—

"അല്ലോടിടഞ്ഞു പടതല്ലുന്ന കന്തളസമല്ലാസികല്യ മലർമാലം — അല്ലൽപെടും മതികലയെ വെല്ലുമമാരു നിടിലതാ — ഫുല്ലമൃഗമദ തിലകജാലം — അലർ ബാണവീര്യമെറിവിളയാടുമോമൽ മിഴി—കലകൊണ്ടു കണ്ണിനനുകൂലം—അലമമലകഴമിണയിൽ വിലസുമണിമണിരുചിഭി—ശൊളിവിളയുമനുപമ കപോലം—ചെന്തൊണ്ടിയോടുപമ ചിന്തുന്നവായ്മലരിൽ-മന്ദം മുളച്ചുയ്ക്തിചോരം—ചെന്തളിരിനന്മമിളിതചന്ദ്രകരതുലനകല—രുന്ന മുഴുമുവലുമുരാരം—ചിതനുന്ന കാന്തിതതിവദനം കലാധിപതി ശതകോടി തുല്യഗുണപൂരം—ചിതമുടയ ഗളവടിവുമതിലടിയുമതിലളിത—ഘുസൃണവല്ലിവിലസിതമപാരം—ങ്ങുകമുപൊൽക്കടകവാർകങ്കണ മൃതികരം—പാകം കരാംബു

ജമദ്ദിരാമം—അകലിതമണി കലശമാകമികമണിമുലയി—
ലുകലിതനവകനകളാമം—അകളങ്കചന്ദ്രമഴലകമേ വള
ക്കുമിതു—നവരോമവല്ലികിനികാമം—അഖിലജന ധൃതിഹ
തിയിൽ മികമുടയ കൊടിവടവു—മംഗളാ ശിവ! നമസ്തു
ഖധാമം—മാണിക്യകാഞ്ചിനെറിപേണിച്ച് പട്ടവസനാ
ബദ്ധമുന്നതവിശാലം—മാനമെഴമലർ വിശിഖജ്ഞാനരുചി
ജ്ഞനതല—മാനമതിതുടയുമിതുമൂലം—മനസാമഹീവലയ
വനിതാജനം പണിയു—മണിപാദപത്മനഖവേലം—മണ
മുടയകബരിമുതലണികുഴലൊടിട മുഴവനനുപ മിതമിത
ഗുണജാലം.” കേശാദിപാദ വർണ്ണനപരമായ ഒരു
മോഹന ചിത്രമാണിതു്.

കഥാപാത്രങ്ങളിൽ ദിവ്യ സൗന്ദര്യവും വർണ്ണനക
ളിൽ നന്ദനോദ്യാന രമ്യാവസ്ഥയും വരുത്തിയാണു പുന
ത്തിന്റെ സാഹിത്യകല പ്രകാശിക്കുന്നതു്. കലയുടെ
ജീവൻസൗന്ദര്യമാണു്; ആ സൗന്ദര്യം ഭാവനയുടെ കൊഴു
പ്പുകൊണ്ടു് ആകർഷകമാകണം; ഇതാണു കവി പലേ
ടത്തും ലക്ഷ്യമാക്കിയിരിക്കുന്നതു്. ഇതേവരെക്കാണിച്ച
ഉദാഹരണങ്ങളിലെല്ലാം ഈ തത്വവും അന്തർഭവിച്ചി
ട്ടുണ്ടു്.

പുനത്തിന്റെ ഫലിതരീതി സാമാന്യേന പ്രൗഢ
മാണു്. അദ്ദേഹത്തെ ഒരു ഫലിതരസക്കുഴമ്പൻ എന്നു
പറഞ്ഞാലും തെറ്റില്ല. ശ്രവണമാത്രത്തിൽ “പൊട്ടിച്ചി
രിപ്പിക്കത്തക്ക” വിധമുള്ള ഫലിതങ്ങളും ഓർത്തോർത്തു
രസിപ്പിക്കയും ചിരിപ്പിക്കയും ചെയ്യുന്ന ഫലിതങ്ങളും
ഉണ്ടല്ലൊ. ഇതിൽ രണ്ടാമതു പറഞ്ഞതരം ഫലിതങ്ങൾ
ക്കാണു മേന്മകൂടുന്നതു്. ഫലിതത്തിനു വേണ്ടതായ
മറൊരു ഗുണം അതിൽ പരിക്ലിഷ്ടനസ്സുടയം അല്പം

പോലും സ്പർശിക്കാതിരിക്കണമെന്നുള്ളതാണു്. നിർദ്ദോഷമായ ഫലിതം ആരെയും രസിപ്പിക്കും. ആംഗലസാഹിത്യത്തിൽ 'സ്വിഫ്റ്റി'ന്റെ ഫലിതങ്ങൾ സുപ്രസിദ്ധങ്ങളാണു്. ആ മഹാൻ എഴുതിയിട്ടുള്ള "ഗള്ളിവറിന്റെ സഞ്ചാരകഥകൾ" എന്ന ഗ്രന്ഥത്തിലെ ഫലിതങ്ങൾ അത്യന്തം ശ്രദ്ധേയങ്ങളത്രേ. ഫലിതങ്ങൾ അശ്ലീലങ്ങളോ സദ്ദ്യോതരങ്ങളോ ആയിത്തീരുന്നതു്. ഫലിതത്തിനുപയോഗിക്കുന്ന വാക്കുകളും പ്രയോഗങ്ങളും സങ്കല്പശക്തിയെ ഉദ്ദീപിപ്പിക്കാൻ പര്യാപ്തമായവയായിരിക്കണം. ആധുനിക സാഹിത്യകാരന്മാരിൽ "വേങ്ങയിൽ കുഞ്ഞുരാമൻ നയനാർ" മലയാളത്തിലെ ഒരു ഫലിതകേസരിയായിരുന്നു. ചമ്പുക്കളിലെ ഫലിതങ്ങൾ ശ്രേഷ്ഠങ്ങളാണു്. അവ സന്ദർഭത്തിനും കഥാഗതിക്കും അനുസരിച്ചു രസകരങ്ങളും ആയിട്ടുള്ളവയാകുന്നു. എന്നാൽ; മന്ത്രവാദികം, ജ്യോതിഷികം, ഇവരെയെല്ലാം ചമ്പുക്കളിൽ പലഭാഗങ്ങളിലായി "ഫലിതം ചാർത്തി" കളിയാക്കുന്ന സമ്പ്രദായമാണു കവി സ്വീകരിച്ചിട്ടുള്ളതു്. രാമായണചമ്പുവിൽ ഈ രീതി ധാരാളം കാണാം. സരസഫലിത പ്രിയനായ കുഞ്ചൻനമ്പ്യാർക്കുപോലും പുനം, ഇക്കാര്യത്തിൽ മാറ്റുദശിയാണു്. പുനത്തിന്റെ ഫലിതങ്ങളിൽ ചിലതു് ഇവിടെ കാണിക്കാം:— ലളിതാവേഷം ധരിച്ച ശൂർപ്പണഖയുടെ അഭിപ്രായഗതി:—

"വിണ്ണോർകോനേതുമാകാ പുണരുവതി-
ന്നോക്കു ഗാത്രേഷു നീളെ-
ക്കണ്ണില്ലോ; വഹ്നിയോടുള്ളുണവു മമ നിന-
ച്ചാൽ മരിച്ചെന്നിവേണ്ടാ.

എഴുന്നൂറുജന്തുവൃന്ദം കൊടിയനരകകോ-
ടിഷ്വകേഴുംദശായാം
കണ്ണീർപോലുംകൊടാതോരുകലയനവൻ-
കാലനംനില്ക്കുമെന്നോ.

നിതിക്കോപ്പിന്നവല്ലാനിരുതിസരസന-
ല്ലേതുമേകാൻ ജളാത്മാ
നേടിഷ്ടംനിർഗ്ഗലക്ഷ്മൊടണയുമൊരു-
പ്പാശിയും പന്തിയല്ല.
മോടിച്ചെന്നോടിരിപ്പാൻ പവനനൊരിടയി-
ലല്ലേഭൃനോത്താൽകുബേരൻ.
ചൂതത്താർബാണനെച്ചുട്ടവനൊട്ടുമുടല-
ക്കുത്തുകണ്ടിട്ടുവാനോ?

മാത്താണ്ഡന്മാരെയും ചെറുതണയുതുചുടും-
നാഥ;രാകാ ശശാങ്കൻ,
പാത്താൽനാലഞ്ചുനാൾകൂടിയുമനുഭവിയാ-
യൗവനാഭോഗയോഗം
രുദ്രോരുദ്രാസ്സമസ്സാവലി, വികൃതിമുഖാ-
വാശിനേയുവസൂനാം
ചാത്തങ്ങാസ്ഥാവിഹീനം പരികലനമേ-
സമ്മതാദേവവീരാ!

യക്ഷന്മാർകിന്നരന്മാരിവരുമുനികളെ-
ന്നോവമാദ്യേഷുപാത്താ-
ലൂക്കാമ്പിന്നില്ലകൗതൂഹലമവർതരമ-
ല്ലുതേമേ ഭങ്ഗപോരാ.

നിൽക്കെല്ലാരും പതിന്നാലുലകിലുമൊരുവൻ
മറവനിന്നെക്കണക്കേ—
ലക്ഷ്മീംകൈക്കൊണ്ടുകണ്ടീലയി! ദയിത, പൊറാ—
തോന്നിതെന്മാരതാപം".

ദേവേന്ദ്രാദികളായ ദിക്പാലകന്മാർക്കും മറവ ദേവതാവൃന്ദങ്ങൾക്കും തന്റെ ഭർത്താവായിരിപ്പാൻ സീതയ്ക്ക് അല്പവും യോഗ്യതയില്ലെന്നും ശ്രീരാമനുമാത്രം പൂർണ്ണയോഗ്യതയുണ്ടെന്നും അവൾ തീർച്ചയായി അഭിപ്രായപ്പെടുന്നു. ശൂർപ്പണഖയുടെ ഈ അഭിപ്രായപ്രകടനം ശ്രവിച്ചു രാമചന്ദ്രൻ—"അണികുഴൽത്തടത്തിലൊട്ടും മുഴലിയെത്താ—ട്ടാകണ്ണും നീണ്ടകൺകൊണ്ടവളെ മുഴുവനേ പാർത്തുവൈദേഹ്യശാലീ." പിന്നീട്;—

"പ്രാഗതഭ്യന്തന്നിതെന്നാൽച്ചൊറുതുകളികളി-
പ്പിച്ചുപോകേണമെന്ന-
ങ്ങാകൈക്കല്പിച്ചു മന്ദസ്മിതരുചി പുറമേ—
തുകി"ക്കൊണ്ടു മറുപടി പറഞ്ഞതായി കഥ തുടരുന്നു. ഇതിലേ, വൈദേഹ്യശാലീ," "മന്ദസ്മിതരുചി" ഇവ കഥാപുരുഷന്റെ പരിപൂർണ്ണജ്ഞാനസൂചകമായ കവിയുടെ ഒരു ഫലിതമാണ്. അഴകിയ രാവണൻ സീതാസമീപത്തിൽ 'അനുസരണനയവചനങ്ങൾ' പറയുന്നിടം നോക്കുക:—

"മുണ്ടിനെടുന്ന നെട്ടി പുനരഴകിയലും,—
മുണ്ടനയ്യോതടിച്ചി—
ക്കുണ്ടാമല്ലോതടുന്നീംമെലിയന മഹമെലി—
ച്ചിക്കൊരോഷമുണ്ടാം.

കണ്ടാലോകാന്തവന്നുണ്ടൊരുന്തരുണിമഹാ-
സുന്ദരീസുന്ദരന്ന-
ക്കണ്ടാലോകാന്തനാരീ പരിചിനൊടുവയോ-
വണ്ണമീവണ്ണമല്ലോ?"

പിന്നെയും;—

"പുംസോന്തുരുവയസ്സുവർക്കു പതിനാ-
റെങ്കിൽ പൊരുത്തംനടേ-
തസ്യാന്തുരുവയസ്സുവന്നു പതിനാ-
റെങ്കിൽപ്രമാദംത്രിലോം
ഓതുന്നു ചെന്നു മിപ്പതിന്നു ജഠരാ-
മുത്ഥാപ്യപോയമ്മിമേൽ
താംബൂലത്തെയരച്ചു മുക്കടി കടി-
പ്പിക്കും നരേശ്വോ നമഃ"

ശ്രീരാമൻറെ യോഗ്യതകളും പറയുമ്പോൾ;—

"അഗ്രേ കള്ളമഹാമുനിക്കു മുമട്ടും-
കെട്ടിപ്പിരട്ടുംപടി-
ച്ചുഗ്രാത്മാ വഴിമേൽ വധിച്ചു വിധവാം-
വൃദ്ധാം കൃശാം താടകാം
പൊൽക്കൊള്ളും കുറളിക്കെതിർത്തു വിരുതും-
കെട്ടിത്തിമത്തെത്രയും
മൂഷ്ക്കാലപ്പഴവില്ലൊടിച്ചു പിടിപെ-
ട്ടാൻ നിന്നെ നിവ്യാകുലം"

ഇതാണ് പുനത്തിന്റെ സംക്ഷേപമായ ഫലിതരാമായണം. മറ്റാരും അറിഞ്ഞിട്ടില്ലാത്ത ചില രഹസ്യങ്ങളും രാവണനറിയാം:—"പണ്ടു രാജ്യാഭിഷേകത്തിനാമ്മാ—റിരിക്കുന്നനേരത്തു പാഴ്ത്തള്ളപിൻ—ചെന്നു തള്ളിക്കളഞ്ഞൊരുനേരം കവി—ണ്ണങ്ങു വീണാ മുഴക്കാൽ ചിരട്ടയ്ക്കുചെ—റുനമുണ്ടായതും നീ ധരിച്ചീലയോ?" ഇത്യാദി. സീതാസ്വയംവരഘട്ടത്തിലെ ചില അപഹാസ്യപരമായ ഫലിതങ്ങളും നോക്കാം:—"യന്ത്രശ്രേണികളെഴുതിച്ചേക്കും—ഗ്രന്ഥക്കെട്ടമെടുത്തു നടക്കും—ശില്പജനങ്ങളമൻപതു മുപ്പതു—പതികമ്മികളും ചുമടു ചുമന്നിട്ടൻപതു കയ്യരുമൊക്കത്തക്ക—ക്ഷോണിപാലഗൃഹങ്ങളിലനിശമണഞ്ഞും— കൊട്ടത്തേങ്ങാനിഖിലം ചുട്ടുമുടിച്ചും—കട്ടട്ടജിച്ചും മാന്തും ചുണ്ടെലിചേരത്തടിയൻ വാലുമെറുമും മായൂരശിഖം—ഞാഞ്ഞൂലിത്തരമൊക്കത്തക്ക—വറുത്തു പൊടിച്ചുചുടലബ്ബസ്മം—മേളിച്ചഴകൊട്ട മഷിയുണ്ടാക്കി"യും മറുമാണ്ട ഉമ്മന്ത്രവാദികളുടെ ജിവീതനിർവ്വഹണപദ്ധതിയെന്നു പറയുന്നു. "ഉശാന്തോടി കഷണ്ടിപെരുക്കാ—ലെന്നിവപോലുമൊഴിപ്പാൻ"—മരുന്നകാം വരുത്തണമെന്നു പറഞ്ഞു "ദുഷ്പാടുള്ളതു മറോവക്കും," "സപ്പാടുള്ളതു ബാധതങ്ങുകും" എന്ന മട്ടിലയിൽ "സപ്തസ്ഥന്മാരെയുമപഗതകരുണം വ്യാധിത"രാക്കിച്ചുമയ്ക്കുന്ന വൈദ്യന്മാരും, "പരലും പലകയുമഗ്രേവച്ചും—കലിദിനമൊത്തുവരുത്തി പാർക്കുന്നപ്പോഠം—വിപരീതത്തൊട്ടു വന്നതുകണ്ടു—മനസ്സുംകെട്ടു ചിരങ്ങും നള്ളി"—വിഷമിക്കുന്ന ജ്യോത്സ്യന്മാരും പുനത്തിനെ യേപ്പറ്റുകതന്നെ മെയ്യുന്നു. സീതാസ്വയം

വരത്തിൽ, ഭടന്മാരുടെ വാഗ്വാദവും രസകരമായിട്ടുള്ളതാണു്. നോക്കുക: —"കൊച്ചയന്തിന്നക്കുത്തേ പാവിളക്കോ; മഹീപാലകൻ പെൺ കൊടുപ്പാൻ തുടങ്ങുന്നതിപ്പോൾ; കൊടുക്കുന്നതെന്തിന്ന നാട്ടുക്കു ചെമ്മേ വളർപ്പാൻതന്നിക്കേതുമില്ലാതപോലെ." "ഏടാ പൊട്ടനോ പെൺ കൊടുക്കുന്നതെല്ലുക്കുമാശാരമത്രേ;" "ഇനിയുള്ളി കാളയ്ക്കു തണ്ണീർ കൊടുപ്പോർ," മിനക്കെട്ടനിന്നിട്ടു കണ്ടം വരണ്ടു ഇനിക്കാച്ചയും കണ്ടു പോമ്പോൾ പുല്ലുക്കൈപ്പെതിന്നപോം പാമയും നെല്ലുമെല്ലും" ഇത്യാദി. ദശരഥമഹാരാജാവിനു്, ഉണ്ണിയുണ്ടായെന്നു കേട്ടപ്പോഴുണ്ടായ ആഹ്ലാദം വർണ്ണിക്കുമ്പോൾ 'ഉ'കാരം കേട്ടപ്പോൾതന്നെ അദ്ദേഹം സർവ്വവിഭവങ്ങളും ദാനം ചെയ്തതായി പറയുന്നു. ഇങ്ങനെ ഫലിതങ്ങൾ അനവധിയുണ്ടു്.

സാഹിത്യവും സമുദായവും തമ്മിൽ ഉറച്ച ബന്ധമുണ്ടു്. സാഹിത്യത്തിൽ സമുദായങ്ങളെ നല്ലപോലെ പ്രതിബിംബിച്ചു കാണാം. ഈ അവസ്ഥാവിശേഷം പുനത്തിന്റെ കൃതികൾക്കുമുണ്ടു്. പുനത്തിന്റെ കാലത്തു കേരളത്തിലെ പല സമുദായങ്ങളുടെ സ്ഥിതിയും സംസ്കാരഗതിയും രാമായണചമ്പു മുതലായ ഗ്രന്ഥങ്ങളിൽനിന്നും ധാരാളമായി അറിയുവാൻ കഴിയുന്നതാണു്. അക്കാലത്തു കേരളത്തിൽ മഹമ്മദീയർ കുടിയേറിപ്പാർത്തു തുടങ്ങിയിരിക്കണം. ജ്യോതിഷം, മന്ത്രവാദം, വശ്യം, വൈദ്യം മുതലായവയ്ക്കു നല്ല പ്രചാരമുണ്ടായിരുന്നു. പ്രാകൃത ജനങ്ങളുടെ അവസ്ഥ തുലോം അനുകമ്പാർഹമത്രേ. നമ്പൂതിരി സമുദായത്തിൽ ലൗകികക്ലേശങ്ങൾ നല്ലവണ്ണം അനുഭവിച്ചുവന്നവരും കുറവില്ലായിരുന്നെന്നു കാണാം. "ശങ്ക

രൻ തെക്കു നിന്നെപ്പോഴും വന്നുഭവാൻ, എൻ പ്രമത്തൻ
വെലിക്കെന്തുപോലും വാരാഞ്ഞു—കിടക്കുന്നതോ ക്ലേശ
മായിട്ടു താനും—സുഖിച്ചുങ്ങിരിക്കുന്ന തന്റെ പണത്തിനു
മുട്ടീട്ട—കുറുപിമേടിച്ചു മുന്നാളകത്തും വരുമ്പോൾ—
വിരിപ്പാവുരണ്ടോണ്ടു തന്നുടുപ്പാനും അഹോ! വാസുവോ
നിന്നെ ഞാനൻപതിറ്റാണ്ടു ക്ലേടിച്ചുകണ്ടു—ഗൃഹത്തിങ്ക
ലോ നിന്നിത്രനാളും വശംകെട്ടുപായ്ത്തുന്നതിങ്ങനെ
കൊണ്ടേമരിച്ചു പിതൃവ്യൻ; കടംകൊണ്ടു പെണ്ണുങ്ങളും
ങ്ങളും രണ്ടും കൊടുത്തു കടക്കുന്നതുല്പത്തിയെട്ടാണ്ടുപോരും
കുടുംബംഭരിപ്പാൻ വശത്തതുമില്ലേ. 'എന്തഹോ കൃഷ്ണനെ
ക്കോട്ട പിന്നേത്തുടങ്ങീതു ഞാനോ? വടക്കോട്ടുപോവാൻ
തരംകെട്ടിതോ? പണ്ടു തമ്മിൽപറഞ്ഞൊത്ത കാര്യങ്ങ
ളെല്ലാം മറന്നില്ല സത്യം കഴിഞ്ഞാൽ നിരൂപിച്ചു കല്പി
ച്ചുകൊള്ളാം. പറഞ്ഞിങ്ങനിന്നിട്ടേടോ വൈകിയാതെ
പണം വാങ്ങി വന്നിട്ടു കാര്യങ്ങളെല്ലാം——" നമ്പൂതിരി
മാരുടെ കുടുംബപ്രാരബ്ധം, ബ്രഹ്മസ്വം സംരക്ഷണം,
കന്യാദാനക്ലേശം മുതലായവ പുനത്തിനു നല്ലപോലെ
അറിവുണ്ടായിരുന്നെന്ന് അദ്ദേഹത്തിന്റെ കൃതികളിൽ
നിന്നും ഗ്രഹിക്കാം. ശില്പകല, ആയുധവിദ്യ ആടിയായ
വയ്ക്കും പുനത്തിന്റെ കാലത്തു കേരളത്തിൽ പ്രചാരമു
ണ്ടായിരുന്നു. ഭക്തിയും, ആസ്തിക്യബുദ്ധിയും ഒട്ടും കുറവ
ല്ലായിരുന്നുവെന്നും സ്പഷ്ടമാണ്.

പുനത്തിന്റെ ചില പ്രത്യേക ശൈലികളും ചമ്പു
ക്കളിലെ യതിഭംഗവും പ്രസിദ്ധീകരണങ്ങളിലെ പാഠഭേ
ദങ്ങളുമാണിനി ചിന്തിക്കുവാനുള്ളതു്. ഓരോ സാഹിത്യ
കാരന്മാർക്കും കവികൾക്കും അവരവരുടെ പ്രത്യേകതയെ
അറിയിക്കത്തക്ക ശൈലികളുണ്ടു്. വിശേഷണവിശേഷ്യ
പ്പൊരുത്തം ചെയ്ക, സ്ത്രീലിംഗപ്രഥമ കഴിവുള്ളിട

ത്തോളം ഋകാരാന്തമായി പ്രയോഗിക്കുക, മമ്മ, മുറവൽ മുതലായ പഴയ മലയാളപദങ്ങളും ഇടകലത്തി പ്രയോഗങ്ങളും ഘട്ട്യങ്ങളാക്കുക, ഇത്യാദി ശൈലീഭംഗികളും സമസ്തപദ പ്രയോഗ രീതികളും എല്ലാ ചമ്പൂകാരന്മാർക്കും പൊതുവേയുള്ള അവസ്ഥാവിശേഷങ്ങളാണ്. ഈ അവസ്ഥകളെല്ലാം പുനത്തിനും ഉണ്ട്. ചില സമസ്ത പദപ്രയോഗങ്ങളും നോക്കുക: —"തണ്ടാർമാതിൻകടാക്ഷാഞ്ചിത കുവലയമാലാവിലോലാഖിലാങ്ഗം," "പൊൽത്താരിൽ ത്തയ്യലാളാം നളിനിയിൽവിളയാടുന്ന ശൃംഗ്ഗാരഭൃങ്ഗം," "വൈദേഹീകുണ്ഡലസൂത്രംതടവിന സുകൃതാല്ലാസമേ," "വേദാന്താരാമസീമാപരിമളഗരിമാ." വിശേഷണ വിശേഷ്യപ്പൊരുത്തത്തിന് ഒരു പദ്യം മാത്രം കാണിക്കാം. ഈ രീതി സാർവത്രികമാണ്. —

"വാരമ്പുംവാരിരാശിക്കനുപമപരമാ–
നന്ദവായ്പിന്നമെത്തും
കാരുണ്യംബോധിവീചിക്കരിവന പടലീ–
കാട്ടുതീക്കൻപിലിഞ്ഞാൻ
നേരേ ശ്രീരാമചന്ദ്രന്നുലകിലുരചെയ്–
ദൂതനായ്ച്ചെന്ന മുന്നം
പാരോവാരം കടന്നജ്ജനകതുപസുതാം–
കണ്ടതും കേളിയുണ്ടോ?"

ഇത്യാദി. "മുന്തുവട്ടിക്കൊടുന്തീ വീഴുക," "നാലു മുന്നാളിനുള്ളിൽ," "കുക്കുററപ്പിച്ചീടായ്കിൽ" "മുതല വുക" ആദിയായ പ്രയോഗങ്ങളും പുനത്തിനു പഴയ മലയാളത്തോടുള്ള താല്പര്യത്തെ കാണിക്കുന്നവയാണ്. ചമ്പു

കാരന്മാർ അവഗണിച്ചിരുന്ന മറ്റൊരു ദോഷം 'യതി ഭംഗം' ആണു്. പുനവും യതിഭംഗം അത്ര കാര്യമായി പരിഗണിച്ചിരുന്നില്ലെന്നു പൂർവ്വോക്തമായ ഉദാഹരണ പദ്യങ്ങളും പലതിൽനിന്നും സ്പഷ്ടമാണു്. 'യതിഭംഗം' ഛന്ദശ്ശാസ്ത്രപ്രകാരം നിഷിദ്ധമാകുന്നു. സാഹിത്യശാസ്ത്ര മതപ്രകാരം അത്ര 'ഹതവൃത്തം' എന്ന ദോഷവുമാണു്. "അപിമാഷം മഷം കുര്യാത് ഛന്ദോഭംഗം ന കാരയേൽ" എന്നുണ്ടല്ലൊ. എന്നാൽ ഈ യതിഭംഗദോഷം സംസ്കൃതചമ്പൂകാരന്മാരും അത്ര കാര്യമായിക്കരുതിയിരുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു: —

"കല്യാണം വോ വിധത്താം കരടമധുനീ-
ലോല കല്ലോലമാലാ-
ഖേലല്ലോലംബ കോലാഹലമുഖരതടിൽ-
ചക്രവാളാന്തരാളം."

എന്ന അനന്തഭട്ട മഹാകവിയുടെ സുപ്രസിദ്ധമായ ഭാരതചമ്പുവിലെ പദ്യം നോക്കുക. സ്രഗ്ധരാ വൃത്തത്തിനു് ഏഴക്ഷരം കഴിഞ്ഞാൽ യതി വേണമല്ലൊ. എന്നാൽ രണ്ടാം പാദത്തിലെ, 'കോലാ' എന്ന 'കോലാഹല'ത്തെ മുറിക്കുന്നതെങ്ങനെയാണു്? പുരാതന കവികളുടെ നിരങ്കുശമായ ഗതി ശാസ്ത്രസങ്കേതങ്ങളെ അതിലംഘിച്ചു പ്രവഹിച്ചതുകൊണ്ടിന്നു കാരണമെന്നനുമിക്കേണ്ടിയിരിക്കുന്നു. സംസ്കൃതകവികളെ അനുകരിച്ച കേരളീയ കവികളും ഇപ്രകാരം സ്വാതന്ത്ര്യം കാണിച്ചതായിരിക്കണം.

"ഏകോഹിദോഷോ ഗുണസന്നിപാതേ-
നിമജ്ജതിന്ദോഃ കിരണേഷിവാങ്കഃ"

എന്നുണ്ടല്ലൊ. ഒരുകപ്പാടെ നോക്കുമ്പോൾ പുനത്തിന്റെ കൃതികൾ പരമരസപ്രദായിത്വംകൊണ്ട് സഹൃദയലോകത്തിന്റെ നിത്യാരാധനയ്ക്കർഹങ്ങളാണെന്നുള്ളതിനു തർക്കമില്ല. അവയിൽ രാമായണചമ്പുവിനാണു മികച്ച സ്ഥാനം. അതു് മണിപ്രവാള ഭാഷയുടേയും സാഹിത്യത്തിന്റേയും വിജയവൈജയന്തിയായി പരിലസിക്കുന്നുവെന്നു പറയാം. സഹൃദയഹൃദയാകർഷകമായ രീതിമാധുര്യം, ഉല്ലേഖനവൈചിത്ര്യം, പ്രശംസാർഹമായ ഔശയസമ്പത്ത്, അജയ്യമായ ശയ്യാഭംഗി, ശബ്ദാർത്ഥാലങ്കാരങ്ങളുടെ സമീചീനമായ മേളനം, കവിസംകേതങ്ങളുടെ മധുരസുന്ദരമായ വിലാസം, ഇങ്ങനെ പലവിധ സാഹിത്യവിഭവങ്ങൾകൊണ്ടു് പുനത്തിന്റെ കൃതികൾ അത്യുൽകൃഷ്ടങ്ങളായിരിക്കുന്നു. പൗരസ്ത്യവും പാശ്ചാത്യരുമായ നിരൂപകന്മാരുടെ നിർവചനങ്ങളനുസരിച്ചു് ഒരു കാവ്യത്തിനു സിദ്ധിക്കേണ്ടതായ യോഗ്യതകൾകൊണ്ടും പുനത്തിന്റെ കൃതികൾ ശോഭിക്കുന്നുവെന്നു് പറയാം. ഇപ്രകാരം ബഹുധാ പ്രശംസാർഹങ്ങളാണു് പുനത്തിന്റെ കൃതിരത്നങ്ങൾ. അവ കൈരളിയുടെ അമൂല്യ സമ്പാദ്യങ്ങളുമാണു്.

ഇനി പ്രസിദ്ധീകരണങ്ങളിൽ കാണുന്ന പാഠഭേദങ്ങളെപ്പറ്റി ആലോചിക്കാം. ഭാഷാരാമായണചമ്പുവിനു ധാരാളം പാഠഭേദങ്ങൾ കാണുന്നുണ്ടു്. തിരുവനന്തപുരം ക്യൂറേറ്റർ ആഫീസ്സ്, കൊച്ചീരാജ്യാ പരിഷ്കരണക്കമ്മിറ്റി ഇങ്ങനെ രണ്ടു സ്ഥാന

ങ്ങളിൽനിന്നും രാമായണചമ്പു പ്രസിദ്ധം ചെയ്തിട്ടുണ്ട്. കൃറേറർ ആഫീസിൽനിന്നും, രാമായണചമ്പുവിന്റെ എല്ലാഭാഗങ്ങളും, കൊച്ചി ഭാഷാപരിഷ്കരണക്കമ്മിറ്റി യിൽനിന്നും, രാവണോത്ഭവം വിദ്വാന്മാരിഷേകം, സുഗ്രീ വസഖ്യം, ഉദ്യാനപ്രവേശം, അംഗുലീയാങ്കം പ്രഥമഭാഗം ഇത്രയും ഭാഗങ്ങളും പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഗദ്യപദ്യ ങ്ങൾക്കുപലതിനും തമ്മിൽ പാഠഭേദം കാണുന്നുണ്ട്. അവയെല്ലാം ഒത്തുനോക്കി സഹൃദയന്മാർ വ്യുത്പാദമുള്ളവ ധരിക്കേണ്ടതാകുന്നു. വളരെ കുറച്ചുമാത്രം ഇവിടെ കാണിക്കാം. ഇതേപ്പറ്റി മഹാകവി ഉള്ളൂർ അവർകളും അദ്ദേഹത്തിന്റെ 'ഭാഷാചമ്പുക്കൾ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്ന ഭാഗം ശ്രദ്ധാർഹമാണ്:—"കേതുവാ വണങ്ങി ഘടിതാഞ്ജലി രഞ്ജസാ" എന്ന തിരുവിതാംകൂർ പുസ്തകത്തിൽ തുടങ്ങുന്ന പദ്യം 'കേതുവാഭിവന്ദ്യഘടി താഞ്ജലിരഞ്ജസാ' എന്നാണ് കൊച്ചിയിലെ പുസ്തകത്തിൽ അച്ചടിച്ചുകാണുന്നത്. രണ്ടാമത്തേതാണ് ശുദ്ധമായ പാഠം എന്നുള്ളതിനെപ്പറ്റി ശങ്കിക്കേണ്ടതില്ല. അതു പോലെ അംഗുലീയാങ്കത്തിൽ 'കിഷ്കിന്ധാഗോപുരേ ചെന്നിടിരവപടഭിസ്സൗമനസ്യൻജ്യാനിനാഞ്ഞൈ — കൈക്കീഴ്മേലിളക്കിക്കപിവരനൊടു സുഖ്യാന്ധനോടേവ മുചേ" എന്ന തിരുവിതാംകൂർ പുസ്തകത്തിലും, "കിഷ്കി ന്ധാഗോപുരേചെന്നഖിലകപികുലം മണ്ടുമാറുതിമത്താ —നൊക്കെപ്പുറപ്പെടുവിറച്ചുങ്ങിളക്കിമറിവൊളം കാർമ്മുകം ജ്യാനിനാഞ്ഞൈ" എന്ന കൊച്ചി പുസ്തകത്തിലും കാണുന്ന പാഠങ്ങളിൽ ആദ്യത്തേതുതന്നെയാണ് അങ്ഗീകാര്യ മായുള്ളതു്. തിരുവിതാംകൂറിൽ മുദ്രിതമായ രാവണോ

തഭവം പ്രബന്ധത്തിലെ "ലോകാനാമേകനാഥം" എന്ന മംഗളശ്ലോകവും "അന്യോന്യാലോകിതൗതാവസുരസുര ഗുരുഎന്ന രാവണജാതകശ്ലോകവും മറ്റും കൊച്ചിയിലേ പാഠത്തിലില്ല. ഉദ്യാനപ്രവേശത്തിൽ സീതയോടുള്ള രാവണന്റെ അനുനയവാക്യം കൊച്ചിയിലേ പാഠത്തിൽ തിരുവിതാംകൂറിലേതിനേക്കാൾ ദീർഘമാണു്. ആ ഘട്ടത്തിൽ തിരുവിതാംകൂർ പാഠത്തിൽ കാണാത്ത ശ്ലോകങ്ങൾ രണ്ടുമുണ്ടെന്നുള്ളതുകൊണ്ടു താഴെ ഉദ്ധരിക്കാം:—

കയ്യുണ്ടാലിംഗനത്തിന്നിരുപതു, വദനം-
ചുംബനത്തിന്നുമേളം
പെയ്യും വക്ത്രങ്ങൾ, പത്തഞ്ജനശിഖരിതടാ-
ഭോഗിഭോന്തേരാളം
ശയ്യാമേരാജഹംസച്ചെറുചിറകുപതു-
പ്പിട്ട പത്തൻപതെന്നാ-
ലയ്യോ! സീതേ; മനോമോഹനതനുലതികേ!
ഞങ്ങളിൽക്കാങ്കതേടം"

'ഉണ്മാൻ കല്യാങ്ഗി, പൊന്നിൻതളികകളിലം-
ശങ്ങളോരോന്നുമമ്മാ!
രമ്യംപാനംപയോജപ്രതികൃതിവദനേ,
പത്തുമന്യൂനഭേദം,
പൊന്മാടത്തിന്നുമേലേ മണിനിലയിലിരി-
പ്പാലവട്ടം പിടിപ്പാൻ.
പെണ്മാനേൽക്കണ്ണിമാരുണ്ടനവധിസുഖമോ-
ത്തീടുസീതേ, തടാനീം.'

കഷ്ടം കാട്ടാമണക്കിന്നിലയിലശനമ-
പ്പൂച്ചകാക്കാനിവറെറ-
ച്ചുട്ടുപൊന്തപ്പുകയുകയറി, ചെറുതകര-
ച്ചാറുപാനീയസാരം;
നഷ്ടാശങ്കം തൃണാംകുരലിലുടഗിരി-
പ്പങ്ങളെങ്ങും നരിച്ചിൽ
വട്ടത്തിൽപ്പാഞ്ഞു! വീയും തവ സഹചരനോ-
ർത്തിടുമീതേ, വിശേഷം.

ഇവയ്ക്കു രാമായണചമ്പുവിലെ ഇതര പദ്യങ്ങളോടുള്ള സാജാത്യം പ്രത്യക്ഷമാണ്. അംഗുലീയാങ്കത്തിലെ അഥ ദശരഥ വദനാരവിന്ദ' ഇത്യാദി സംസ്കൃതഗദ്യം കൊച്ചിയിലേ പാഠത്തിലില്ല. എന്നാൽ, തതോഭൈത്യബലമിവ പ്രകടതാരകം, ഭാരതസമരമിവ വർദ്ധമാനോലൂകകുലകളകളം, ധൃഷ്ടദ്യുമ്നം വീയുമിവ കണ്ണിതദ്രോണപ്രഭാവം' ഇത്യാദി തിമിരവർണ്ണനപരമായ മറെറാരു സംസ്കൃതഗദ്യം ഇതിൽ അന്യത്ര സ്ഥലം പിടിച്ചിരിക്കുന്നു. അതു സുബന്ധുവിന്റെ വാസവദത്തയിൽ നിന്നു് എടുത്തു ചേർത്തിട്ടുള്ളതാണു്.

"ഉണ്ടോ നമ്മൂരിമാരേ, മിലകിരിപഴി-
ക്കുന്നി, തിക്കാലമയ്യോ!
കണ്ടപ്പൻനട്ടഞാറുണ്ടഴകെഴുമടിയൻ-
കാപ്പുനാട്ടിൽപ്പുറമ്മേൽ
കണ്ടീലണ്ണാക്കലാക്ഷം ചിരികലി, ചുകമി-
ക്കാലമൊക്കെക്കഴിഞ്ഞു
ചണ്ടച്ചൈവമെന്തുകലിതികരയുഗം-
ചതുരാന്തേടന്മാർ."

എന്നൊരു സരസശ്ലോകം കൊച്ചിയിലെ അംഗ്ലീയാങ്കപാഠത്തിലുള്ളതു തിരുവിതാംകൂറിലെ പാഠത്തിൽ കാണുന്നില്ല. ഇനി ഈ രണ്ടു പുസ്തകങ്ങളിലും വിട്ടുപോയിട്ടുമുണ്ടെന്നുള്ളതിനു രണ്ടു ഉദാഹരണങ്ങൾ ഉദ്ധരിക്കാം. രാവണവധം പ്രബന്ധത്തിൽ രാവണവധാനന്തരം വിഭീഷ്ണൻ രാക്ഷസസ്ത്രീകൾക്കു നൽകുന്ന ശാസനത്തിൽ ഉൾപ്പെട്ടുന്നതാകുന്നു താഴെച്ചേർക്കുന്ന പദ്യം:—

"വാനോർമന്ദിരസുന്ദരീമണികളെ—
ച്ചെന്നങ്ങുനിഗ്രഹിതം
വേണിസീമ്നിപിടിച്ചിഴപ്പതിനൊരി—
ക്കാലുംനിനച്ചീടൊലാ
ചേണാർനന്ദനമാം നവോപവിപിനേ—
നില്ക്കുന്നകല്പദ്രുമ—
ശ്രേണിപേലവപല്ലവങ്ങളെനിത്യ—
ഡാശംതൊടായ്ക്കാതുമേ"

എന്ന പദ്യം ഒരു പഴയ താളിയോല ഗ്രന്ഥത്തിൽ കാണുന്നു" ണ്ടെങ്കിലും മഹാകവി അവർകൾ ഈദിപ്രായപ്പെട്ടുകൊണ്ടു്, അദ്ദേഹം ഇപ്രകാരം തുടരുന്നു:— "തിരുവനന്തപുരം വലിയ കൊട്ടാരം ഗ്രന്ഥപ്പുരയിലുള്ള അതി ജീർണ്ണമായ ഒരു ഗ്രന്ഥത്തിൽ ഘോരാര്യം ശശലക്ഷ്മണഃ കപിചകലം?" ഇത്യാദി വിക്രമോർവ്വശീയ പദ്യം അശ്വമേധ പ്രബന്ധത്തിൽ:— "കാമമപാപല്യമെങ്ങു? ദിവാനാഥവംശോന്നതിപ്രഭവിയെങ്ങു? മരിക്കുന്നതിനുമൊരിക്കൽ മമപ്രേയസീം കണ്മാനോ കണ്ണുകൊണ്ടിന്നിയും? കഷ്ടമിക്കാട്ടു പായുന്നതല്ലാമടക്കീടുവാന്നല്ലയോ പണ്ടു നമ്മെ പഠിപ്പിച്ചതു"? ഓരോ രഹസ്യ

ന്തരാ കോപശമത്തിടില്യം ശോഭനേം തന്മുഖം, ലോകർ നമ്മെപ്പഴിച്ചേ പറഞ്ഞിട്ടുമെന്നേതുമോത്തില്ല പേത്തും പ്രലാപാക്ഷരം ഇത്യാദി ഗദ്യത്രുപത്തിൽ സന്ദർഭോചിതമായ ഭേദത്തോട്ടുകൂടി പരാവർത്തനം ചെയ്കകാണുന്നു. ഇതു് അച്ചടിച്ച പുസ്തകത്തിലില്ല." "പലേ മാതൃകാഗ്രന്ഥങ്ങളും നിഷ്കൃഷ്ടമായി പരിശോധിച്ചു്, അവിടവിടെയായി ഗദ്യപദ്യങ്ങളിൽ കാണുന്ന പാഠാന്തരങ്ങളും ചൂണ്ടിക്കാണിച്ചു്, രാമായണചമ്പു ഇനിയും ഒന്നുകൂടി പ്രകാശം ചെയ്യേണ്ടതു് ആവശ്യകമാണു്" എന്നുള്ള സ്വാഭിപ്രായത്തെ പ്രകടമാക്കിയും, "ഈ വിഷയത്തിൽ ഇതിനു മുമ്പു തീവ്രമായി പരിശ്രമിച്ചു നമ്മെ ഇത്രയും ധന്യന്മാരാക്കിത്തീർത്തിട്ടുള്ള കെ. പി. അംബാര വാധ്യാരും, ശ്രീമാന്മാരായ ഡാക്ടർ കോളത്തേരി ശങ്കരമേനോൻ കനേഴത്തു പരമേശ്വരമേനോനും നമ്മുടെ കൃതകേതുമായ കൃതജ്ഞതയെ സവിശേഷം അർഹിക്കുന്നു" എന്നു പ്രസ്താവിച്ചുകൊണ്ടും ഈ പ്രകൃതം മഹാകവി അവർകളും ഉപസംഹരിച്ചിരിക്കുന്നു. "ശ്രീമൂലം ഗ്രന്ഥാവലിയിലെ രാമായണ ചമ്പു പുനത്തിന്റേതെന്നപോലെ കൃറേട്ടർ ആഫീസുകാരുടേയും കൃതിയാണു" എന്നു് പാഠഭേദങ്ങളെ വിമർശിച്ചുകൊണ്ടു മി. ആർ. നാരായണപ്പണിക്കർ അദ്ദേഹത്തിന്റെ കോളമോഷാ സാഹിത്യ ചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഏതായാലും ശുദ്ധമായ ഒരു പ്രസിദ്ധീകരണ വിഷയത്തിൽ സഹൃദയലോകം കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതു നന്നായിരിക്കുമെന്നുമാത്രം തല്ക്കാലം പ്രസ്താവിച്ചുകൊള്ളുന്നു.

ഉപസംഹാരം

കേരളീയരും പാരദേശികരും ആയ മഹാ പണ്ഡിതന്മാരുടെ അത്യുത്കൃഷ്ടമായ ബഹുമാനമാണു പുനം സമാഹരിച്ചിട്ടുള്ളതു്. കൈരളിക്കു മണിപ്രവാളരൂപത്തിലുണ്ടായ മഹാ പരിവർത്തനത്തിൽ പുനം ഗണനാർഹമായ ഒരു പങ്കുകാരനാണു്. അദ്ദേഹം സഹൃദയലോകത്തിന്റെ നിത്യപൂജയ്ക്കു ഏറ്റവും അർഹനും കേരളസാഹിത്യചരിത്രത്തിൽ സർവ്വപ്രധാനമായ സ്ഥാനമുള്ള ഒരു മഹാകവിയും ആകുന്നു. സംസ്കൃതമലയാളഭാഷകളിലെന്നപോലെ വൃത്തങ്ങളിലും നിരങ്കുശമായി വിഹരിച്ചു വിജയം നേടാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. കൊല്ലവർഷം ഏഴാം ശതകത്തിൽ 'പുനം' എന്ന പേരിൽ ഉദിച്ചുയർന്ന ഈ നമ്പൂതിരി ഉഭയകവീശ്വരനും ഒന്നരക്കവിയും ആയ ഒരു പണ്ഡിതപ്രകാണ്ഡമായിരുന്നു സരസമായ സാഹിത്യം സജീവമാണെന്നുള്ളതിനു് അദ്ദേഹത്തിന്റെ ഭാഷാരാമായണചമ്പുതുടങ്ങിയ കാവ്യങ്ങൾ ഉത്തമ ദൃഷ്ടാന്തങ്ങളത്രേ. കാവ്യസാമഗ്രികളുടെ കലാസുന്ദരമായ മേളനരംഗങ്ങളാണു് പുനത്തിന്റെ കൃതികൾ. കൈരളീമാതാവു പരമധന്യതന്നെ. ക്ഷുപ്പകൈ!!

വിജയിപ്പുതാക!

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
0002332O
T59 K90

നല്ല

രസബിന്ദു	വില	ര. 0-12
കലാവതി	,,	0-12
(ജഗതി എൻ. കെ. ആചാരി)		
രമണി (രമണന്റെ മറുവശം)	,,	1
(മിസ്സസ് സുന്ദരം)		
വേലക്കാരി	,,	1
(ഡാക്ടർ എൻ. സി.)		
തേജഃപുഞ്ജങ്ങൾ	,,	1
(പാറയിൽ ക്ഷംസുദ്ദീൻ)		
പതിദേവത	,,	1
(പട്ടം ഗോപാലൻനായർ)		
മുരളീഗാനം	,,	1-8
(എൻ. പി.)		
ഭഗ്നഹൃദയം	,,	1-8
(കുറിച്ചിത്താനം ശിവരാമപിള്ള)		

അപേക്ഷിക്കുക:—

ശ്രീവിലാസ് പ്രസ്സ് & ബുക്കുഡിപ്പോ

തിരുവനന്തപുരം